കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പറ്റ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.) എം.3-1014/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്,
കൽപ്പറ്റ – പിൻ 673121
ഫോൺ: 04936-203672

തീയതിഃ 03/02/2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
വയനാട് ജില്ല.

ചെയർപേഴ്സൺ
കൽപ്പറ്റ നഗരസഭ.
(സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം :-കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ജില്ലാ ഓഡിറ്റ് കാര്യാലയം ,വയനാട്- കൽപ്പറ്റ നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-13,1-14,1-15,1-16,1-17,1-33,1-41,1-44 ഭാഗം 3 ലെ 3-5 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പുകൾ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15 കാണുക).

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.) എം.3-1014/19

തീയതി: 03/02/2020

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുൻസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13,1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2018 മുതൽ 30.09.2019 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് .45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട

നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി . മോഹനൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2019 മുതൽ 05.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അഗസ്റ്റ്യൻ.ഒ.കെ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീ നവാസ് കെ. എം, അസി . ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിന്ദു.കെ. കെ, അസി . ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഡേവിഡ്.കെ.വി അസി . ഓഡിറ്റ് ഓഫീസർ |
| | ശ്രീ . സമീർ എം സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സൌമ്യ ജോൺ,ഓഡിറ്റർ |
| | ശ്രീമതി ഇന്ദു. കെ.നായർ , ഓഡിറ്റർ |
| | ശ്രീമതി റ്റിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർ പേഴ്സൺ | ശ്രീമതി ബിന്ദു ജോസ് (ആക്റ്റിംഗ് ചെയർ പേഴ്സൺ ) | 01.04.2018 |
| ചെയർ പേഴ്സൺ | ശ്രീമതി.സനിത ജഗദീഷ് | 02.04.2018 മുതൽ 31.03.2019 വരെ |
| വൈസ് ചെയർ പേഴ്സൺ | ശ്രീ.രാധാകൃഷ്ണൻ | 02.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ . കെ.ജി. രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീ . രാമുണ്ണി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. പ്രദീപ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ സൂപ്രണ്ട് , ജനറൽ ഹോസ്പിറ്റൽ | ഡോ. അശ്വതി മാധവൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഭാവ എം. പി | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ | ശ്രീ സജീവൻ പി.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ബാബുരാജ് എം. എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | ശ്രീ. ബാബു പ്രസാദ് | 01.04.2018 മുതൽ 03.07.2018 വരെ |
| | ശ്രീ സലീം | 04.07.2018 മുതൽ 07.02.2019 വരെ |
| | ശ്രീ ജംഷീദ് | 08.02.2019 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ റ്റി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി – ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള61,83,134,രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-12 |
| 13 | വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായില്ല | 1-13 |
| 14 | തൊഴിൽനികുതി – ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല | 1-14 |
| 15 | തൊഴിൽനികുതി – കുടിശ്ശിക രജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-15 |

| | | |
|---|---|---|
| 16 | തൊഴിൽനികുതി – വാർഷിക കണക്കും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-16 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | നഗരസഭാ പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്രേഡേഴ്സിൽ നിന്നും നികുതി ഈടാക്കാത്തതുമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-18 |
| 19 | ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-19 |
| 20 | വാടക/ലേലം ഇനങ്ങളിലെ മുഴുവൻ കുടിശ്ശിക തുകയും ലഭ്യമായിട്ടില്ല | 1-20 |
| 21 | തെരുവ് വിളക്ക് പരിപാലനം – വാർഷിക മെയിന്റനൻസ് കോൺട്രാക്ട (AMC) നൽകിയതിലെ അപാകതകൾ | 1-21 |
| 22 | ലൈഫ് ഒന്നാം ഘട്ടം – പൂർത്തീകരിക്കാൻ ബാക്കിയുള്ള ഭവനങ്ങളുടെ പൂർത്തീകരണം – പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ | 1-22 |
| 23 | പട്ടികവർഗ്ഗക്കാർക്കുള്ള ലൈഫ് ഭവന പൂർത്തീകരണ പദ്ധതി നടത്തിപ്പ – രേഖകൾ സൂക്ഷിച്ചതിലും ,പദ്ധതി നടപ്പാക്കിയതിലും അപാകങ്ങൾ | 1-23 |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചെലവഴിച്ച തുക നിരാകരിക്കുന്നു | 1-24 |
| 25 | ശുചിമുറി നിർമ്മിക്കാതെ ശുചിമുറിക്ക് വകയിരുത്തിയ തുക അനുവദിച്ചതിനാൽ നഷ്ടം | 1-25 |
| 26 | പി.എം.എ.വൈ രേഖകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ – വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 27 | ലൈഫ് ഭവന പദ്ധതി പൂർത്തീകരണം – പൂർത്തീകരിക്കാത്ത വീടുകൾക്ക് തുക അനുവദിച്ചതിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയതിനാൽ തുക അധികം നൽകി. | 1-27 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് | 1-28 |

| | | |
|---|---|---|
| | അക്കൗണ്ടിൽ നഗരസഭയുടെ കണക്കുകളിൽപ്പെടാത്ത തുക സൂക്ഷിക്കുന്നു | |
| 29 | നഗരസൗന്ദര്യവത്കരണം – തുക വിനിയോഗ സാക്ഷ്യപത്രവും ,ഭൗതികനേട്ട റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. | 1-29 |
| 30 | നിഷ്ക്രിയ ആസ്തികൾ – നഗരഫണ്ട് പാഴാകുന്നു. | 1-30 |
| 31 | നിയമ വിരുദ്ധമായ നിർമ്മാണം പൊളിച്ചുമാറ്റിയത് - ചെലവ് ഉത്തരവാദികളിൽ നിന്നും ഈടാക്കണം | 1-31 |
| 32 | കരിങ്കൽ കെട്ട് തകർന്നത് കരാറുകാരന്റെ ചെലവിൽ പുന:സ്ഥാപിച്ചില്ല | 1-32 |
| 33 | കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭ ഫണ്ട് നഷ്ടപ്പെടുന്നു | 1-33 |
| 34 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു | 1-34 |
| 35 | കരാറുടമ്പടി പ്രകാരം കരാറുകാർക്ക് പരാമവധി നൽകാവുന്നതിലും അധിക തുക നൽകി | 1-35 |
| 36 | ടെണ്ടർ നടത്താതെ കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി. | 1-36 |
| 37 | നഗരസഭ ഫണ്ടിന്റെ ദുർവിനിയോഗം | 1-37 |
| 38 | ടെണ്ടർ ബിലോ കുറവു ചെയ്തത് കുറവ്. | 1-38 |
| 39 | ടൗൺ ഹാൾ നിർമ്മാണം - തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-39 |
| 40 | ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി റോഡ് മെറ്റലിംഗ് നടത്തി. | 1-40 |
| 41 | കരാറുടമ്പടിവെച്ച് ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തില്ല. | 1-41 |
| 42 | മാലിന്യം തരം തിരിച്ച് ശേഖരിക്കൽ - ബക്കറ്റ് വാങ്ങൽ -പദ്ധതി നടപ്പിലാക്കിയിട്ടില്ല | 1-42 |
| 43 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് -അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ യന്ത്ര സാമഗ്രികൾ | 1-43 |

| | | |
|---|---|---|
| | സപ്പെ ചെയ്യുന്നതിനായി മുൻകൂർ തുക നൽകി | |
| 44 | അഗതി ആശ്രയ പദ്ധതി -1.10 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-44 |
| 45 | വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ -മുൻകൂർ തുക നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-45 |
| 46 | അനുപൂരക പോഷകാഹാര പദ്ധതി -പ്ളാൻ ഫണ്ടിൽ നിന്നും അധികച്ചെലവ് | 1-46 |
| 47 | എെ.സി.ഡി.എസ്. സൂപ്പർവൈസർ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല | 1-47 |
| 48 | അഗതികൾക്കായുള്ള 'തണലോരം' ഹോം നിർമ്മാണം - പദ്ധതി പൂർത്തീകരിട്ടില്ല . | 1-48 |
| 49 | വൈദ്യുതി ചാർജ്ജ് , പൊതു ടാപ്പുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല. | 1-49 |
| 50 | താത്കാലിക അനുമതി ലഭിച്ച സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി കാലാവധി നിശ്ചയിക്കാതെയും മാനദണ്ഡം പാലിക്കാതെയും ദിവസവേതനത്തിന് ആളുകളെ നിയമിച്ച് അധിക തുക നൽകി | 1-50 |
| 51 | പ്രത്യേക ആവശ്യങ്ങൾക്കായി ഏജൻസികളും വകുപ്പും നൽകുന്ന തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-51 |
| 52 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയത് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്ക് വിനിയോഗിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് 2.36 കോടി | 1-52 |
| 53 | തനത് ഫണ്ട് വൗച്ചറുകൾ രേഖകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-53 |
| 54 | ഹരിത കർമ്മസേനയുടെ പണം പിരിവിലും ഒടുക്കലും ക്രമപ്രകാരമല്ല- പിരിച്ചെടുത്ത 1,99,163/- രൂപ അടവാക്കാൻ ബാക്കി നിൽക്കുന്നു | 1-54 |
| | ഭാഗം 2 | ഇല്ല |
| | ഭാഗം 3 | |

| | | |
|---|---|---|
| | ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 55 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-1 |
| 56 | ശുചിമുറി നിർമ്മിക്കാതെ ശുചിമുറിക്ക് വകയിരുത്തിയ തുക അനുവദിച്ചതിനാൽ നഷ്ടം | 3-2 |
| 57 | ടെണ്ടർ ബിലോ കുറവുചെയ്ത്ത് കുറവ്. | 3-3 |
| 58 | നഗരസഭ ഫണ്ടിന്റെ ദുർവിനിയോഗം | 3-4 |
| 59 | തെരുവ് വിളക്ക് പരിപാലനം - വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകിയതിലെ അപാകതകൾ | 3-5 |
| 60 | ലൈഫ് ഭവനപദ്ധതി -ഭവനപൂർത്തീകരണം- പട്ടികവർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ നഷ്ടം-611421 രൂപ | 3-6 |
| 61 | താൽക്കാലിക അനുമതി ലഭിച്ച സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി കാലാവധി നിശ്ചയിക്കാതെയും മാനദണ്ഡം പാലിക്കാതെയും ദിവസവേതനത്തിന് ആളുകളെ നിയമിച്ച് അധിക തുക നൽകി. | 3-7 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 62 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 63 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 64 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 65 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 66 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 67 | സ്ഥിര നിക്ഷേപം | 4-6 |
| 68 | ഓഡിറ്റ് റിക്കവറി | 4-7 |
| 69 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 70 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 71 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 72 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 73 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 74 | വാർഷിക കണക്കിലെ അപാകത | അനുബന്ധം-2 |
| 75 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | അനുബന്ധം-3 |
| 76 | തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരുടെ പട്ടിക | അനുബന്ധം-4 |
| 77 | നഗരസഭാ പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഒടുക്കാത്ത വ്യക്തികളുടെ പട്ടിക | അനുബന്ധം-5 |
| 78 | തൊഴിൽ നികുതി ഒടുക്കാത്ത കോൺട്രാകടേഴ്സിൻെറ പട്ടിക | അനുബന്ധം-6 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 27.02.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട് .ബജറ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

- വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ, വിവിധ സെക്ഷനുകൾ , ഘടക സ്ഥാപനങ്ങൾ എന്നിവർ ബജറ്റ് ശുപാർശകൾ സമർപ്പിച്ചിട്ടില്ല.(കേരള മുൻസിപ്പാലിറ്റി നിയമം , വകുപ്പ് 286 ).
- ബജറ്റിൽ യാഥാർത്ഥ ബോധ്യത്തോടു കൂടിയ വരവ് തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. 2018 -19 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം 1401101 ഹെഡിൽ (ഡി & ഒ ലൈസൻസ് ഫീസ് ) വരവ് പൂജ്യമായിട്ടാണ് കാണിച്ചിരിക്കുന്നത് ( (കേരള മുൻസിപ്പാലിറ്റി നിയമം , വകുപ്പ് 293(3) കാണുക )( 2017-18 ൽ ഈ ഹെഡിൽ 20,85,634 രൂപയുണ്ട് ).
- സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ചതിന് ശേഷം മാത്രമേ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാവൂ. എന്നാൽ താഴെ പറയുന്ന ഇനങ്ങളിൽ ബജറ്റ് പ്രകാരമുള്ള ചെലവു തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു.(കേരള മുൻസിപ്പാലിറ്റി നിയമം , വകുപ്പ് 293(6) കാണുക )

| ഇനം | ബജറ്റ് | എ.എഫ് .എസ് |
|---|---|---|
| യാത്രാബത്ത (2102001) | 85,000 | 1,37,155 |
| മറ്റ് അലവൻസുകൾ (2102002) | 35,000 | 40,212 |
| നിയമം ( കേസ് നടത്തിപ്പ് ചാർജ്ജ് ) 2205101 | 1,10,00 | 1,45,150 |
| ചെയർ പേഴ്സൺന്റെയും , കൗൺസിലറുടെയും വാഹന മെയിന്റനൻസ് & ഇന്ധന ചെലവുകൾ ) 2208001 | 1,09,000 | 1,10,936 |
| പലവക ഭരണചെലവുകൾ (2208099) | 17,00,000 | 17,45,647 |

മേൽ അപാകതകൾക്ക് വിശദീകരണവും, അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹14,31,65,366 |
| വരവ് | ₹29,90,10,737 |
| ആകെ | ₹44,21,76,103 |
| ചെലവ് | ₹30,09,11,420 |
| നീക്കിയിരിപ്പ് | ₹14,12,64,683 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കി ബാക്കി₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | | 43622313 | 43622313 | 42421657 | 1200656 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 9331000 | 9331000 | 9330990 | 10 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 12890000 | 12890000 | 11459243 | 1430757 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 14256000 | 14256000 | 14192489 | 63511 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 9021000 | 9021000 | 6167982 | 2853018 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 59006665 | 59006665 | 41105015 | 17901650 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3310920 | 12340329 | 15651249 | 10040452 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 21,42,36,034 | 262 | 12,46,77,376 | 0 | 09 | 58.2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2186076 | 8084192 | 10270268 | 7655447 | 2614821 |

ക്യഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ നൽകിയിട്ടുള്ളത് . വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് (2180236/- രൂപ ), വരവ് ( 74,18,702 രൂപ ) , നീക്കിയിരിപ്പ് (26,06,981 രൂപ )എന്നിവ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98,760 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 26,66,900 | 240 |
| വിധവാപെൻഷൻ | 1,50,41,900 | 1286 |
| വാർദ്ധക്യകാലപെൻഷൻ | 1,80,19,300 | 1709 |
| വികലാംഗപെൻഷൻ | 32,93,400 | 302 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3,00,000 | 10 |

തൻവർഷം ഈയിനത്തിൽ ചെലവഴിച്ച തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. നഗരസഭയിലെ അനുബന്ധ സെക്ഷനിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7002രൂപ(ഏഴായിരത്തി രണ്ട് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭ നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ഗുണഭോക്തൃലിസ്റ്റ് വാർഡ് സഭ അംഗീകരിക്കുകയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ നടത്തിയതായി മിനിട്സിൽ കാണുന്നില്ല.

ഓഫീസ് മീറ്റിംഗുകൾ ഇടയ്ക്കിടെ കൂടുകയും പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. എന്നാൽ രേഖകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളോടൊപ്പം കുറിപ്പു ഫയലുകൾ സൂക്ഷിക്കാത്തതിനാലും പേജ് നമ്പർ ഇട്ട് ക്രമത്തിൽ അടുക്കി സൂക്ഷിക്കാത്തതിനാലും അവ പരിശോധിക്കുന്നതിലും കാര്യങ്ങളുടെ കൃത്യത മനസ്സിലാക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിലും വീഴ്ചയുണ്ട്. പ്രതിമാസ വരവ് ചെലവ് പത്രികകൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിശ്ചിത സമയത്ത് വാങ്ങുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നില്ല. അക്കൗണ്ടിംഗ് ജോലികൾ, ഡാറ്റാ എൻട്രി ജോലികൾ എന്നിവയിൽ ഇനിയും ജാഗ്രത ചെലുത്തേണ്ടതുണ്ട്. ഇതിലെ പിഴവുകൾ നിമിത്തം വാർഷിക കണക്കുകളിലെ വിവരങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും ഒത്തുനോക്കുന്നതിന് സാധിക്കാതെ വരുന്നു. നിലവിലെ ജീവനക്കാരുടെ ജോലിവിഭജനം സംബന്ധിച്ച വിശദമായ ഓഫീസ് ഉത്തരവ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.ജോലിവിഭജനം സംബന്ധിച്ച് വിശദമായ ഓഫീസ് ഓർഡർ സൂക്ഷിച്ചിട്ടില്ല.

തനതുഫണ്ട് അക്കൌണ്ടിൽ നിന്നുള്ള ചെലവുരേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ ഉണ്ട്.വൌച്ചറുകളിലെ തുകയും ബാങ്ക് ബുക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.മുൻകൂർ ക്രമീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.വിവിധ പദ്ധതികൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ തനതുഫണ്ട് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2015 – 18.06.2014 | 2012-13 – 2014-15 | 11.05.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 – 01.01.2019 | 2016-17 – 2017-18 | 28.01.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ സാക്ഷ്യപത്രം കെ.എസ്.എ.ഡബ്ല്യു.വൈ.ഡി എം2- 651/19 തിയ്യതി 24/08/2019 ആയി പുറപ്പെവിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾ അനുബന്ധം 2 ആയി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 1-12 വസ്തുനികുതി - ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള 61,83,134 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി രജിസ്റ്ററുകൾ,അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1) ഓഡിറ്റിന് ഹാജരാക്കിയ വാർഡ് തല ഡിമാന്റ് രജിസ്റ്ററുകളുടെ സംക്ഷിപ്തം അനുസരിച്ച് 2018-19 ൽ വസ്തുനികുതി ഡിമാന്റ് 2,69,98,134 രൂപയും വാർഷിക കണക്ക് പ്രകാരം ( I-1 – 110010100 ) 2,08,15,000/- രൂപയുമാണ്. രജിസ്റ്റർ പ്രകാരമുള്ള ആകെ തൻവർഷ ഡിമാന്റിൽ 61,83,134 രൂപ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 61,83,134 രൂപ വസ്തുനികുതിയിനത്തിൽ കുറവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2)വസ്തുനികുതിയിനത്തിലെ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,91,83,649/- രൂപയും, ഡി.സി.ബി സംക്ഷിപ്ത പ്രകാരം 1,93,31,175 രൂപയുമാണ്. 1,47,526രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3) വസ്തുനികുതിയിനത്തിലെ ബാലൻസ് വാർഷിക കണക്ക് പ്രകാരം 17,21,313/- രൂപയും, ഡി.സി.ബി സംക്ഷിപ്ത പ്രകാരം 70,97,015 രൂപയുമാണ്. 53,75,702/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3)വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4)മുൻ വർഷത്തെ വസ്തുനികുതി ഡിമാന്റിനേക്കാൾ തൻവർഷ ഡിമാന്റിൽ കുറവ്ഃ- 2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം ( I-1 – 110010100 ) വസ്തുനികുതി ഡിമാന്റ് 2,15,23,467രൂപയും, 2018-19 ൽ 2,08,15,000/- രൂപയുമാണ്.ഡിമാന്റിൽ കുറവ് വന്ന 7,08,467 രൂപയുടെ ആധികാരികത ബോധ്യപ്പെടുത്തുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും, അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ കൗൺസിലുകളിൽ തറ വിസ്തീർണ്ണ അടിസ്ഥാനത്തിലുള്ള പുതുക്കിയ വസ്തു നികുതി നിരക്കുകൾ 14.01.2011 മുതൽ നിലവിൽ വന്നു. 01.12.13 ലെ സ.ഉ (എം.എസ്) 371/13/തസ്വഭവ പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലെ നികുതിദായകർക്ക് 01.04.2013 മുതലും ബാധകമാക്കി.

വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് കൽപ്പറ്റ നഗരസഭ കൗൺസിലിന്റെ 31.01.2012ലെ 11 നമ്പർ തീരുമാനപ്രകാരം 01.02.2012 ന് വിജ്ഞാപനം പ്രസിദ്ധീകരിച്ചു . അതാതു കാലത്തുള്ള നഗരസഭ കൗൺസിലുകൾ അന്തിമ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ നീട്ടി കൊണ്ടു പോവുകയും അവസാനം നഗരസഭ കൗൺസിലിന്റെ 21.07.2016 ലെ 17ാം നമ്പർ തീരുമാനപ്രകാരം വസ്തുനികുതി അന്തിമ നിരക്ക് 01.04.2011 ന് പ്രാബല്യത്തിൽ വരുന്ന രീതിയിൽ അംഗീകരിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് നിലവിൽ വന്ന് അഞ്ചര വർഷത്തിലേറെ കഴിഞ്ഞാണ് കൗൺസിൽ വസ്തുനികുതി

അന്തിമ നിരക്ക് അംഗീകരിക്കുന്നത്. 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1ആയി പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നു. 6.3.2019 ലെ സ.ഉ(സാധാ ) നം.540/2019/ത.സ്വ.ഭ.വ പ്രകാരം നഗരസഭകളിലെ വസ്തുനികുതി പരിഷ്ക്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിയിക്കുകയും കുടിശ്ശിക തുകയ്ക്ക് പിഴ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് . മേൽ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയാകാത്ത നഗരസഭകളിലെ എല്ലാ കെട്ടിടങ്ങളുടെയും വിവര ശേഖരണം ,ഫോറം 6 ലെ ഡാറ്റാ എൻട്രി , വെരിഫിക്കേഷൻ , അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടി ക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്.

വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വിവര ശേഖരണം ,ഫോറം 6 ലെ ഡാറ്റാ എൻട്രി , വെരിഫിക്കേഷൻ , അപ്രൂവൽ എന്നീ നടപടികൾ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൽപ്പറ്റ നഗരസഭയുടെ സെക്രട്ടറിയുടെ 19.10.2019 ലെ ആർ1/6417/06-ാം നമ്പർ ഉത്തരവിൽ 14,15 എന്നീ വാർഡുകളിലെ ഡാറ്റാ കളക്ഷൻ മുതൽ പൂർത്തീകരിക്കാനുണ്ടെന്നും മറ്റ് വാർഡുകളിലെ ഡാറ്റാ എൻട്രി,വെരിഫിക്കേഷൻ ,കളക്ഷൻ എന്നിവ 20.11.2019 നകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കാലവിളംബം മൂലം മുനിസിപ്പാലിറ്റിക്ക് വസ്തുനികുതി വരുമാനത്തിൽ വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 539 പ്രകാരം കുടിശ്ശിക ആയ തിയ്യതി മുതൽ മൂന്ന് കൊല്ലത്തിനുശേഷം,യാതൊരു ജപ്തിയും ചെയ്യുകയോ, യാതൊരു വ്യവഹാരവും നടത്തുകയോ, യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി ചെയ്യാൻ പാടുള്ളതല്ല. ആയതിനാൽ വസ്തു നികുതി പരിഷ്ക്കരണം നടപ്പിലാക്കുന്നതിലെ കാലതാമസ്സം മൂലം മുനിസിപ്പാലിറ്റിക്കുണ്ടാകുന്ന നഷ്ടത്തിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാവുന്നതാണ്.

## 1-14 തൊഴിൽ നികുതി-ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല

നഗരസഭ തൊഴിൽനികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് രേഖകൾ കൃത്യമായി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.കണക്കുകൾ സൂക്ഷിക്കുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്.ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതിയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡി.സി.ബി രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ( 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലേത്) എഴുതി കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം(നം. 14/2018-19, dt 31.10.2019) ,ഓഡിറ്റ് റിക്വിസിഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ,ഹാജരാക്കിയ രേഖകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

i. ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയെങ്കിലും ആയത് പൂർണ്ണമല്ല.

ii. എല്ലാ പേജുകളിലും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Iii. ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

iv. മുൻ വർഷങ്ങളിലെ തൊഴിൽ നികുതി അടക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളെ തൻവർഷത്തെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലേക്ക് കൊണ്ടുവന്നിട്ടില്ല. തൻവർഷം

മുൻവർഷത്തെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് കുടിശ്ശിക രജിസ്റ്റർ എഴുതിയിരിക്കുന്നത്.

v. 2018-19 ലെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായിട്ടും എഴുതിയിട്ടില്ല.

എന്നാൽ ഓഡിറ്റ് എൻകയറി നം. 14/18-19 dt. 31.10.2019 ന് നൽകിയ മറുപടിയിൽ എല്ലാ ഡിമാന്റ്, കുടിശ്ശിക രജിസ്റ്ററുകളും എഴുതി പൂർത്തിയാക്കിയത് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി-കുടിശ്ശിക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

നഗരസഭ നിലവിലൽ 2019-20 വർഷത്തെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2018-19 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2055 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയുടെ കുടിശ്ശിക ഈടാക്കാനുണ്ട്. മേൽ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ സംക്ഷിപ്തം എഴുതി പൂർത്തീകരിക്കുകയോ സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ രജിസ്റ്റർ നാളിതുവരെയായി ആരും പരിശോധിച്ചിട്ടില്ല.

2017-18 ലെ കുടിശ്ശിക രജിസ്റ്റർ പ്രകാരം 2008 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കാനുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ലിസ്റ്റിലെ പണം ഒടുക്കി എന്ന് രേഖപ്പെടുത്തുകയോ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് രേഖപ്പെടുത്തകയോ ചെയ്യാത്ത സ്ഥാപനങ്ങൾ 2018-19 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല. മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി-വാർഷിക കണക്കുകളിലെ തുകകളും ഡിസിബി രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

എ) ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച് എ.എഫ്.എസ്, ഡി.സി.ബി രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| എ.എഫ്.എസ് പ്രകാരം | 11600507(I-1) | 11438807(RP-1) |
| ഡി.സി.ബി രജിസ്റ്റർ പ്രകാരം | 11454630 | 11454630 |
| വ്യത്യാസം | 145877 | -15823 |

മേൽവ്യത്യാസം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ,തൻവർഷത്തെ തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്ററിൽ ആകെ കളക്ഷൻ തന്നെയാണ് ഡിമാന്റ് എന്നും ,ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ വരവ് [ 11295410+159220(arrear)] 11454630/- രൂപയാണ് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. കൂടാതെ 1,45,877 രൂപയുടെ വ്യത്യാസം പരിശോധിച്ച് അറിയിക്കുന്നതാണ് എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.നഗരസഭ തന്നെ വ്യത്യാസം സംഭവിച്ചുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഈ വ്യത്യാസം എന്താണെന്ന് പരിശോധിച്ച് നഷ്ടം ആണെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സിൽ നിന്നുമുള്ള തൊഴിൽ നികുതി തുകകളിൽ വാർഷിക കണക്കിലെ ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകയും ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകയും പൊരുത്തപ്പെടുന്നില്ല. വിവരം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ് പ്രകാരം | 3552970 | 2613870 | 946150 |
| ഡി.സി.ബി രജിസ്റ്റർ പ്രകാരം | 4250280 | 2710630 | 1539650 |
| വ്യത്യാസം | 697310 | 96760 | 593500 |

വ്യത്യാസം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം ന. 11/2018-19 dt.30.10.2019 ന് നൽകിയ മറുപടിയിൽ എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ് സാമ്പത്തിക വർഷം തുടക്കത്തിൽ അക്കൗണ്ട്സിൽ നൽകുന്നതാണെന്നും സാമ്പത്തിക വർഷം അവസാനമാകുമ്പോൾ ഡിമാന്റിൽ മാറ്റം വരുമെന്നും ആയത് പരിശോധിച്ച് മറുപടി നൽകുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ ഡിമാന്റ് രജിസ്റ്ററും , എ.എഫ്.എസും തമ്മിലുള്ള വ്യത്യാസമായ 96,760/- രൂപയുടെ വ്യത്യാസവും പരിശോധിക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത് . ബാലൻസ് തുകയെക്കുറിച്ച് മറുപടി നൽകിയിട്ടുമില്ല.

അതായത് ഡി.സി.ബി രജിസ്റ്ററും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമായി പരിശോധിക്കപ്പെടുകയോ വ്യത്യാസം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.എ.എഫ്.എസ്.- ലെ പൊരുത്തക്കേടുകൾ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ സമയത്ത് ചൂണ്ടികാണിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ മുകളിലെ പട്ടികയിൽ കാണിച്ചിരിക്കുന്ന വ്യത്യാസം നഗരസഭക്കുണ്ടാകുന്ന നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-17 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ .നഗരസഭയുടെ 2018-19 ലെ മേൽ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ,ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി നഗരസഭയിൽ ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും നികുതി ഒടുക്കിയിട്ടില്ല എന്ന് കണ്ടു.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുൻസിപ്പാലിറ്റി പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്കു നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/2018-19, തീയ്യതി 31.10.2019 ന് നൽകിയ മറുപടിയിൽ , മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഒരിക്കൽകൂടി നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2018-19 ൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള മേൽ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ(2019-20) എഴുതി തയ്യാറാക്കിയിട്ടില്ല. ഏതെങ്കിലും സ്ഥാപനം തൊഴിൽ നികുതിയുടെ കുടിശ്ശിക ഒടുക്കുമ്പോൾ മാത്രം ആയതിന്റെ വിവരം എഴുതിക്കൊണ്ടാണ് 2017-18 ലെ ,ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയത്. പണം അടവാക്കാത്ത സ്ഥാപനങ്ങൾ ഇതിൽ നിന്നും ഒഴിവായി

പോയിട്ടുണ്ട്. ആയതിനാൽ നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടാകുന്നു. മുൻവർഷങ്ങളിലെ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും , നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 259പ്രകാരം ശിക്ഷാനടപടിസ്വീകരിക്കേണ്ടതുമാണ്.

2017-18 ലെ കൽപ്പറ്റ നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5 ൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നഗരസഭയിൽ ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം പരാമർശിച്ചിരുന്നു.(ഖണ്ഡിക കാണുക).ഓഡിറ്റിന് ഹാജരാക്കിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ 2018-19) പ്രകാരം ആകെ 47സ്ഥാപനങ്ങളിൽ നിന്നായി 159220/- രൂപയാണ് കുടിശ്ശികയായി ലഭിച്ചത്. എന്നാൽ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ 243 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന പരാമർശത്തിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു(തൊഴിൽ നികുതി ഈടാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങൾ- 196) .2018-19 വർഷം തൊഴിൽ നികുതി അടക്കാത്ത ജീവനക്കാരുടെ വിശദവിവരം അനുബന്ധം-4 ആയി ചേർക്കുന്നു. ഇതിൽ സെക്ഷന്റെ ചുമതല വഹിക്കുന്ന ജീവനക്കാരൻ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ , സെക്രട്ടറി എന്നിവർ വേണ്ട ശ്രദ്ധ പതിപ്പിക്കാത്തത് മൂലം നഗരസഭക്ക് വൻതോതിലുള്ള വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**ബി. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രിയുടെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡോക്ടർമാരുടെ എണ്ണം |
|---|---|---|
| 1 | ജനറൽ ഹോസ്പിറ്റൽ | 27 |
| 2 | ഫാത്തിമ ഹോസ്പിറ്റൽ | 16 |
| 3 | കെ.ജെ ഹോസ്പിറ്റൽ | - |
| 4 | ലിയോ & ലിയോ മെട്രോ ഹോസ്പിറ്റൽ | 6 |

ഡി.സി.ബി രജിസ്റ്റർ പ്രകാരം കെ.ജെ ഹോസ്പിറ്റലിൽ നിന്നും ഡോക്ടർമാർ ആരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നാണ് കാണുന്നത്.

ലിയോ & ലിയോ മെട്രോ ഹോസ്പിറ്റൽ വയനാട്ടിലെ തന്നെ മികച്ച ഹോസ്പിറ്റലുകളിൽ ഒന്നാണ്. ഹൃദ്രോഗവിഭാഗത്തിനായി മാത്രം പ്രവർത്തിക്കുന്ന ഒരു ഹോസ്പിറ്റലും ഡെന്റൽ വിഭാഗത്തിനും പ്രത്യക വിഭാഗങ്ങളും ഈ ആശുപത്രിയിലുണ്ട്. എന്നാൽ ആകെ ആറ് ഡോക്ടർമാർ മാത്രമാണ്തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്.

മേൽ രണ്ട് ഹോസ്പിറ്റലുകളിലും ജോലി ചെയ്യുന്ന ഡോക്ടർമാരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് തുടർനടപടി എടുക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 നഗരസഭാ പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ

# ട്രേഡേഴ്സിൽ നിന്നും നികുതി ഈടാക്കാത്തത് മൂലം നഗരസഭക്ക് വരുമാന നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ 3(11) പ്രകാരം നഗരസഭാ പരിധിക്ക് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്രേഡേഴ്സിൽ നിന്നും ഓരോ അർദ്ധവർഷവും അവരുടെ ടേൺഓവർ അനുസരിച്ച് നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ 2018-19 ലെ, തൊഴിൽ നികുതിയുടെ ഡി.സി.ബി രജിസ്റ്റർ(ട്രേഡേഴ്സ്) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുഴുവൻ ട്രേഡേഴ്സും തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. ഈ തുക പിരിക്കാതെ ബാക്കിയാണ്.വിശദ വിവരം അനുബന്ധം – 5 ആയി ചേർക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/2018-19 dt. 30.10.2019 ന് നൽകിയ മറുപടിയിൽ വിവിധ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത്.(1.സജിത് ലാൽ, പൊന്നട കിാറി, 2. കളർ ഗ്രാനൈറ്റ്സ്). എന്നാൽ മേൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്നും 2.11.2019 ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.എന്നാൽ 2018-19 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായി എഴുതിയിട്ടില്ല.

ബി) ഡി.സി.ബി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെട്ട എല്ലാ കോൺട്രാക്ടേഴ്സും നികുതി ഒടുക്കിയിട്ടില്ല. വിശദ വിവരം അനുബന്ധം- 6 ആയി ചേർക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/2018-19 dt. 30.10.2019 ന് നൽകിയ മറുപടിയിൽ ഏതാനും കോൺട്രാക്ടേഴ്സ് തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും (ശ്രീ എം.പി ഭരതൻ, ശ്രീ ഹാഷിം പി.കെ എന്നിവർ) ബാക്കിയുള്ള കോൺട്രാക്ടേഴ്സിൽ നിന്നും അവരുടെ വർക്ക് ബില്ലുകൾ മാറുന്ന മുറക്ക് സെക്ഷനിലേക്ക് അറിയിപ്പ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ തൊഴിൽ നികുതി ഒടുക്കാൻ ബാക്കിയുള്ളവരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന 2018-19 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായി എഴുതിയിട്ടില്ല.

സി) ഡി.സി.ബി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെട്ട പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന എല്ലാ അഡ്വക്കറ്റ്സും നികുതി ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്വക്കേറ്റ്സിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ആകെ | ഡി.സി.ബി രജിസ്റ്റർ പേജ് നം |
|---|---|---|---|---|---|
| 1 | അഡ്വ. എ. ജെ വർക്കി | 1250 | 1250 | 2500 | 42 |
| 2 | അഡ്വ. ബാബു | 1250 | 1250 | 2500 | 42 |
| 3 | അഡ്വ. ടി അഷറഫ് | 1250 | 1250 | 2500 | 42 |
| 4 | അഡ്വ. ആന്റണി | 1250 | 1250 | 2500 | 42 |
| 5 | അഡ്വ. ജൂഡി ഡിസിൽവ | 1250 | 1250 | 2500 | 42 |
| 6 | അഡ്വ. കെ.എം തോമസ് | 1250 | 1250 | 2500 | 42 |
| 7 | അഡ്വ. കെ.എ ജോസഫ് | 1250 | 1250 | 2500 | 42 |

| | | | | | |
|---|---|---|---|---|---|
| 8 | അഡ്വ. ടി.ജെ ആന്റണി | 1250 | 1250 | 2500 | 43 |
| 9 | അഡ്വ. സണ്ണി പോൾ | 1250 | 1250 | 2500 | 43 |
| 10 | അഡ്വ. എൽദോ | 1250 | 1250 | 2500 | 43 |
| 11 | അഡ്വ. പൗലോസ് | 1250 | 1250 | 2500 | 43 |
| 12 | അഡ്വ. പി.കെ ദിനേഷ് കുമാർ | 1250 | 1250 | 2500 | 43 |
| 13 | അഡ്വ. സാദിഖ് നീലിക്കണ്ടി | 1250 | 1250 | 2500 | 43 |
| 14 | അഡ്വ. ബിജീഷ് | 1250 | 1250 | 2500 | 43 |
| 15 | അഡ്വ. ഓമന വർഗ്ഗീസ് | 1250 | 1250 | 2500 | 43 |
| 16 | അഡ്വ. എം.സി. നജ്മൽ | 1250 | 1250 | 2500 | 43 |
| 17 | അഡ്വ. മഹാദേവൻ | 1250 | 1250 | 2500 | 43 |
| 18 | അഡ്വ. ജോണി പാറ്റാനി | 1250 | 1250 | 2500 | 44 |
| 19 | അഡ്വ. സിജി തോമസ് | 1250 | 1250 | 2500 | 44 |
| 20 | അഡ്വ. സി.കെ സന്തോഷ് | 1250 | 1250 | 2500 | 44 |
| 21 | അഡ്വ. പി.സി പ്രസാദ് | 1250 | 1250 | 2500 | 44 |
| 22 | അഡ്വ. യു.പി യൂസഫ് | 1250 | 1250 | 2500 | 44 |
| 23 | അഡ്വ. പ്രിയദർശൻ | 1250 | 1250 | 2500 | 44 |
| 24 | അഡ്വ. സജി തെക്കനാട് | 1250 | 1250 | 2500 | 44 |
| 25 | അഡ്വ. മാണിശ്ശേരിയിൽ ഷൈജു | 1250 | 1250 | 2500 | 44 |
| 26 | അഡ്വ. ടി അഷറഫ് | 1250 | 1250 | 2500 | 44 |
| 27 | അഡ്വ. മാത്തുക്കുട്ടി | 1250 | 1250 | 2500 | 44 |
| 28 | അഡ്വ. വിനീത വി.പി | 1250 | 1250 | 2500 | 45 |
| 29 | അഡ്വ. ബാബു മാത്യു | 1250 | 1250 | 2500 | 45 |
| 30 | അഡ്വ. ജോസഫ് സക്കറിയാസ് നരിവേലിൽ | 1250 | 1250 | 2500 | 45 |
| 31 | അഡ്വ. ടി.ജെ ഷാജി താന്നിക്കൽ | 1250 | 1250 | 2500 | 45 |
| 32 | അഡ്വ. അഭിലാഷ് ജോസഫ് | 1250 | 1250 | 2500 | 45 |
| 33 | അഡ്വ. ജോസഫ് | 1250 | 1250 | 2500 | 45 |
| 34 | അഡ്വ. പി.എസ് കിഷോർലാൽ | 1250 | 1250 | 2500 | 45 |
| 35 | അഡ്വ. ജോഫി സിറിയക് | 1250 | 1250 | 2500 | 45 |
| 36 | അഡ്വ. വെങ്കിട സുബ്രഹ്മണ്യം | 1250 | 1250 | 2500 | 46 |
| 37 | അഡ്വ. ടി.ജെ ഐസക്ക് | 1250 | 1250 | 2500 | 46 |
| 38 | അഡ്വ. ജോണി സക്കറിയ | 1250 | 1250 | 2500 | 46 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 39 | അഡ്വ. സുന്ദർ റാം | 1250 | 1250 | 2500 | 46 |
| 40 | അഡ്വ. ജോസ് തേരകം | 1250 | 1250 | 2500 | 46 |
| 41 | അഡ്വ. ഹൗസ് | 1250 | 1250 | 2500 | 46 |
| 42 | അഡ്വ. ഹാലറ്റ് | 1250 | 1250 | 2500 | 46 |
| | ആകെ | 52500 | 52500 | 105000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/2018-19 dt. 30.10.2019 ന് നൽകിയ മറുപടിയിൽ അഡ്വക്കേറ്റ്സിന് സമയാസമയങ്ങളിൽ സെക്ഷൻ പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ വിവരം സംബന്ധിക്കുന്ന ഫയൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു.ഇത് സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം259പ്രകാരമുള്ള ശിക്ഷാനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല 2018-19 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായി എഴുതുകയോ സംക്ഷിപ്തം എഴുതി സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഡി) സമാന സ്വഭാവമുള്ള വിഷയവുമായി ബന്ധപ്പെട്ട്, കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2016-17, 2017-18 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങൾ ഉണ്ടായിരുന്നു. (2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.11, 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5,2.6,2.7 എന്നിവ കാണുക). മേൽ പരാമർശങ്ങളിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/2018-19 dt. 30.10.2019) തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് ഫോൺമുഖാന്തിരവും നോട്ടീസിലൂടെയും കുടിശ്ശിക സംബന്ധിച്ച വിവരം അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പ്രകാരം ഈ വിഷയത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം259പ്രകാരമുള്ള ശിക്ഷാനടപടികളൊന്നും സ്വീകരിച്ചതായി കണ്ടില്ല.

2017-18, 2018-19,എന്നീ വർഷങ്ങളിലെ തൊഴിൽ നികുതിയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആകെ കുടിശ്ശിക തുകയുടെ ഡിമാന്റ് , കളക്ഷൻ ,ബാലൻസ് വിവരങ്ങൾ അടങ്ങിയ സംക്ഷിപ്തം എഴുതി പൂർത്തിയാക്കുകയോ സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. സെക്ഷൻ ക്ലാർക്കിന് നൽകിയിരിക്കുന്ന ജോലി, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനോ സെക്രട്ടറിയോ പരിശോധിക്കാത്തിനാൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിലെല്ലാം ഇത്തരത്തിലുള്ള അപാകതകൾ കാണുന്നു. ഇത് മൂലം നഗരസഭക്ക് കിട്ടാനുള്ള പണം എത്രയാണെന്നതും ആയതിന്റെ കൃത്യതയും ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ നഗരസഭക്ക് ട്രേഡേഴ്സ്, കരാറുകാർ, അഡ്വക്കേറ്റ്സ് എന്നിവരിൽ നിന്നും 2018-19 സാമ്പത്തികവർഷം കിട്ടാനുള്ള ആകെ തുകയായ 11,41,480/- രൂപ നഷ്ടമാകാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായ വർഷങ്ങളിൽ പരാമർശം ഉണ്ടായിട്ടും മേൽ വിഷയത്തിൽ സെക്ഷൻ ക്ലാർക്കോ, സെക്ഷന്റെ മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥനോ സെക്രട്ടറിയോ വേണ്ട നടപടി സ്വീകരിക്കാത്തതിനാൽ 11,41,480/- രൂപ 2018-19 വർഷത്തിൽ നഗരസഭക്ക് നഷ്ടമാകാനുള്ള സാഹചര്യം നിലനിൽക്കുന്നു.ഈ തുക മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കാതിരിക്കാനുള്ള കാരണമുണ്ടെങ്കിൽ ആയത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-19 ഡി.ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ , പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്റ്ററികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ , മറ്റു സേവനങ്ങൾ എന്നിവ ക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങിനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി , നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം , നിശ്ചയിക്കാവുന്ന അങ്ങിനെയുള്ള നിരക്കിലോ , ലൈസൻസ് ഫീസ് ഒടുക്കാതെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടുള്ളതല്ല.

i.)2018-19 ലെ ഡി. ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

2017-18 ലെ ഡി. ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 11-ാം വാർഡിൽ ലൈസൻസ് എടുത്ത് പ്രവർത്തിച്ച ആകെ സ്ഥാപനങ്ങളുടെ എണ്ണം 249 ആണ്. ഇതിൽ 7 സ്ഥാപനങ്ങൾ 2018-19 ൽ പ്രവർത്തനം അവസാനിപ്പിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 226 പഴയ സ്ഥാപനങ്ങളും 13 പുതിയ സ്ഥാപനങ്ങളും ഉൾപ്പടെ ആകെ 239 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2017-18 ലെ 16 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

ii. a) നഗരസഭാ പരിധിയിലെ യെസ് ഭാരത് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നതായും ഫയർ എക്സിസ്റ്റിംഗ് സിസ്റ്റം പ്രവർത്തിക്കുന്നില്ലായെന്നും , പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും 28.02.2019 ന് മുനിസിപ്പൽ എഞ്ചിനീയർ ,ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് കൽപ്പറ്റ നഗരസഭാ സെക്രട്ടറി കുറിപ്പ് നൽകിയിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതാണ്.

b) M/s യെസ്സ് ഭാരത് എന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ശ്രീ രോഹിത് ബോധി 14.05.2019 ന് വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷക്ക് 13.06.2019 ന് RIA/PH/123/8367/19 കത്ത് പ്രകാരം നൽകിയ മറുപടിയിൽ മേൽ സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ മേൽ സ്ഥാപനം നഗരസഭാ പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.38/2018-19 തീയതി 04.11.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.നഗരസഭാപരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അവസാനിപ്പിക്കേണ്ടതാണ്.

## 1-20 വാടക/ലേലം ഇനങ്ങളിലെ മുഴുവൻ കുടിശ്ശികതുകയും ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള പഴയ ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് , വനിത ഉല്പന്ന വിപണനകേന്ദ്രം, മത്സ്യ മാർക്കറ്റ്, മാംസ മാർക്കറ്റ് എന്നിവ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ മേൽ

സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ വാടക തുകയും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| വനിത ഉല്പന്ന വിപണനകേന്ദ്രം | | | | |
| ക്രമ നം. | ബിൽഡിംഗ് നം. | വാടകക്കാരന്റെ പേര് | കിട്ടാനുള്ള വാടക/ + GST/ മാസം | കുടിശ്ശിക തുക(വാടക + ജി.എസ്.ടി) |
| 1 | 10/247(11) | ശ്രീമതി. ആയിഷ ഇ. | 6830+1229 (12 മാസം) | 81960+ 14748<br>(1.4.19 ന് 20000/- രൂപ അടച്ചു) |
| പഴം പച്ചക്കറി ചന്ത | | | | |
| 1 | 13/720(6) | ശ്രീ. ജാഫർ സി | 2463+ 443 (12 മാസം) | 29556+ 5316 |
| 2 | 13/720(36) | ശ്രീ. സുൾഫി എം. | 1820+328(12 മാസം) | 21840+ 3936 |
| മാംസ മാർക്കറ്റ് | | | | |
| 1 | 12/103L | ശ്രീ. ചൊക്ലി അബൂബക്കർ | 4476+806(12 മാസം) | 53712+9672 |
| 2 | 12/103R | ശ്രീമതി. ഫാത്തിമ ചൊക്ലി | 4476+ 806 | 53712+9672(20.07.2019 ന് ആകെ 10000/- രൂപ അടവാക്കി) |
| | | | ആകെ | 240780+ 43344 |

വാടക ഇനത്തിലെ മേൽ കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.15/18-19 തീ:31.10.2019 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചാർജ് നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 1-21 തെരുവ് വിളക്ക് പരിപാലനം - വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകുിയതിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി വാർഷിക മെയിന്റനൻസ് കരാർ ടെണ്ടർ ക്ഷണിക്കുകയും പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബേസിൽ മാത്യു എന്നയാളുടെ ടെണ്ടർ സ്ഥിരപ്പെടുത്തുകയും ചെയ്തു. ടെണ്ടർ സംബന്ധിച്ച് ചില കൗൺസിലർമാർ വിയോജന കുറിപ്പ് നൽകിയിരുന്നു. പ്രസ്തുത വിയോജന കുറിപ്പിൽ ടെണ്ടറിംഗ് പങ്കെടുത്ത വ്യക്തികൾ അച്ചനും മകനുമാണെന്നും ആയതിനാൽ റീ-ടെണ്ടർ നടത്തണമെന്നും ആവശ്യപ്പെട്ടിരുന്നു.എന്നാൽ റീ-ടെണ്ടർ നടത്തിയിട്ടില്ല.കൂടാതെ തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധിക്കാതെ കരാറുകാരൻ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതിനാൽ നഗരസഭയ്ക്ക് 41,64,987/- രൂപയുടെ നഷ്ടം സംഭവിച്ചു.വിശദാംശങ്ങൾക്ക് ഖണ്ഡിക 3-5 കാണുക.

## 1-22 ലൈഫ് ഒന്നാം ഘട്ടം-പൂർത്തീകരിക്കാൻ ബാക്കിയുള്ള ഭവനങ്ങളുടെ പൂർത്തീകരണം-പദ്ധതി നടപ്പാക്കിയതിൽ

# അപാകതകൾ

വിവിധ സർക്കാർ ഭവനനിർമ്മാണപദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് 2015-16 സാമ്പത്തികവർഷം വരെ സാമ്പത്തികസഹായം ലഭ്യമാക്കിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് 11.10.17 ലെ സ.ഉ.(എം.എസ്)നം.196/17/ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കൽപ്പറ്റ നഗരസഭ നഗരസഭ മുൻവർഷങ്ങളിൽ വിവിധഭവനനിർമ്മാണപദ്ധതികളിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് വിവിധഗഡുക്കൾ അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി 2017-18 ,2018-19 ,2019-20 വർഷങ്ങളിലായി ലൈഫ് ഒന്നാംഘട്ടം പദ്ധതി നടപ്പാക്കുകയുണ്ടായി.

അതുപ്രകാരം കൽപ്പറ്റ നഗരസഭ 2007-08 മുതൽ 2015-16 വരെയുള്ള വിവിധവർഷങ്ങളിലായി ഇ.എം.എസ് , എന്റെ ഗൃഹം പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചതിൽ , പൂർത്തീകരിക്കാതെ പല ഘട്ടങ്ങളിലായി നിലച്ചുപോയ വീടുകളുടെ പൂർത്തീകരണത്തിനായാണ് ലൈഫ് ഒന്നാം ഘട്ടം പദ്ധതി നടപ്പാക്കിയത്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83ഭവനങ്ങളും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 41 ഭവനങ്ങളും പൊതു വിഭാഗത്തിലെ 159 ഭവനങ്ങളും ഉൾപ്പടെ ആകെ 283 ഭവനങ്ങളുടെ പൂർത്തീകരണമാണ് പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.

ഇതിൽ ജനറൽ ,പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികൾ സെക്രട്ടറിയും പട്ടികജാതിവിഭാഗത്തിലുള്ള വീടുകളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികൾ പട്ടികജാതി വികസന ഓഫീസറുമാണ് നടപ്പാക്കിയത്.

ജനറൽ വിഭാഗത്തിൽ 105വീടുകൾ എഗ്രിമെന്റ് വെച്ചതിൽ 91 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗവിഭാഗത്തിൽ 68 വീടുകൾ പൂർത്തീകരിക്കാൻ എഗ്രിമെന്റ് വെച്ചതിൽ 21 വീടുകൾ നിർമ്മാണം പൂർത്തീകരിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നുവെങ്കിലും ഭൌതികപരിശോധന നടത്തിയതിൽ വീടുകൾ ഒന്നും തന്നെ ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം പൂർത്തീകരിച്ചതായി കണ്ടില്ല.

പട്ടികജാതിവിഭാഗത്തിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്ന 6 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്.മറ്റ് വീടുകൾ എന്തുകൊണ്ട് പൂർത്തീകരിച്ചില്ല എന്ന് വ്യക്തമല്ല.

പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത് എന്ന് കണ്ടു.കൂടാതെ പദ്ധതിനടത്തിപ്പിൽ ലൈഫ് മാനദണ്ഡങ്ങൾ പാലിച്ചിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(i). മുന്നൊരുക്കം നടത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 11.10.17 ലെ സ.ഉ.(എം.എസ്)നം.196/17/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പ്രകാരം പൂർത്തീകരിക്കാത്ത ഓരോ വീടിന്റെയും നിലവിലുള്ള അവസ്ഥ സംബന്ധിച്ച് തദ്ദേശ സ്ഥാപനത്തിലെ വാർഡ് തല കർമ്മ സമിതി , സർക്കാർ നിർദ്ദേശ പ്രകാരമുള്ള മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതും ആയത് വാർഡ് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ

കൽപ്പറ്റ നഗരസഭ ലൈഫ് മിഷൻ പദ്ധതിക്കായി മൈക്രോ പ്ലാൻ, ഭവനപരിശോധനാറിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടില്ല.

നഗരസഭാപരിധിയിൽ എത്ര വീടുകൾ, ഏതൊക്കെ ഘട്ടത്തിൽ , ഏതൊക്കെ കാലഘട്ടത്തിൽ നിർമ്മാണം നിലച്ച് പൂർത്തീകരിക്കാൻ കഴിയാതെയുണ്ടെന്നും അവ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നുമുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല. ഇനി ഏത് ഘട്ടം മുതലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നുമുള്ള വിവരങ്ങളും ശേഖരിച്ചിട്ടില്ല.

(ii)ടി.പി.ടി.എ രൂപീകരിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നം. സ.ഉ.(കൈ)നം. 160/16/തസ്വഭവ തിയ്യതി 08/11/2016 ലെ ഖണ്ഡിക നം. 8 പ്രകാരം 'പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തുന്നതിനും അവയുടെ പൂർത്തീകരണത്തിനാവശ്യമായ തുക എത്രയെന്ന് നിർണ്ണയിക്കുന്നതിനും നഗരസഭാതലത്തിൽ Third Party Technical Agency കളെ എംപാനൽ ചെയ്യേണ്ടതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതുമാണ് '. ഖണ്ഡിക 7 പ്രകാരം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും Third Party Technical Agency കളായി നിയമിക്കാവുന്നതാണ്. എന്നാൽ ടി.പി.ടി.എ രൂപീകരിച്ചിട്ടില്ല.

(iii).കർമ്മ സമിതി രൂപീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (എം.എസ്.) നം. 196/2017/തസ്വഭവ തിയ്യതി 11/10/2017 ഖണ്ഡിക VII പ്രകാരം പൂർത്തീകരിക്കാത്ത വീടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജനകീയ പങ്കാളിത്തം അനിവര്യമാണ്. ഇതിനായി വിപുലമായ കർമ്മ സമിതികൾ സ്ഥാപന തലത്തിലും വാർഡ് തലത്തിലും രൂപീകരിക്കണം. ബന്ധപ്പെട്ട വാർഡിലെ ജനപ്രതിനിധി ചെയർമാനും അനുയോജ്യരായ ഉദ്യോഗസ്ഥരെ കൺവീനറുമായി ഉൾപ്പെടുത്തിക്കൊണ്ട് വാർഡ് തല കർമ്മ സമിതി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതിയിൽ നഗരസഭ പ്രദേശത്തെ ഓരോ വാർഡിനും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്ന 10 പേരെ തെരഞ്ഞെടുക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് 3 പേർ ഒരു ഗുണഭോക്താവിന്റെ ഭവന പരിശോധനാ റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കേണ്ടതാണ്.

വാർഡിലെ പൂർത്തീകരിക്കാത്ത ഓരോ വീടിനും കർമ്മ സമിതി ടി.പി.ടി.എ യുമായി ചേർന്ന് മൈക്രോ പ്ലാൻ പ്രകാരം പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് അധിക വിഭവമായി കണ്ടെത്തേണ്ട തുക വീട് നിർമ്മാണത്തിന് ആവശ്യമായ വിവിധ ഘടകങ്ങൾ സ്വരൂപിക്കൽ, ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തൽ തുടങ്ങിയവ കർമ്മ സമിതികളുടെ ചുമതലകളാണ്. കൂടാതെ, സ്ഥാപനതല കർമ്മ സമിതിയും രൂപീകരിക്കേണ്ടതാണ്. സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങളും കുടുംബശ്രീ ,സിഡി,എസ് ചെയർപേഴ്സൺ, എൽ.എസ്.ജി.ഡി എഞ്ചിനീയർ, തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ, ടി.പി.ടി.എ പ്രതിനിധി, എസ്.സി/എസ്.ടി പ്രമോട്ടർമാർ ,രാഷ്ട്രീയ പാർട്ടികളുടെ,യുവജന സംഘടനകളുടെ പ്രതിനിധികൾ ,ഭവന നിർവ്വഹണ ഉദ്യോഗസ്ഥൻ തുടങ്ങിയവർ കർമ്മ സമിതിയിലെ അംഗങ്ങളായിരിക്കുന്നതാണ്. സ്ഥാപനതല കർമ്മ സമിതി വാർഡ് തല മൈക്രോപ്ലാൻ ക്രോഡീകരിച്ച് സ്ഥാപനതല കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്.എന്നാൽ ഇത്തരം നടപടിക്രമങ്ങൾ നഗരസഭയിൽ പാലിച്ചിട്ടില്ല.

(iv)ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്തേ സ്റ്റേജ് സൂചിപ്പിക്കുന്ന ഫോട്ടോഗ്രാഫ്/ അന്വേഷണ റിപ്പോർട്ട് ഇല്ല.

ഇ.എം.എസ് ,എന്റെ ഗൃഹം പദ്ധതിയിൽ പൂർത്തിയാക്കാത്ത വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയപ്പോൾ വീടുകളുടെ തൽസ്ഥിതി സൂചിപ്പിക്കുന്ന ഫോട്ടോഗ്രാഫ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് മൈക്രോപ്ലാൻ തയ്യാറാക്കേണ്ടത്. എന്നാൽ ഭവനങ്ങളുടെ നിലവിലെ സ്ഥിതി (ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ഉള്ളത്) സംബന്ധിച്ച യാതൊരു തെളിവുകളോ, സാങ്കേതിക ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(v)പൂർത്തീകരിച്ച വിവരം സാക്ഷ്യപ്പെടുത്തുന്നില്ല.

പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന വീടുകൾ ലൈഫിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുകഴിഞ്ഞാൽ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ,വീടിന് നമ്പർ അനുവദിച്ച രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.കൂടാതെ പൂർത്തീകരിച്ച ഭവനങ്ങളുടെ ഫോട്ടോകൾ എല്ലാ ഫയലിലും സൂക്ഷിച്ചിട്ടില്ല.

(vi)പട്ടികവർഗ്ഗവിഭാഗത്തിലുള്ളവരുടെ ഭവനപൂർത്തീകരണം -എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകങ്ങൾ

പട്ടികവർഗ്ഗവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർത്തിയാക്കുന്നതിന് യഥാർത്ഥത്തിൽ ആവശ്യമുള്ള തുക തദ്ദേശസ്വയംഭരണസ്ഥാപനം അംഗീകരിക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയാണ് ചെയ്യേണ്ടത്.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് വീടുകളുടെ യഥാർത്ഥ അവസ്ഥ വിശകലനം ചെയ്തിട്ടില്ല.വീട് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ ഇനങ്ങൾ ഉൾപ്പെടുത്തണം എന്ന് കണക്കാക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റിലെ ഇനങ്ങൽ വീടിന്റെ ഏതൊക്കെനിർമ്മാണപ്രവൃത്തികൾക്കുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.ആയതിനാൽ എസ്റ്റിമേറ്റിൽ അടുക്കളക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ ഭൌതികപരിശോധനയിൽ പൂർത്തീകരിച്ച പല വീടുകളിലും അടുക്കള നിർമ്മിച്ചിട്ടില്ല എന്ന് കണ്ടു.

പദ്ധതി സംബന്ധിച്ച ഫയൽ സൂക്ഷിക്കുന്നതിലും അപാകതയുണ്ട്.ഒരു ഗുണഭോക്താവിനെ സംബന്ധിച്ച എസ്റ്റിമേറ്റ് മുൻപ് കൊടുത്ത തുകകളുടെ വിവരം ,ലൈഫിൽ ഉൾപ്പെടുത്തുമ്പോൾ ഉള്ള വീടിന്റെ അവസ്ഥ ,എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ ,എസ്റ്റിമേറ്റ് അംഗീകരിച്ചതിന്റെ വിവരങ്ങൾ ,വീടിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ എഗ്രിമെന്റ് ,മൂല്യനിർണ്ണയം എന്നിവയുൾപ്പെടെ ഒരു ഗുണഭോക്താവിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും ഒരു ഫയലായി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റിൽ പരിശോധിക്കാൻ കഴിയുന്നില്ല.

(vii)ലൈഫ് മിഷൻ ഫണ്ട് -വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ലൈഫ് മിഷനിൽ നിന്നും ലഭിച്ചതും വികസനഫണ്ടിൽ നിന്ന് മാറിയതുമായ തുകകൾ വിനിയോഗിച്ചാണ് ലൈഫ് ഭവനപദ്ധതി നടപ്പാക്കിയത്. ലൈഫ് മിഷനിൽ നിന്ന് ലഭിച്ച തുകകൾ തനതുഫണ്ട് അക്കൌണ്ടിൽ (അക്കൌണ്ട് നമ്പർ57068210917 / എസ്.ബി.ഐ. കൈനാട്ടി ) നിക്ഷേപിച്ചാണ് ചെലവഴിക്കുന്നത്. ഈ തുകയുടെ വരവ് ചെലവ് വിവരങ്ങൾ പ്രത്യേകം എഴുതി സൂക്ഷിക്കുന്നുമില്ല.ആയതിനാൽ തന്നെ ഈ അക്കൌണ്ടിൽ ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു,എത്ര ബാക്കിയുണ്ട് എന്ന് വ്യക്തമല്ല.ബാങ്ക് സ്റ്റേറ്റ് മെന്റിൽ 16.03.18 ന് 6689949 രൂപയും 29.03.18 ന് 64981560 രൂപയും വരവ് വന്നത് ലൈഫ് മിഷൻ ഫണ്ട് ആണെന്നാണ് ഓഡിറ്റിനെഅറിയിച്ചിട്ടുള്ളത്. രേഖകൾ ഇപ്രകാരം കൂട്ടിക്കുഴച്ചു സൂക്ഷിക്കുന്നതിനാലും കണക്കുകൾ ഇനം തിരിച്ച് സൂക്ഷിക്കാത്തതിനാലും ഓഡിറ്റ്

നടത്തുന്നതിന് ബുദ്ധിമുട്ട് നേരിട്ടു. ഓഡിറ്റ് എൻക്വയറി നമ്പർ 3/18-19. തീയതി 28.10.19 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.രേഖകൾ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ (ഒന്നാംഘട്ടം) പുരോഗതിവിവരങ്ങളും, ഫണ്ട് വിനിയോഗവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 പട്ടികവർഗ്ഗക്കാർക്കുള്ള ലൈഫ് ഭവനപൂർത്തീകരണ പദ്ധതിനടത്തിപ്പ്- രേഖകൾ സൂക്ഷിച്ചതിലും പദ്ധതി നടപ്പാക്കിയതിലും അപാകങ്ങൾ .

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83 ഭവനങ്ങളാണ് ലൈഫ് ഒന്നാംഘട്ടം പദ്ധതി പൂർത്തീകരിക്കാൻ ബാക്കിയുള്ളതായി കണ്ടെത്തിയത്.അവയിൽ 68 വീടുകൾ എഗ്രിമെന്റ് വെച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു.

ഭവന പൂർത്തീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കൂടാതെ ഭവനം സന്ദർശിച്ച് പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ നിലവിലെ ഭവനം സംബന്ധിച്ച് പരിശോധന റിപ്പോർട്ടും ഫയലിൽ ഇല്ല. ഭവന സന്ദർശന/ പരിശോധന റിപ്പോർട്ട് ഇല്ലാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ അവസ്ഥ എന്താണെന്ന് വ്യക്തമല്ല.

ചില എസ്റ്റിമേറ്റിൽ ഓരോ ഇനം പ്രവൃത്തികളും ഏതെന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ എസ്റ്റിമേറ്റിലും ആദ്യത്തെ ഇനങ്ങൾ ടോയ് ലെറ്റ് നിർമ്മാണത്തിനുള്ളവയാണ്.ബാക്കി ഇനങ്ങളിൽ സാധനങ്ങളുടെ അളവും തുകയുമാണ് കാണിച്ചിട്ടുള്ളത്. അവ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോയിനത്തിന്റെയും അളവുകൾ കണക്കാക്കിയതെങ്ങനെ എന്ന് വ്യക്തമല്ല. തുകകൾ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച രേഖകൾ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഏത് പദ്ധതിയിൽ ഏത് വർഷം അനുവദിച്ച വീട് , ലൈഫിൽ ഉൾപ്പെടുത്തുമ്പോൾ ഉള്ള ഫോട്ടോ , സ്റ്റേജ് റിപ്പോർട്ട് , മുൻപ് നൽകിയ തുക, ലൈഫ് എസ്റ്റിമേറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച വിവരം , ഓരോ തുകയും ഗുണഭോക്താവിന് നൽകിയ വിവരം, കൈപ്പറ്റിയ വിവരം,സ്റ്റേജ് റിപ്പോർട്ടുകൾ, വിവിധ സ്റ്റേജിലുള്ള ഫോട്ടോകൾ, മൂല്യനിർണ്ണയം നടത്തിയ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പൂർത്തീകരിച്ച വീടുകളുടെ മൂല്യനിർണ്ണയം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടില്ല.എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കി എന്ന് കണക്കാക്കാതെ ഒറ്റ വാചകത്തിലുള്ള മൂല്യനിർണ്ണയമാണ് നടത്തിയിരിക്കുന്നത്.എത്ര തറവിസ്തീർണ്ണമുള്ള വീടാണ് പൂർത്തീകരിച്ചത് എന്നും വ്യക്തമല്ല. പൂർത്തീകരിച്ച വീടുകൾക്ക് നഗരസഭ കെട്ടിട നമ്പർ നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെക്കുന്നതും പദ്ധതിഫയലുകൾ സൂക്ഷിക്കുന്നതും സ്റ്റേജുകൾ പരിശോധിച്ച് തുക നൽകാൻ ശുപാർശ നൽകുന്നതും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും തുക അനുവദിക്കുന്നത് സെക്രട്ടറിയുമാണ്.

ലൈഫ് മിഷനിൽ നിന്നും ലഭിച്ച തുക തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചാണ് സെക്രട്ടറി ചെലവ് നടത്തിയിരിക്കുന്നത്.ഇതിൽ പട്ടികവർഗ്ഗഗുണഭോക്താക്കൾക്ക് എത്ര ചെലവ് വന്നുവെന്നോ ജനറൽ വിഭാഗത്തിന് എത്ര ചെലവ് വന്നുവെന്നോ ഉള്ള രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.പദ്ധതി വരവ് ചെലവുകൾ സംബന്ധിച്ച് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻകയറി നമ്പർ 17 /18-19 .തീയതി 01.11.19 പ്രകാരം വിവരംശ്രദ്ധയിൽപ്പെടുത്തിയതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ തുക അനുവദിക്കുന്നത് സെക്രട്ടറിയാണെന്ന് അറിയിക്കുകയും എഗ്രിമെൻറ് ,വാലേഷൻ സർട്ടിഫിക്കറ്റ് ,ചില ഫോട്ടോകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു.എന്നിരുന്നാലും ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിൻറെ രേഖകളും ഓരോരുത്തരുടെയും ഭവനനിർമ്മാണ സ്റ്റേജ് പരിശോധിക്കുന്നതിനുള്ള രേഖകളും ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച മുഴുവൻ രേഖകളും ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചെലവഴിച്ച തുക നിരാകരിക്കുന്നു.

ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിൻറെ ഭാഗമായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചീയർ, ഓവർസിയർ എന്നിവരാണ്. തദ്ദേശ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതെന്നിരിക്കെ ഇതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ ചെലവഴിച്ച ₹ 77,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-25 ശുചിമുറി നിർമ്മിക്കാതെ ശുചിമുറിക്ക് വകയിരുത്തിയ തുക അനുവദിച്ചതിനാൽ നഷ്ടം

ലൈഫ് ഭവന പദ്ധതി ഫേസ് 1 ൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83 ഭവനങ്ങളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതായി കണ്ടെത്തിയത്. അവയിൽ 68 വീടുകൾ എഗ്രിമെൻറ് വെച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. 11.10.2017ലെ സ.ഉ.(എം.എസ്)196/2017 ത.സ്വ.ഭ.വ ഖണ്ഡിക.1 പ്രകാരം നിർമ്മാണത്തിൻറെ ഓരോ ഘട്ടത്തിലും റ്റി.പി.റ്റി.എ യും തദ്ദേശ സ്ഥാപന കർമ്മസേനയുമായും യോജിച്ച് പ്രവർത്തിച്ച് നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. നഗരസഭയിൽ കർമ്മസമിതിയുടെയും റ്റി.പി.റ്റി.എയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഭവനനിർമ്മാണ പുരോഗതി കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥൻറെ ചുമതലയായിരുന്നു. മേൽചുമതല നിർവഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച പറ്റിയിട്ടുണ്ട്. ആയതിനാൽ ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായി. മൂല്യനിർണ്ണയം നടത്തിയ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച് മൂല്യനിർണ്ണയം നടത്തിയിട്ടില്ല. എസ്റ്റിമേറ്റിലുൾപ്പെടുത്തിയ പലവീടുകളിലും പലയിനങ്ങളും ശുചിമുറിയും നിർമ്മിക്കാതെ നിർമ്മിച്ചതായി കണക്കാക്കി തുക അനുവദിച്ചതിനാൽ 2,44,937 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-26 പി.എം.എ.വൈ-രേഖകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ-വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നഗരസഭയിൽ 6 ഡി.പി.ആറുകളിലായി 600 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണമാണ് പി.എം.എ.വൈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. 2016-17 വർഷം ആണ് ഭവനനിർമ്മാണം തുടങ്ങിയത്.ഇതിൽ 582 വീടുകൾ എഗ്രിമെൻറ് വെച്ചതിൽ 310 വീടുകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിഫയലുകൾ പരിശോധിച്ചതിൽ രേഖകളുടെ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകൾ വന്നതായി കണ്ടു.

1. പദ്ധതിസംബന്ധിച്ച വർഷം തിരിച്ച വരവുചെലവുകണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.വികസനഫണ്ടിൽ നിന്ന് തൻവർഷം 9726200 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പി.എം.എ.വൈ സംസ്ഥാന ,കേന്ദ്രവിഹിതങ്ങൾ പഞ്ചാബ് നാഷണൽ ബാങ്കിലെ 4284000400125282 നമ്പർ അക്കൌണ്ടിൽ സൂക്ഷിച്ചാണ് ചെലവ് നടത്തിയിരിക്കുന്നത് .എന്നാൽ ഈ അക്കൌണ്ടിന്റെ ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രതിമാസറീകൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ചെലവ് വൗച്ചറുകൾ പരിശോധിക്കുവാൻ ബുദ്ധിമുട്ട് നേരിട്ടു.

3. പി.എം.എ.വൈ.രജിസ്റ്റർ പരിശോധിച്ചതിൽ 25വീടുകൾ പാതിവഴിയിൽ നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിച്ചതായി കാണുന്നു.വീടുകൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

എഗ്രിമെൻറ് വെച്ചതിൽ മറ്റ് വീടുകൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 4 /18-19 .തീയതി 28 .10.19 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. രേഖകൾ കൃത്യമായി തയ്യാറാക്കിസൂക്ഷിക്കേണ്ടതും പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 ലൈഫ് ഭവനപദ്ധതി പൂർത്തീകരണം- പൂർത്തീകരിക്കാത്ത വീടുകൾക്ക് തുക അനുവദിച്ചതിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയതിനാൽ തുക അധികം നൽകി.

താഴെപ്പറയുന്ന 46വീടുകൾക്ക് വിവിധ ഗഡുക്കൾ അനുവദിച്ചതും കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെയുള്ള എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൽ.എസ്.ജി.ഡി.ഓവർസീയറും ,മേലൊപ്പ് വെച്ചിരിക്കുന്നത് എൽ .എസ്.ജി.ഡി അസി.എഞ്ചിനീയറുമാണ്. .ഈ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക( 15% ലാഭ വിഹിതം ഉൾപ്പടെ) | 15% ലാഭ വിഹിതം ഉൾപ്പെടാതെ തയ്യാറാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് തുക | വ്യത്യാസം | അനുവദിച്ച തുക | അനുവദിക്കാമായിരുന്ന തുക | അധികം നൽകിയ തുക | തുക നൽകിയ വിവരം |
|---|---|---|---|---|---|---|---|---|
| 1 | രാധ<br>W/Oചന്ദ്രൻ<br>കരടിമണ്ണ് കോളനി<br>കൽപ്പറ്റ | 400100 | 347913 | 52187 | 200000 | 173913 | 26087 | 100000-20.03.18<br>100000-19.12.18 |
| 2 | ബാബു.കെ<br>കരടിമണ്ണ് കോളനി<br>കൽപ്പറ്റ | 346655 | 301439 | 45216 | 275000 | 239130 | 35870 | 100000-20.3.18<br>100000<br>19.12.18 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 75000-<br>24.06.19 |
| 3 | ബേബി<br>കരടിമണ്ണ് കോളനി<br>കൽപ്പറ്റ | 346655 | 301439 | 45216 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000<br>21.01.19 |
| 4 | അമ്മിണി<br>നെടുനിലം കോളനി<br>കൽപ്പറ്റ | 168300 | 146348 | 21952 | 134000 | 116522 | 17478 | 70000<br>20.03.18<br>64000<br>13.03.19 |
| 5 | ഞേണൻ<br>കോവക്കുനി കോളനി<br>പുഴമുടി | 345263 | 300229 | 45034 | 200000 | 173913 | 26087 | 100000<br>20.03.19<br>100000<br>13.03.19 |
| 6 | ഗോപി<br>കോളിമൂല കോളനി | 280649 | 244043 | 36606 | 225000 | 195652 | 29348 | 100000<br>20.03.18<br>100000<br>19.12.18<br>25000<br>26.03.19 |
| 7 | ഉണ്ണി<br>കോളിമൂല കോളനി | 280649 | 244043 | 36606 | 225000 | 195652 | 29348 | 100000<br>26.03.18<br>100000<br>19.12.18<br>25000<br>26.03.19 |
| 8 | രാധ<br>മൂവട്ടിക്കുന്ന് കോളനി | 346655 | 301439 | 45216 | 280000 | 243478 | 36522 | 100000<br>20.03.18<br>100000<br>19.12.18<br>80000<br>26.03.19 |
| 9 | കെമ്പി<br>പടപുരം കോളനി | 346655 | 301439 | 45216 | 100000 | 86956 | 13044 | 100000<br>20.3.18 |
| 10 | റീന<br>പടപുരം കോളനി | 346655 | 301439 | 45216 | 270000 | 234783 | 35217 | 100000<br>20.03.19<br>100000<br>22.01.19<br>70000<br>20.03.19 |
| 11 | അരമ്പൻ<br>തലരംകുന്ന് കോളനി | 346655 | 301439 | 45216 | 275000 | 239130 | 35870 | 100000<br>20.03.19<br>100000<br>21.01.19<br>75000<br>15.07.19 |
| 12 | മോഹനൻ എൻ.വി | 369983 | 321724 | 48259 | 295000 | 256522 | 38478 | 100000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നെടുങ്ങോട്<br>എമിലി<br>കുറിച്ച്യ കോളനി | | | | | | | 20.03.18<br>100000<br>13.12.18<br>95000<br>26.03.19 |
| 13 | തങ്കമ്മ.എൻ.<br>നെടുങ്ങോട്<br>കൽപ്പറ്റ | 319891 | 278166 | 41725 | 250000 | 217391 | 32609 | 100000-<br>20.03.18<br>100000-<br>29.11.18<br>50000-<br>19.12.18 |
| 14 | അമ്മിണി<br>പടപുരം കോളനി | 402217 | 349754 | 52463 | 80000 | 69565 | 10435 | 80000-<br>20.03.18 |
| 15 | രാജൻ<br>പടപുരം<br>കോളനി | 175814 | 152882 | 22932 | 140000 | 121739 | 18261 | 80000-<br>20.03.18<br>44000-<br>21.01.19<br>16000-<br>15.07.19 |
| 16 | തുരുമ്പൻ<br>പൊന്നാട കോളനി | 317300 | 275913 | 41387 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000-<br>13.03.19 |
| 17 | ദേവു<br>മുണ്ടേരിപൊയിൽ | 280915 | 244274 | 36641 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000-<br>13.03.19 |
| 18 | ഗിരീഷ്<br>ഓടമ്പംകുന്ന്<br>കോളനി | 242566 | 210926 | 31640 | 175000 | 152174 | 22826 | 100000-<br>20.03.18<br>75000-<br>24.06.19 |
| 19 | ചപ്പൻ<br>പടപുരം കോളനി | 346675 | 301457 | 45218 | 100000 | 86956 | 13044 | 100000-<br>20.03.18 |
| 20 | പൈക്ക<br>തളരംകുന്ന്കോളനി | 303764 | 264143 | 39621 | 240000 | 208696 | 31304 | 100000-<br>20.03.18<br>100000-<br>21.01.19<br>40000-<br>22.08.19 |
| 21 | വെള്ളൻ<br>പുഴമുടി | 303764 | 264143 | 39621 | 240000 | 208696 | 31304 | 100000-<br>20.03.18<br>100000-<br>13.03.19<br>40000-<br>15.07.19 |
| 22 | കറുപ്പൻ<br>തളരംകുന്ന്കോളനി | 346655 | 301439 | 45216 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000 |
| 23 | ചണ്ണ<br>മുണ്ടേരിപൊയിൽ<br>കോളനി | 352552 | 306567 | 45985 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000-<br>22.02.19 |
| 24 | കറുത്ത<br>കോളിമൂല കോളനി | 167140 | 145339 | 21801 | 130000 | 113043 | 16957 | 100000-<br>16.05.18 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 30000-19.12.18 |
| 25 | സുമവിജയൻ എടപ്പെട്ടി കോളനി | 401986 | 349553 | 52433 | 180000 | 156522 | 23478 | 60000-16.05.18<br>100000-22.09.18<br>20000-09.07.19 |
| 26 | നായ്ക്കൻ തളരംകുന്ന്കോളനി | 346655 | 301439 | 45216 | 100000 | 86956 | 13044 | 100000-16.05.18 |
| 27 | അയ്യപ്പൻ ഓടമ്പംകുന്ന് കോളനി | 346655 | 301439 | 45216 | 60000 | 52174 | 7826 | 60000-22.06.18 |
| 28 | കൊളുമ്പൻ കോവക്കുനി കോളനി | 346655 | 301439 | 45216 | 275000 | 239130 | 35870 | 100000-22.06.18<br>100000-19.12.18<br>75000-15.07.19 |
| 29 | ചീരു കോളിമൂല കോളനി | 167141 | 145340 | 21801 | 130000 | 113043 | 16957 | 60000-13.03.19<br>70000- |
| 30 | ഗോപാലൻ കോവക്കുനി കോളനി | 312912 | 272097 | 40815 | 200000 | 173913 | 26087 | 100000-22.06.18<br>100000-19.12.18 |
| 31 | അമ്മിണി തണ്ണിക്കുനി കോളനി | 131000 | 113913 | 17087 | 131000 | 113913 | 17087 | 100000-19.05.18<br>31000-13.03.19 |
| 32 | ചേട്ടൻ കോവക്കുനി കോളനി | 137000 | 119130 | 17870 | 137000 | 119130 | 17870 | 100000-19.05.18<br>37000-25.01.19 |
| 33 | ശിവകുമാർ റാട്ടക്കൊല്ലി കോളനി | 249000 | 216522 | 32478 | 195000 | 169565 | 25435 | 100000-19.05.18<br>95000-19.12.18 |
| 34 | അമ്മിണി നെടുങ്ങോട് കോളനി | 266000 | 231304 | 34696 | 210000 | 182609 | 27391 | 100000-19.05.18<br>100000-20.03.19<br>10000-24.06.19 |
| 35 | ബാബു.സി സൂര്യാംബം കോളനി | 346655 | 301439 | 45216 | 275000 | 239130 | 35870 | 100000-19.05.18<br>100000-19.12.18<br>75000-20.03.19 |
| 36 | സിന്ധു ഗ്രാമക്കുനി കോളനി | 349000 | 303478 | 45522 | 280000 | 243478 | 36522 | 100000-19.05.18<br>100000-26.11.18<br>80000-20.03.19 |
| 37 | വെളിച്ചി ഗൂഡലായിക്കുന്ന് | 381000 | 331304 | 49696 | 300000 | 260869 | 39131 | 100000-19.05.18<br>100000-13.03.19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 100000-28.06.19 |
| 38 | വെള്ളച്ചി<br>മാങ്ങവയൽ കോളനി | 381000 | 331304 | 49696 | 200000 | 173913 | 26087 | 100000-19.05.18<br>100000-13.03.19 |
| 39 | വേണു<br>മാങ്ങവയൽ കോളനി | 381654 | 331873 | 49781 | 300000 | 260869 | 39131 | 100000-19.12.18<br>100000-19.12.18<br>100000-28.06.19 |
| 40 | ശങ്കരൻ<br>നരിക്കുണ്ട് കോളനി | 400000 | 347826 | 52174 | 200000 | 173913 | 26087 | 100000-19.05.18<br>100000-22.08.19 |
| 41 | വിനോദ്<br>പാറവയൽ കോളനി | 400000 | 347826 | 52174 | 320000 | 278261 | 41739 | 100000-19.05.18<br>100000-19.09.18<br>100000-19.02.19<br>20000-20.06.19 |
| 42 | ലക്ഷ്മി<br>നെടുങ്ങോട് എമിലി കുറിച്ച്യകോളനി | 415000 | 360870 | 54130 | 330000 | 286956 | 43044 | 100000-20.03.18<br>100000-13.12.18<br>130000-20.03.19 |
| 43 | കെമ്പി<br>കോളിമൂല കോളനി | 346655 | 301439 | 45216 | 280000 | 243478 | 36522 | 100000<br>22.06.18<br>100000<br>19.12.18<br>80000<br>29.03.19 |
| 44 | ശാന്ത<br>മണ്ഡപക്കുന്ന് കോളനി | 400100 | 347913 | 52187 | 200000 | 173913 | 26087 | 100000-22.06.18<br>100000-<br>19.12.18 |
| 45 | ഭാസ്കരൻ<br>തുറക്കൂട്ടുന്ന്കോളനി | 210000 | 182609 | 27391 | 160000 | 139130 | 20870 | 100000-22.06.18<br>60000-19.12.18 |
| 46 | ലീല<br>മണ്ഡപക്കുന്ന് കോളനി | 147000 | 127826 | 19174 | 147000 | 127826 | 19174 | 80000-22.06.18<br>67000-<br>25.01.19 |
| 47 | അമ്മിണിപാലൻ<br>കുന്നുമ്മേൽ കോളനി | 345263 | 300229 | 45034 | 200000 | 173913 | 26087 | 100000-<br>20.03.18<br>100000-13.03.19 |

സാങ്കേതിക ഉദ്യോഗസ്ഥർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ലാഭ വിഹിതം സഹിതമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായ ചുമതലകൾ പാലിക്കാത്തതിനാലാണ് സർക്കാരിന് അധിക ബാധ്യത ഉണ്ടായിട്ടുള്ളത്. എസ്റ്റിമേറ്റുകൾ വിശദമായ പരിശോധന നടത്താതെ നിർവ്വഹണ

ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി കരാറുടമ്പടി വെച്ചതിനാലാണ് മേൽ വിവരിച്ച നഷ്ടം സംഭവിച്ചിട്ടുള്ളത് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31 /18-19 .തീയതി 04.11.19ക്ക് മറുപടി നൽകിയിട്ടില്ല.നഷ്ടം വന്ന തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.അവസാനഗഡു നൽകുന്നതിന് മുൻപ് എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ തുക ക്രമീകരിക്കേണ്ടതാണ്. (മൂല്യനിർണ്ണയം നടത്തി അവസാനഗഡു അനുവദിച്ച സംഗതികളിൽ നഷ്ടം വന്ന തുക മൂല്യനിർണ്ണയംനടത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.ഖണ്ഡിക 3-6 കാണുക)

## 1-28 അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നഗരസഭയുടെ കണക്കുകളിൽ പെടാത്ത തുക സൂക്ഷിക്കുന്നു.

അസി. എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൽപ്പറ്റ ശാഖയിൽ ഒരു അക്കൌണ്ട് ഉണ്ട് (A/C No. 67271625969). ഈ അക്കൌണ്ട് നഗരസഭയുടെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2019-ൽ ₹536538/- നീക്കിയിരിപ്പുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടറുകളുടെ ഫീസ് പ്രസ്തുത അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഈ തുക നഗരസഭയുടെ തനത് വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ മറ്റ് ഏതൊക്കെ തുകകളാണുള്ളതെന്ന് വ്യക്തമല്ല.

അസി. എഞ്ചിനീയർ 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ഒരു രജിസ്റ്ററാണ് ക്യാഷ് ബുക്കിന് പകരം ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററിൽ നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും മേൽ പറഞ്ഞ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസി. എഞ്ചിനീയർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ട് എന്ത് ആവശ്യങ്ങൾക്കു വേണ്ടി സൂക്ഷിക്കുന്നതാണെന്നും ആരുടെ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ളതാണെന്നും മേൽ പറഞ്ഞ മറ്റ് ന്യൂനതകൾക്കും വിശദീകരണവും അധിക വിവരം നൽകാനുണ്ടങ്കിൽ ആയതും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 26 /2018-19/2.11.2019 ന് മറുപടി നൽകിയിട്ടില്ല.

## 1-29 നഗര സൗന്ദര്യവൽക്കരണം - തുക വിനിയോഗ സാക്ഷ്യ പത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

നഗരസഭയുടെ പ്രോജക്റ്റ് നമ്പർ എസ്.0134/18 അനുസരിച്ച് താഴെ പറയുന്ന ട്രഷറി

ബില്ലുകൾ പ്രകാരം 1,00,00,000/-നാഷണൽ ഹൈവേ വിഭാഗത്തിന് കൈമാറിയിട്ടുണ്ട് (ട്രഷറി അക്കൗണ്ട നമ്പർ - 71602140000100, Executive Engineer, PWD, N.H. Division).

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പറും തീയതിയും | തുക |
|---|---|---|
| 1 | 62/18-19, 03.11.2018 | ₹75,00,000/- |
| 2 | 100/18-19, 16.03.2019 | ₹10,00,000/- |
| 3 | 101/18-19, 16.03.2019 | ₹15,00,000/- |
| | ആകെ | ₹1,00,00,000/- |

നാഷണൽ ഹൈവേ വിഭാഗത്തെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ കാരാറുടമ്പടി, തുക കൈപ്പറ്റ് രശീതി, പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, മുല്യ നിർണ്ണയ രേഖകൾ (അളവ് പുസ്തകം), തുക വിനിയോഗ സാക്ഷ്യ പത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻകയറി നം. 43/2018-19/5.11.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് ₹1,00,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-30 നിഷ്ക്രീയ ആസ്തികൾ - നഗരസഭ ഫണ്ട് പാഴാകുന്നു.

1)അറവുശാല.

ഗൂഡലായികുന്നിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ അറവുശാലയുടെ അധുനികവൽക്കരിക്കുന്നതിനും ആയതിനോട് അനുബന്ധമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി വർഷങ്ങളായി വൻതുക ചെലവഴിച്ച് വരുന്നുണ്ട്. എന്നാൽ നാളിതുവരെ അറവുശാല പ്രവൃത്തന ക്ഷമമമായിട്ടില്ല. 01/11/2019 -ന് നടത്തിയ ഭൗതിക പരിശോധനയിൽ അറവുശാലയുടെ പരിസരം കാട് കയറികിടക്കുന്നതായും അറവുശാലക്കായി നിർമ്മിച്ച കെട്ടിടം നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയിലുമാണ് കാണാൻ കഴിഞ്ഞത്. കെട്ടിടത്തിന്റെ മേൽക്കൂര പല സ്ഥലത്തും തകർന്നിട്ടുണ്ട്.

മൃഗങ്ങളുടെ കശാപ്പ് മാംസ വിൽപ്പന എന്നിയുടെ നിയന്ത്രണം 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 30 (1)-ാം വകുപ്പ് ഒന്നാം പട്ടിക അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്. 452 - ാം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റികൾ നിർബന്ധമായും അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ആവശ്യത്തിന് വർഷംതോറും പ്രോജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിച്ചിട്ടും നിലവിൽ കൽപ്പറ്റ നഗരസഭയ്ക്ക് അറവുശാലയില്ലാത്ത അവസ്ഥയാണ് ഉള്ളത്.

തൻ വർഷം പ്രോജക്ട് നം. എസ്.0053/19 പ്രകാരം അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റ് സംരക്ഷണത്തിനായി ₹1,00,000/- ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം. 127/18-19, 20.03.2019). ആയതിന്റെ ഫയലും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അറവുശാല നിഷ്ക്രീയ ആസ്തിയായി തുടരുന്നതിനാലും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാലും തൻവർഷത്തെ ചെലവുതുകയായ ₹1,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

2)ഗ്യാസ് ക്രിമിറ്റേറിയം

ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിനായി 2014-2015 വർഷത്തിൽ ₹52.65 ലക്ഷം അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി 2015 മാർച്ച് മാസത്തിൽ കരാറുടമ്പടി വെച്ച് അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. കെട്ടിടവും മെഷ്യനറിയും സ്ഥാപിക്കുന്നതിന് ₹47 ലക്ഷവും ജനറേറ്ററും ഷെഡും സ്ഥാപിക്കുന്നതിന് ₹5.65 ലക്ഷവമാണ് വകയിരിത്തിയിട്ടുള്ളത്. കാരാറുടമ്പടി പ്രകാരം 23.10.2015-നകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ

പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് 31.12.2016വരെയും പിന്നീട് 31.12.2017 വരെയും പൂർത്തികരണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടും പ്രസ്തുത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല, കരാർ ലംഘനം നടത്തിയ കോസ്റ്റ് ഫോർഡിനെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2018 മാർച്ച് 5-ാംതീയതി നഗരസഭ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഉദ്ഘടനം നടത്തിയിട്ടുണ്ടെങ്കിലും 01/11/2019 -ന് നടത്തിയ ഭൗതിക പരിശോധനയിൽ ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തന സജ്ജമായിട്ടില്ല എന്ന് നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടു. നഗരസഭ നാളിതുവരെ താഴെ പറയുന്ന പ്രകാരം ₹5053,000/- കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്.

| വർഷം | കൊടുത്ത തുക |
|---|---|
| 2015-16 | ₹1053000 |
| 2016-17 | ₹500000 |
| 2017-18 | ₹1000000 |
| 2018-19 | ₹2500000 |
| ആകെ | ₹50,53,000/- |

ഇൗ വകുപ്പിന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-19, 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2, 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 എന്നിവ പ്രകാരം പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചകൾ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും നടപടികൾ ഉണ്ടായിട്ടില്ല. തൻ വർഷത്തെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ 4.11.2019 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തന സജ്ജമായിട്ടില്ലാത്തതിനാലും ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കാത്തതിനാലും തൻവർഷത്തെ ചെലവ് തുക ₹25,00,000/- (വൗച്ചർ നം. 61/18-19, 29.11.2018) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

3)പട്ടികവർഗ്ഗ വനിത ഹോസ്റ്റൽ & ട്രയിനിംഗ് സെന്റർ

പട്ടികവർഗ്ഗ വനിത ഹോസ്റ്റൽ & ട്രയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 2012-13 വർഷം മുതൽ താഴെ പറയുന്ന പ്രകാരം തൻവർഷം വരെ ആകെ ₹1,25,35,584/- ചെലവഴിച്ചിട്ടുണ്ട്.

| വർഷം | കൊടുത്ത തുക |
|---|---|
| 2012-13 | ₹4126040 |
| 2014-15 | ₹3974679 |
| 2017-18 | ₹2398610 |
| 2018-19 | ₹2036255 |
| ആകെ‍ം | ₹1,25,35,584/- |

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലട്രിഫിക്കേഷൻ പ്ലംബിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കിയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ പട്ടികവർഗ്ഗ വനിത ഹോസ്റ്റൽ & ട്രയിനിംഗ് സെന്ററിനു വേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിന് പല പ്രോജക്ടുകൾ തയ്യാറാക്കിയാണ് നടപ്പിലാക്കി വരുന്നത്. ഉദാഹരണമായി 2018-19 വർഷത്തിൽ തന്നെ പ്രോജക്ട് നമ്പർ എസ്. 0169/19 എന്ന സ്പിൽ ഓവർ പ്രോജക്ടിന് പുറമേ തൻവർഷം പ്രോജക്ട് നമ്പർ എസ്. 0019/19 – ആയി പുതിയ പ്രോജക്ടും തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രോജക്ട് പ്രകാരം തൻ വർഷം ചെലവില്ല. ഒരാവശ്യത്തിന് വേണ്ടി ഒന്നിൽ കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി

നടപ്പിലാക്കുന്നത് മാർഗ്ഗരേഖ ലംഘനമാണ്.

01/11/2019 -ന് നടത്തിയ ഭൗതിക പരിശോധനയിൽ പട്ടികവർഗ്ഗ വനിത ഹോസ്റ്റൽ & ട്രയിനിംഗ് സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായതായി കാണുകയുണ്ടായി. എന്നാൽ ഹോസ്റ്റലും & ട്രയിനിംഗ് സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

5.11.2019 -ലെ ഓഡിറ്റ് എൻകയറി നം. 44 /2018-19 പ്രകാരം മേൽ പറഞ്ഞ സ്ഥാപനങ്ങൾ നാളിതുവരെ പ്രവർത്തനമാരംഭിക്കാത്തത് സംബന്ധിച്ചി വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ നിഷ്ക്രീയമായി കിടക്കുന്ന ആസ്തികൾ പ്രവർത്തന സജ്ജമാക്കി അറിയിക്കേണ്ടതാണ്. തൻവർഷ ചെലവ് തുക ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-31 നിയമ വിരുദ്ധമായ നിർമ്മാണം പൊളിച്ചുമാറ്റിയത് - ചെലവ് ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

നഗരസഭയുടെ അനക്സ് കെട്ടിട നിർമ്മാണത്തിനായി തോട് കയ്യേറി നിർമ്മിച്ച കോൺക്രീറ്റ് ഭിത്തി പൊളിച്ചു നീക്കിയതായി 24.10.2019 -ലെ ദിന പത്രങ്ങളിൽ വാർത്തയുണ്ടായിരുന്നു. നഗരസഭ കോൺഫ്രൻസ് ഹാൾ നിർമ്മാണത്താട് അനുബന്ധിച്ച് തോടിന് ഇരുവശവും നിർമ്മിച്ച കോൺക്രീറ്റ് ഭിത്തിയാണ് പൊളിച്ചതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

പ്രസ്തുത കോൺക്രീറ്റ് ഭിത്തി നഗരസഭയുടെ ഏത് പ്രോജക്ട് പ്രകാരമാണ് നിർമ്മിച്ചതെന്നും (പദ്ധതിഫയൽ, ബില്ലുകൾ, അളവുപുസ്തകങ്ങൾ എന്നിവ സഹിതം), ആയതിന് എത്ര ചെലവ് വന്നെന്നും. അനധികൃതമായി തോടിന് ഇരുവശവും കോൺക്രീറ്റ് ഭിത്തി നിർമ്മിച്ചതിന്റെ ഉത്തരവദിത്തം ആർക്കാണെന്നും. ആയത് പൊളിച്ചു നീക്കുന്നതിന് എത്ര രൂപ ചെലവായെന്നും(ഫയൽ ,ബില്ലുകൾ , അളവുപുസ്തകങ്ങൾ എന്നിവ സഹിതം) പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതെന്നും (ചെക്ക്/ വൗച്ചർ നം. /തിയ്യതി സഹിതം) അറിയിക്കാൻ ആവശ്യപ്പെട്ട് 4.11.2019 - ന് നൽകിയ ഓഡിറ്റ് എൻകയറി നം. 39/2018-19 - ന് മറുപടി അസി. എഞ്ചിനീയർ / സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

പൊളിച്ചു മാറ്റിയ നിർമ്മിതിക്ക് എത്ര നിർമ്മാണ ചെലവ് ഉണ്ടായിട്ടുണ്ടെന്നും അത് പൊളിച്ചുമാറ്റിയതിന് എത്ര ചെലവ് വന്നിട്ടുണ്ടെന്നും ഒരു സാങ്കേതിക സമിതിയെ കൊണ്ട് കണ്ടെത്തി പ്രസ്തുത തുക ഉത്തവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 കരിങ്കൽ കെട്ട് തകർന്നത് കരാറുകാരന്റെ ചെലവിൽ പുന:സ്ഥാപിച്ചില്ല.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നം. 182/19, ഗൂഡലായ് ഫറൂക്ക് റോഡ് നവീകരണം എന്ന പ്രവൃത്തിയിൽ നിർമ്മാണം നടത്തിയ , റോഡിന്റെ ഇടത് ഭാഗത്ത് നിർമ്മിച്ച കരിങ്കൽ കെട്ട് തകർന്നു കിടക്കുകയാണ്. 01.11.2019 -ന് നടത്തിയ സംയുക്ത സൈറ്റ് പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെടുകയുണ്ടായി. വർഷകാലത്തിന് മുമ്പ് വേനൽ മഴയിലാണ് കരിങ്കൽ കെട്ട് തകർന്നത് എന്ന് സംയുക്ത സൈറ്റ് പരിശോധന സമയത്ത് ഒരു പ്രദ്ദേശവാസി അറിയിക്കുകയുണ്ടായി. നിർമ്മാണത്തിലെ അപാകതയാണ് കരിങ്കൽ കെട്ടിന്റെ തകർച്ചയ്ക്ക് കാരണമായതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. (വർഷക്കാലം അവസാനിക്കാറായിട്ടും കരിങ്കൽ കെട്ടിന്റെ കല്ലുകൾ ഒലിച്ചുപോകാതെ അവിടെ തന്നെ ഉള്ളതായി കാണുകയുണ്ടായി.)

തകർന്ന കരിങ്കൽ കെട്ട് കരാറുകരന്റെ ചെലവിൽ പുന:സ്ഥാപിക്കത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/2018-19/ 4.11.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ ചെലവ് തുക ₹417881/- (ട്രഷറി ബിൽ നം. 54/18-19, 29.11.2018) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-33 കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭ ഫണ്ട് നഷ്ടപ്പെടുന്നു.

നഗരസഭ വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും വകയിരുത്തി നടപ്പിലാക്കിയ പല പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കതെ അളവ് പുസ്തകത്തിൽ പ്രവൃത്തി പൂർത്തിയായതായി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും പ്രവൃത്തികളുടെ ചെലവ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ രീതിയിൽ പ്രവൃത്തി പൂർത്തിയായതായി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും പ്രവൃത്തി മൂല്യവും എഗ്രിമെന്റ് തുകയും തമ്മിൽ വളരെ അന്തരമുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. , പേര് | പൂർത്തിയാക്കുള്ള പ്രവൃത്തിയുടെ എഗ്രിമെന്റ് തുക | പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെആകെ മൂല്യം | ബാക്കിയായ തുക |
|---|---|---|---|---|
| 1 | എസ്0315/18, ചാത്തോത്ത് വയൽ സംഗീത ടീച്ചർ വീട് പരിസരം | 398885 | 233724 | 165161 |
| 2 | എസ്0168/18, മരവയൽ കോളനി ചുറ്റുമതിൽ പൂർത്തികരണം | 495463 | 302523 | 192940 |
| 3 | എസ്0118/18, നഗരസഭ ആസ്തി സംരക്ഷണം | 495557 | 297023 | 198534 |
| 4 | എസ്0304/18, അംഗൻവാടി കെട്ടിട നവീകരണം | 991439 | 651632 | 339807 |
| 5 | എസ്0146/18, സെയ്ത് വീട് പരിസരം ഡ്രൈനേജ് | 267054 | 173246 | 93808 |
| 6 | എസ്0025/18, എമിലി ഗ്രാന്റ് ഫോർമർ റോഡ് | 269149 | 140150 | 128999 |
| 7 | എസ്0318/18, പൊട്ടിയ ഡ്രൈനേജ് കവറിംഗ് സ്ലാബുകൾ മാറ്റി | 485055 | 380660 | 104395 |

| | | | | |
|---|---|---|---|---|
| | പ്രീകാസ്റ്റ് സ്ലാബുകൾ സ്ഥാപിക്കൽ | | | |
| 8 | എസ്0230/18, വിവിധ പട്ടിക വർഗ്ഗ കോളനികളിൽ പൊതുകക്കൂസ് നിർമ്മാണം | 590006 | 156294 | 433712 |
| 9 | എസ്099/18, ശിശുമന്ദിരം സംരക്ഷണ ഭിത്തി | 899541 | 625072 | 274469 |
| 10 | എസ്0181/18, ജനറൽ ആശുപത്രി കെട്ടിടം അനുബന്ധ സൗകര്യം | 984823 | 177429 | 807394 |
| 11 | എസ്0173/18, വിവധ കോളനികളിൽ ഫൂട്ട്പാത്ത് | 1261502 | 895254 | 366248 |
| 12 | എസ്. 0225/19, റാട്ടക്കൊല്ലി ആനപ്പാറ മരക്കാർ പുത്തൂർവയൽ റോഡ്. | 452135 | ₹299790/- | 152346 |
| ആകെ | | | | ₹3257813/- |

മേൽ പറഞ്ഞ പറഞ്ഞ പ്രവൃത്തികളുടെ അളവ് പുസ്തകങ്ങളിൽ പല ഇനം പ്രവൃത്തികളും ചെയ്തിട്ടില്ല എന്നും പല ഇനം പ്രവൃത്തികളും എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടതിലും വളരെ കുറഞ്ഞ അളവിൽ മാത്രം ചെയ്തതായുമാണ് കാണുന്നത്. എന്നാൽ പ്രസ്തുത ഇനം പ്രവൃത്തികൾ നടത്താത്തതിനും കുറഞ്ഞ അളവിൽ ചെയ്തതിനും കാരണം രേഖപ്പെടുത്താതെയാണ് സാങ്കേതിക ഉദ്യോഗസ്ഥൻ പ്രവൃത്തി പൂർത്തിയായി എന്ന് അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാതെ പ്രവൃത്തികൾ പൂർത്തികരിച്ചെന്ന് സാക്ഷ്യപ്പെടുത്തിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 /2018-19/ 4.11.2019 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും വർഷാവസാനം ലാപ്സാകും എന്നതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ന്യൂനത കാരണം മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികൾക്കു വേണ്ടി അധികമായി വകയിരുത്തേണ്ടി വന്ന തുക ₹32,57,813/- നഗരസഭയുടെ വികസനത്തിന് വിനിയോഗിക്കാനാകാതെ നഷ്ടപ്പെട്ടിരിക്കുകയാണ്. നഗരസഭ ഫണ്ട് നഷ്ടപ്പെടുന്നതിന് ഉത്തരവാദിയായവർക്കെതിരെ (എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥർ) നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

നഗരസഭ 2018-19 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് നം. എസ്.0331/18, ജനറൽ ഹോസ്പ്പിറ്റൽ എച്ച്.ഡി. കണക്ഷൻ (വൗച്ചർ നം. 1/18-19, 24.05.2018 തുക: ₹5,50,000/-)

2) പ്രോജക്ട് നം. എസ്.0124/18, റാട്ടക്കൊല്ലിമല കുടിവെള്ള പദ്ധതി വിപുലീകരണം. (വൗച്ചർ നം. 28/18-19, 24.05.2018 തുക: ₹1,38,201/-)

3) പ്രോജക്ട് നം. എസ്.0277/18, പഠന വീട് വൈദ്യുതീകരണം. (വൗച്ചർ നം. 32/18-19, 24.05.2018 തുക: ₹73,215/-)

4) വെള്ളാരംകുന്ന് ഖരമാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ് (വൗച്ചർ നം. 40/18-19, 17.08.2018 തുക: ₹10,00,000/-; വൗച്ചർ നം. 50/18-19, 29.10.2018 തുക: ₹15,20,000/-; വൗച്ചർ നം. 65/18-19, 29.10.2018 തുക: ₹16,00,000/-))

5) ഗ്യാസ് ക്രിമിറ്റോറിയം (വൗച്ചർ നം. 61/18-19, 29.11.2018 തുക: ₹25,00,000/-)

6) പ്രോജക്ട് നം. എസ്.0311/18, വിവിധ കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ വാട്ടർ അതോറിറ്റിയിൽ പണം നിക്ഷേപിക്കൽ (വൗച്ചർ നം. 74/18-19, 22.12.2018 തുക: ₹20,00,000/-)

7) പ്രോജക്ട് നം. എസ്.0121/18, മുനിസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ വാട്ടർ അതോറിറ്റിയിൽ പണം നിക്ഷേപിക്കൽ (വൗച്ചർ നം. 102/18-19, 12.03.2019 തുക: ₹5,55,535/-; വൗച്ചർ നം. 103/18-19, 16.03.2019 തുക: ₹18,00,000/-; വൗച്ചർ നം. 104/18-19, 16.03.2019 തുക: ₹16,00,000/-; വൗച്ചർ നം. 105/18-19, 16.03.2019 തുക: ₹16,00,000/-)

8) പ്രോജക്ട് നം. എസ്.0053/19, അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റ് സംരക്ഷണം (വൗച്ചർ നം. 127/18-19, 20.03.2019 തുക: ₹1,00,000/-)

04/11/2019 ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പറഞ്ഞ വൗച്ചറുകൾ പ്രകരമുള്ള ആകെ തുക ₹1,23,63,736/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു (ക്രമ നമ്പർ 5, 8 എന്നിവ പ്രകാരമുള്ള ചെലവുകൾ ഒഴികെ. പ്രസ്തുത ചെലവുകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക നം. 1-30 -ൽ തടസ്സത്തിൽ വെച്ചിട്ടുണ്ട്). ചെലവുകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും (ഫയൽ, എഗ്രിമെന്റ്, അളവ് പുസ്തകം, കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം, ഭൗതിക നേട്ട റിപ്പോർട്ട് തുടങ്ങിയ രേഖകൾ) പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ച് രേഖകൾ ഇല്ലാ എന്ന നിഗമനത്തിൽ എത്തിച്ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-35 കരാറുടമ്പടി പ്രകാരം കരാറുകാർക്ക് പരാമവധി നൽകാവുന്നതിലും അധിക തുക നൽകി.

1997 - ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സാധനങ്ങൾ വാങ്ങലും) ചട്ടങ്ങലിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ടിവരുന്ന പണിയോ നടത്തേണ്ടിവരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടിവരുന്ന പണിക്ക്, എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, അതിന് ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാരസ്ഥാനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നതിനു മുൻപ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായിചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാനാകാത്തതാണ് എന്ന് ബോദ്ധ്യപ്പെടുത്തേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കരാറുകാരൻ അംഗീകരിച്ചത് പ്രകാരമുള്ള കരാർ തുകയാണ് മരാമത്ത് പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്. അധികമായി പ്രവൃത്തി ചെയ്യേണ്ടതായി

വരുകയാണെങ്കിൽ മേൽപറഞ്ഞ ചട്ടം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ്സ് ചെയ്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ/ ഓഫർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് തുക, ട്രഷറി ബിൽ നം., തീയതി | കരാറുകരൻ അംഗീകരിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | എസ്.0180/19, ഗസ്റ്റ് ഹൗസ് മണിയങ്കോട് പാച്ച് ടാറിംഗ് | ₹400000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 353372/- ലംപ്സം }:46628/- പ്രൊവിഷൻ } (13%) | 399166/-, 84/18-19, 18.01.2019 | 353372/- | 45794/- |
| 2 | എസ്.0214/19, ബേബി വീട് പരിസരം മുതൽ സുബോദ് വീട് പരിയരം വരെ നടപ്പാത നിർമ്മാണം | ₹200000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:180744/- ലംപ്സം }:19256/- പ്രൊവിഷൻ} (10.7%) | ₹200000/- 99/18-19, 12.03.2019 | 180744/- | 19256/- |
| 3 | എസ്.0227/19, ഫോറസ്റ്റ് ഓഫീസ് പരിസരം റോഡ് പാച്ച് സോളിംഗ് | ₹300000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:267505/- ലംപ്സം }:32495/- പ്രൊവിഷൻ} (12.1%) | ₹290936/- (151549/- 138/18-19, 27.03.2019; 90/18-19, 12.03.2019 ) | 267505/- | 23431/- |
| 4 | എസ്.0201/19, | 300000/-രൂപ | 295150/- (90/18-19, | 269085/- | 26065/- |

| | | | | | |
|---|---|---|---|---|---|
| | ഫോറസ്റ്റ് ഓഫീസ് പരിസരം റോഡ് പാച്ച് സോളിംഗ് | (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 269085/- ലംപ്സം }:30915/- പ്രൊവിഷൻ} (11.5%) | 12.03.2019) | | |
| 5 | എസ്.0196/19, മണിയങ്കോട് പൊന്നാട റോഡ് പാച്ച് ടാറിംഗ് | 800000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 718085/- ലംപ്സം }:81915/- പ്രൊവിഷൻ} (11.4%) | 729474/- (69/18-19, 19.12.2018) | 717285/- (0.1% കുറവ് നിരക്ക്) | 12189/- |
| 6 | എസ്.0188/19, എമിലി മണിയങ്കോട് പാച്ച് ടാറിംഗ് | 300000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 269448/- ലംപ്സം }: 30552/- പ്രൊവിഷൻ} (11.3) | 299700/- (70/18-19, 19.12.2018) | 269448/- | 30252/- |
| 7 | എസ്.0233/19, വാസുവീട് പരിസരം സൈഡ് കെട്ടൽ | 200000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:179364/- ലംപ്സം }:21066/- പ്രൊവിഷൻ} (11.5%) | 199405/- (86/18-19, 12.3.2019) | 179364/- | 20041/- |
| 8 | എസ്.0014/18, ചെറിയക്കൻ | 300000/-രൂപ (ഫിനാൻസ് | 285940/- (63/18-19, 15.12.2018) | 267326/- | 18614/- |

| | | | | | |
|---|---|---|---|---|---|
| | റോഡ് പാച്ച് ടാറിംഗ് | കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:267326/- ലംപ്സം}:32674/- പ്രൊവിഷൻ} (12.2%) | | | |
| 9 | എസ്.0199/19, കൊഴുത്തട്ട - കോട്ടാമ്പിറ റോഡ് ടാറിംഗ് | 500000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 446983/- ലംപ്സം }: 53017/- പ്രൊവിഷൻ} (11.86%) | 496080/- (70/18-19, 19.12.2018) | 446983/- | 49097/- |
| 10 | എസ്.00186/18, കീർത്തിനഗർ - 2 പാച്ച് ടാറിംഗ് | 250000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) ടി.എസ്. തുക:200000/- എസ്റ്റിമേറ്റ് തുക:177769/- ലംപ്സം}:22231/- പ്രൊവിഷൻ} (12.5%) | 185588/- (49/18-19, 12.10.2018) | 177769/- | 7819/- |
| 11 | എസ്.0103/19, ജില്ലാ ലൈബ്രറി കോൺക്രീറ്റ് റോഡ് റിപ്പയർ | 150000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:139129 /- ലംപ്സം }:10871/- പ്രൊവിഷൻ} (11.86%) | 126600/- (52/18-19, 21.11.2018) | 117425/- (15.6% കുറവ് നിരക്ക്) | 9175/- |
| 12 | എസ്.0023/18, കൈരളി നഗർ റോഡ് റീടാറിംഗ് | 700000/-രൂപ (സംരക്ഷണ ഗ്രാന്റ് ) | 658618/- (7/18-19, 23.05.2018) | 626942/- | 31676/- |

| | | | | | |
|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തുക: 626942/- ലംപ്സം }: 73058/- പ്രൊവിഷൻ} (11.7%) | | | |
| 13 | എസ്.0019/18, ബൈപ്പാസ് ബാബു വീട് പരിസരം റോഡ് ടാറിംഗ് | 300000/-രൂപ (സംരക്ഷണ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക: 261962/- ലംപ്സം }: 38038/- പ്രൊവിഷൻ} (14.5%) | 300000/- (31/18-19, 24.05.2018) | 261962/- | 38038/- |
| 14 | എസ്.00128/18, സത്യൻ വീട് പരിസരം റോഡ് കോൺക്രീറ്റ് | 200000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:180916/- ലംപ്സം}:19084/- പ്രൊവിഷൻ} (10.9%) | 193800/- (20/18-19, 24.05.2018) | 175308/- (3.1% കുറവ് നിരക്ക്) | 18492/- |
| 15 | എസ്.0100/18, ബിച്ചോതി വീട് പരിസരം നടപ്പാത കോൺക്രീറ്റ് | 400000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:357081/- ലംപ്സം}:42919/- പ്രൊവിഷൻ} (12%) | 388000/- (19/18-19, 24.05.2018) | 356010/-(0.3% കുറവ് നിരക്ക്) | 31990/- |
| 16 | എസ്.0166/18, പുവനാഴി റഷീദ് വീട് പരിസരം നടപ്പാത കോൺക്രീറ്റ് | 200000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:177985/- | 184419/- (21/18-19, 24.05.2018) | 177985/- | 6434/- |

| | | | | | |
|---|---|---|---|---|---|
| | | ലംപ്സം }:22015/- പ്രൊവിഷൻ} (12.4%) | | | |
| 17 | എസ്.0219/19, റാട്ടകൊല്ലി സന്തോഷ് വീട് പരിസരം റോഡ് മെറ്റലിംഗ് | 200000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) എസ്റ്റിമേറ്റ് തുക:173061/- ലംപ്സം}:26939/- പ്രൊവിഷൻ} (12%) | 200000/- (38/18-19, 31.07.2018) | 173061/- | 26939/- |
| ആകെ അധികം | | | | | ₹415302/- |

പ്രോജക്ടിൽ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നുമാണ് അധികമായി നൽകിയ തുക നൽകിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാനവലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംപ്സം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. 1601.1.2.(ഇ) അനുസരിച്ച് ലംപ്സം പ്രവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5% -ൽ അധികരിക്കാൻ പാടില്ലാത്തതാണ്. ആയതും പാലിച്ചിട്ടില്ല. അംഗീകരിച്ച എസ്റ്റിമേറ്റിൽ 5% വരെ വർദ്ധനവ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാന പ്രകാരം വർക്ക് സ്ലിപ്പ് വഴി സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ നടപ്പാക്കാവുന്നത്. മേൽ പ്രവൃത്തികളിലെല്ലാം 5%-ൽ അധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എസ്റ്റേമറ്റ് റിവൈസ് ചെയ്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്.

കരാറുടമ്പടി പ്രകാരം കരാറുകാരറുകാർക്ക് പരാമവധി നൽകാവുന്നതിലും അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/2018-19/ 2.11.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചട്ട വിരുദ്ധമായി കരാറുകാർക്ക് അധികമായി നൽകിയ തുക ₹415302/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ടെണ്ടർ നടത്താതെ കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പല പ്രോജക്ടുകളും കരാറുകാർ സമർപ്പിച്ച സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും, പ്രോജക്ടിന്റെ പേരും | കരാറുകാരൻ, കരാറുടമ്പടി നം. തീയതി. | ചെലവ് തുകയും ട്രഷറി ബിൽ നമ്പറും |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | എസ്. 0186/18, കീർത്തിനഗർ പാച്ച് ടാറിംഗ് | എ.പി. ഹംസ, 157/17-18, 26/03/2018 | ₹185588/- 49/18-19, 12.10.2018 |
| 2 | എസ്. 0199/19, കൊഴുത്തട്ട - കോട്ടാമ്പിറ റോഡ് ടാറിംഗ് | കെ.സി. അഷറഫ്, 145/17-18, 09/02/2018 | ₹496080/- 45/18-19, 29.09.2018 |
| 3 | എസ്. 0091/19, അംബേദക്കർ റോഡ് ടാറിംഗ് | എ. വർക്കി, 89/18-19, 02/03/2019 | ₹400000/- 139/18-19, 27.03.2019 |
| 4 | എസ്. 0259/19, വെള്ളാരംകുന്ന് പുഴമുടി റോഡ് പാച്ച് ടാറിംഗ് | മുഹമ്മദ് കുഞ്ഞി, 153/17-18, 07/03/2018 | ₹533716/- 77/18-19, 29.12.2018 |
| 5 | എസ്. 0199/19, ചുഴലി കുന്നമ്പറ്റ റോഡ് പാച്ച് ടാറിംഗ് | മുഹമ്മദ് കുഞ്ഞി, 155/17-18, 07/03/2018 | ₹404555/- 76/18-19, 29.12.2018 |
| 6 | എസ്. 0196/19, മണിയങ്കോട്ട് പൊന്നാട റോഡ് പാച്ച് ടാറിംഗ് | എം.എം. തോമസ്, 04/18-19, 12/04/2019 | ₹729474/- 69/18-19, 19.12.2018 |
| 7 | എസ്. 0224/19, മുത്തലിബ് വിട് പരിസരം റോഡ് പൂർത്തികരണം | എ. വർക്കി, 171/17-18, 26/03/2018 | ₹407263/- 97/18-19, 12.3.2019 |
| 8 | എസ്. 0225/19, റാട്ടക്കൊല്ലി ആനപ്പറ മരക്കാർ പുത്തുർവയൽ റോഡ്. | കെ.സി. അഷറഫ്, 170/17-18, 26/03/2018 | ₹299790/- 64/18-19, 19.12.2018 |
| 9 | എസ്. 0040/18, വട്ടക്കരി വയൽ റോഡ് ടാറിംഗ് | അബ്ദുൾ ഗഫൂർ, 149/17-18, 28.02.2018 | ₹274434/- 80/18-19, 07.01.2019 |
| 10 | എസ്. 0184/19, കോൺഗ്രസ് ഭവൻ റോഡ് പുനരുദ്ധാരണം | എ.പി. ഹംസ, 156/17-18, 26/03/2018 | ₹142544/- 68/18-19, 19.12.2018 |
| 11 | എസ്. 0286/19, മൈതാനിപള്ളി ചെമ്മണ്ണൂർ ജംഗ്ഷൻ റോഡ് റീ ടാറിംഗ് | പി.ടി. തോമസ്, 83/18-19, 19/02/2019 | ₹849931/- 135/18-19, 27.03.2019 |
| ആകെ | | | ₹47,23,375/- |

മേൽ പറഞ്ഞ പ്രവൃത്തികളുടെ ടെണ്ടർ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ഇത്തരത്തിൽ കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയതിന് ആധാരമായ നിയമം/ചട്ടം, ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുണ്ടങ്കിൽ അവയുടെ വിശദാംശങ്ങൾ സഹിതം വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 33/2018-19/4.11.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടുകൾക്ക് പുറമേ രണ്ട് പ്രവശ്യം ടെണ്ടർ നടത്തിയിട്ടും കരാറുകാർ ടെണ്ടർ സമർപ്പിക്കാത്ത പല പ്രവൃത്തികളും കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടറുകൾ നടത്താതെ കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കിയ മേൽ പറഞ്ഞ പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹47,23,375/- ഓഡിറ്റ് തടസത്തിൽ വെയ്ക്കുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 നഗരസഭ ഫണ്ടിന്റെ ദുർവിനിയോഗം.

കേരള മുനിസിപ്പാലിറ്റി നിയമം 346, 347 എന്നീ വകുപ്പുകൾ അനുസരിച്ച് പൊതു തെരുവുകൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് മുനിസിപ്പൽ ഫണ്ട്

വിനിയോഗിക്കാവുന്നത്. എന്നാൽ നഗരസഭ തൻവർഷം നടപ്പാക്കിയ പല കോൺക്രീറ്റ് പ്രവൃത്തികളും 'പൊതു തെരുവുകൾ' നിർമ്മിക്കുന്നതിനുള്ളവയല്ല എന്ന് കണ്ടു. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്ക് ആണ് നടപ്പാത കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത് .പ്രസ്തുത പ്രവർത്തികൾക്കായി ചെലവാക്കിയ തുക 63567/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.വിശദാംശങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

## 1-38 ടെണ്ടർ ബിലോ കുറവു ചെയ്തത് കുറവ്.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നം. 101/19, ഗൂഡലായികുന്ന് അംഗൻവാടി മുതൽ കമ്പ്രത്ത് വീട് പരിസരം നടപ്പാത കോൺക്രീറ്റ് പ്രവൃത്തിയുടെ 20.07.2018-ൽ നടത്തിയ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11% കുറവ് നിരക്ക് രേഖപ്പെടുത്തിയ അനൂപ് തോമസ് എന്ന കരാറുകരന്റെ ടെണ്ടർ അംഗീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ തുക നൽകിയപ്പോൾ എസ്റ്റിമേറ്റ് തുകയുടെ 11% കുറവ് ചെയ്യേണ്ടതിന് പകരം 10% -ആണ് കുറവ് ചെയ്തിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ₹3281/- അധികം നൽകിയിട്ടുണ്ട് വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-39 ടൗൺ ഹാൾ നിർമ്മാണം - തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ എസ്. 0249/19, ആധുനിക ടൗൺ ഹാൾ നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം കൽപ്പറ്റ നഗരസഭയിൽ ആധുനിക രീതിയിലുള്ള ടൗൺ ഹാൾ, ഉൽപ്പന്ന സംസ്കരണ വിപണന കേന്ദ്രം എന്നിവ നിർമ്മിക്കുന്നതിന് ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പത്ത് ലക്ഷം രൂപയാണ് അടങ്കൽ. ആയതിന് അടങ്കൽ നിശ്ചയിച്ചതിന്റെ അടസ്ഥാനം വ്യക്തമല്ല. ടെണ്ടർ വിളിക്കാനാണ് 14.06.2017 -ൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ 03.07.2017 -ന് ക്വട്ടേഷനാണ് വിളിച്ചിച്ചുള്ളത്. ആയതിൽ ജോസ് & ജെ.ജെ. ആർക്കിടെക്റ്റ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. ട്രഷറി ബിൽ നം. 67/18-19, 21.12.2018 പ്രകാരം ₹342500/- നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ചമച്ച കരാടുമ്പടി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന് തുക നൽകിയതന് ആധാരമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (സ്ഥാപനം തയ്യാറാക്കിയ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.).

മേൽ പറഞ്ഞവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആധുനിക രീതിയിലുള്ള ടൗൺ ഹാൾ, ഉൽപ്പന്ന സംസ്കരണ വിപണന കേന്ദ്രം എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും ആയതിന് എത്ര തുക ആവശ്യമാണെന്നും. തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്ന വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/2018-19/5.11.2019 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹342500/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി റോഡ് മെറ്റലിംഗ് നടത്തി.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരറുടെ 10.08.2016 -ലെ സർക്കുലർ നം. ഡി,ബി.3/6512/സി.ഇ./തസ്വഭവ് പ്രകാരം 2016-17 വർഷത്തിന് ശേഷം റോഡ് പ്രവൃത്തികൾക്ക് വാട്ടർ ബൗണ്ട് മെക്കാഡം പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ വാട്ടർ ബൗണ്ട് മെക്കാഡം ആണ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും, പ്രോജക്ടിന്റെ പേരും | കരാറുകാരൻ, കരാറുടമ്പടി നം. | ചെലവ് തുകയും ട്രഷറി ബിൽ നമ്പറും |
|---|---|---|---|

| | | | |
|---|---|---|---|
| | | തീയതി. | |
| 1 | എസ്. 0206/19, മഞ്ഞളാം കൊല്ലി മോഹൻ വീട് പരിസരം നടപ്പാത നിർമ്മാണം | സലിം കാരാടൻ, 74/17-18, 12/12/2018 | ₹90805/- 136/18-19, 27.03.2019 |
| 2 | എസ്.0219/19, റാട്ടകൊല്ലി സന്തോഷ് വീട് പരിസരം റോഡ് മെറ്റലിംഗ് | എൻ. അസീസ്, 125/17-18, 25/01/2018 | 200000/- (38/18-19, 31.07.2018) |

ചീഫ് എഞ്ചിനീയരറുടെ നിർദ്ദേശത്തിന് വിരുദ്ധമായി റോഡ് മെറ്റലിംഗ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം .32/2018-19/ 4.11.2019 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകൾ ക്രമ നം. I - ₹90805/-, ക്രമ നം. II - 200000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 കരാറുടമ്പടിവെച്ച് ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ടെണ്ടർ നടത്തി കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. , പേര് | അടങ്കൽ, ഫണ്ട് | കരാറുടമ്പടിയുടെ നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | എസ്0142/19, 1തലാരം കുന്ന് കോളനിയിൽ തോട് മുതൽ കോളനി വരെ നടപ്പാത | ₹200000/- സംരക്ഷണ ഗ്രാന്റ് | 39/2018-19, 20.10.2018 | കെ.പി. ജോണി |
| 2 | എസ്0105/19, കല്ലടികുന്ന് കോൺക്രീറ്റ് നടപ്പാത റിപ്പയർ | ₹480000/- സംരക്ഷണ ഗ്രാന്റ് ₹120000/- തനത് ഫണ്ട് | 33/2018-19, 12.10.2018 | കെ.പി. ജോണി |
| 3 | എസ്0097/19, എമിലിതടം റോഡ് ഓട റിപ്പയർ | ₹100000/- സംരക്ഷണ ഗ്രാന്റ് | 45/2018-19, 30.10.2018 | എൻ. അസീസ് |
| 4 | എസ്00089/19, പഴന്താറ്റിൽ കോളനി റോഡ് പാച്ച് വർക്ക് | ₹240000/- സംരക്ഷണ ഗ്രാന്റ്) ₹60000/- തനത് ഫണ്ട് | 27/2018-19, 01.10.2018 | എൻ. അസീസ് |

| | | | | |
|---|---|---|---|---|
| 5 | എസ്0075/19, അമിലി മണിയങ്കോട് റോഡ് പാച്ച് ടാറിംഗ് | ₹200000/- സംരക്ഷണ ഗ്രാന്റ്) | 26/2018-19, 01.10.2018 | എൻ. അസീസ് |
| 6 | എസ്0057/19, ശുചീകരണ സാമഗ്രികൾ സ്ഥാപിക്കുന്നതിന് സ്റ്റോർ റൂം | ₹50000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 45/2018-19, 30.10.2018 | എൻ. അസീസ് |
| 7 | എസ്0113/19, വെള്ളാരംകുന്ന് പള്ളി നടപ്പാത വയൽ ഭാഗം മുതൽ പാടിവരെ കോൺക്രീറ്റ് ഓട | ₹250000/- സംരക്ഷണ ഗ്രാന്റ് | 37/2017-18, 20.10.2018 | കെ.സി. അഷറഫ് |
| 8 | എസ്0145/19, പൂളകുന്ന് റോഡ് കോഫി ബോർഡ് ക്വാട്ടേഴ്ള് മുതൽ വയൽ ഭാഗം രവിചന്ദ്രൻ വീട് വരെ ഡ്രൈനേജ് | ₹250000/- സംരക്ഷണ ഗ്രാന്റ് | 50/2018-19, 19.11.2018 | അനൂപ് തോമസ് |
| 9 | എസ്0144/19, കീരൻ വീട് നടപ്പാത | ₹200000/- സംരക്ഷണ ഗ്രാന്റ് | 24/2018-19, 26.09.2018 | കെ.പി. ജോണി |
| ആകെ അടങ്കൽ തുക | | ₹21,50,000/- | | |

മേൽ പറഞ്ഞ കരാറുകാർക്കെതിരെ നിർവ്വഹണം ഉദ്ധ്യോഗസ്ഥൻ നടപടി എടുത്തതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റിയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപറഞ്ഞ പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ചതായി കാണുന്നില്ല.

വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ ചെലവഴിക്കാത്ത ആകെ തുക ₹19,70,000/- (തനത് ഫണ്ട് ഒഴികെയുള്ള തുക) നഗരസഭയ്ക്ക നഷ്ടമായിട്ടുണ്ട്. ആയതിന് പുറമേ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വരുന്നതുകൊണ്ട്, നഗരസഭയുടെ പദ്ധതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുന്നു.

കരാറുടമ്പടി വെച്ച പ്രവർത്തികളുടെ പുരോഗതി പരിശോധിച്ച് നടപടി എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2018-19/ 31.10.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-42 മാലിന്യം തരം തിരിച്ച് ശേഖരിക്കൽ - ബക്കറ്റ് വാങ്ങൽ -പദ്ധതി നടപ്പിലാക്കിയിട്ടില്ല

പ്രോജക്ട് നം- 67/2018-19

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ- 745,000(ജനറൽ)

ചെലവ്- 419997(ജനറൽ)

മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിനായി 1000ബക്കറ്റ് ടെണ്ടർ നടപടികളിലൂടെ വാങ്ങി. എവറസ്റ്റ് ട്രേഡിംഗ് എന്ന സ്ഥാപനത്തിൽ നിന്നാണ് 1000ബക്കറ്റ് വാങ്ങിയത്. വീടുകളിൽ നൽകുന്നതിനായാണ് 1000 ബക്കറ്റ് വാങ്ങിയത് . ഇവ നാളിതു വരെ

വീടുകളിൽ സ്ഥാപിച്ച് മാലിന്യം തരം തിരിച്ച് ശേഖരിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. 1000 ബക്കറ്റ് നഗരസഭയുടെ കെട്ടിടങ്ങളിൽ സ്റ്റോക്ക് ചെയ്തിരിക്കുകയാണ്.ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നഗരസഭ കൗൺസിൽ തീരുമാനം 5/16.10.19 പ്രകാരം മാലിന്യം തരം തിരിച്ച് ശേഖരിക്കാൻ വാങ്ങിയ ബക്കറ്റ് ഹെൽത്ത് ഇൻസ്പെക്ടർ മുഖേന കൈമാറുന്നതിന് തീരുമാനിച്ചു.നാളിതു വരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. 419997 രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

## 1-43 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് -അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി മുൻകൂർ തുക നൽകി

പ്രോജക്ട് നം- 68/2018-19 ,പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 1000000(ജനറൽ)

ചെലവ് – 982943(ജനറൽ)

ക്ലീൻ കേരള കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്.പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി നഗരസഭ 27.9.17 ന് കരാർ ഒപ്പിട്ടു. പ്രസ്തുത കരാർ പ്രകാരം കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നഗരസഭ ഒരുക്കണം.യന്ത്ര സാമഗ്രികൾ സ്ഥാപിക്കലും പരിപാലനവും ക്ലീൻ കേരള കമ്പനി നടത്തണം. 29.11.18 ന് യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് 982943 രൂപ കൈമാറി.കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നഗരസഭ ഒരുക്കുന്നതിന് മുൻപാണ് യന്ത്ര സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് 982943 രൂപ കൈമാറിയത്.നാളിതു വരെ യന്ത്ര സാമഗ്രികൾ ക്ലീൻ കേരള കമ്പനിക്ക് സപ്ലൈ ചെയ്തിട്ടില്ല. 982943 രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 അഗതി ആശ്രയ പദ്ധതി -1.10 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

അഗതി പുനരുദ്ധാരണത്തിനായി ആരംഭിച്ച അഗതി ആശ്രയ പദ്ധതി നഗരസഭയിൽ കാര്യക്ഷമമായി നടപ്പാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി.ആകെ 62 അഗതി കുടുംബങ്ങളെയാണ് ജനറൽ വിഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . 23 കുടുംബങ്ങൾ പട്ടിക വർഗ്ഗ വിഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഗതി കേരളം പദ്ധതിയിൽ ഓഡിറ്റ് വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് 23 ലക്ഷം രൂപ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മുൻ ബാക്കി ഉൾപ്പെടെ രണ്ട് ബാങ്ക് അകൗണ്ടുകളിലായി 31.03.2019 ന് ആകെ 1,10,05,552രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.(കോർപ്പറേഷൻ ബാങ്ക് കൽപ്പറ്റ ശാഖ എസ്.ബി 520101257601260 ൽ 79,60,733 രൂപയും(അഗതി ആശ്രയ പദ്ധതി(ജനറൽ)) , കോർപ്പറേഷൻ ബാങ്ക് കൽപ്പറ്റ ശാഖ എസ്.ബി 520101036451246ൽ 30,44,819 രൂപയും(അഗതി ആശ്രയ പദ്ധതി(പട്ടിക വർഗ്ഗം)) നീക്കിയിരിപ്പുണ്ട്). അഗതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം, സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും, വീടും നൽകൽ,പോഷകാഹാരം,വസ്ത്രം, കുട്ടികളുടെ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം നൽകൽ തുടങ്ങിയവയാണ് അഗതി ആശ്രയ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികൾ. എന്നാൽ നഗരസഭ ജനറൽ വിഭാഗത്തിൽ 2018 -19 വർഷം പോഷകാഹാര കിറ്റ് ,വസ്ത്രം, മെഡിക്കൽ ക്യാമ്പ് എന്നിവക്കായി 4,08,118 രൂപ ചെലവഴിച്ചു. മറ്റ് പദ്ധതികളൊന്നും ആവിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല.

പട്ടിക വർഗ്ഗ വിഭാഗത്തിൽ ഒരു തുകയും ചെലവഴിച്ചിട്ടില്ല.അഗതി ആശ്രയ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും ആയതിനാവശ്യമായ തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷവും പദ്ധതികളൊന്നും നടപ്പാക്കാത്തത് സംബന്ധിച്ച് കാരണമുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (പി) 177/2006 ധനം 12.04.2006, സർക്കാർ ഉത്തരവ് (പി)119/2015 ധനം 21.03.2015 എന്നിവയിലെ ഖണ്ഡിക 6.1,6.2 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ പദ്ധതി തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 1-45 വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ -മുൻകൂർ തുക നൽകി-പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം – 67/2018-19 വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ

നിർവ്വഹണം --പ്രിൻസിപ്പൽ, ജി വി എച്ച് എസ് എസ് ,കല്പറ്റ

അടങ്കൽ --300000(ജനറൽ)

ചെലവ് --300000(ജനറൽ)

നഗരസഭയുടെ കീഴിലുള്ള വിദ്യാലയങ്ങളായ ജി വി എച്ച് എസ് എസ് (എൽപി വിഭാഗം,യുപി വിഭാഗം,ഹൈസ്കൂൾ വിഭാഗം,ഹയർ സെക്കണ്ടറി വിഭാഗം,വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), ജിയുപിഎസ് പെരുന്തട്ട, ജിയുപിഎസ് പുളിയാർമല എന്നിവിടങ്ങളിൽ സി സി ടി വി സ്ഥാപിക്കുന്നതിനായി അസി .എഞ്ചിനീയർ(പി ഡബ്ള്യുഡി ഇലക്ട്രോണിക്സ് വിഭാഗം, കൽപ്പറ്റ) 3,71,903 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. ഡെപ്പോസിറ്റ് പ്രവൃത്തിക്കായി 3,00,000 രൂപ തൃശൂർ പി ഡബ്ള്യുഡി ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ പേരിൽ ചെലാൻ 2436/31.1.19 പ്രകാരം ഡെപ്പോസിറ്റ് ചെയ്തു. പ്രിൻസിപ്പൽ, ജി വി എച്ച് എസ് എസ് ,കല്പറ്റനൽകിയ മറുപടി പ്രകാരം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടേ ഉള്ളു.മറ്റു നടപടികൾ ആരംഭിച്ചിട്ടില്ല.

വിദ്യാലയങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് .

## 1-46 അനുപൂരക പോഷകാഹാര പദ്ധതി -പ്ളാൻ ഫണ്ടിൽ നിന്നും അധികച്ചെലവ്.

ഓഡിറ്റിന് ഹാജരാക്കിയ വാർഷിക പദ്ധതി ചെലവ് കണക്കുകൾ പ്രകാരം പ്രൊജക്ട് നം.45/19 പ്രകാരം 40 ലക്ഷം രൂപ പ്ലാൻ ഫണ്ടും 4.7 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും ആണ് വകയിരുത്തിയത്. ഇതിൽ പ്ലാൻ ഫണ്ട് മുഴുവൻ ചെലവഴിച്ചതായും കേന്ദ്രാവിഷ്കൃത ഫണ്ടിൽ ചെലവൊന്നും ഇല്ലാത്തതായുമാണ് മേൽ പത്രികയിൽ വിവരങ്ങൾ ഉള്ളത്. വാർഷിക പദ്ധതി ചെലവ് കണക്കുകളിൽ ഉൾപ്പെടു ത്തിയ ചെലവുകളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം./ തിയ്യതി | തുക | |
|---|---|---|---|
| 1 | 1/18-19/12.7.18 | 877623 | |
| 2 | 3/18-19/11.9.18 | 573759 | |
| 3 | 5/18-19/24.10.18 | 850919 | |
| 4 | 7/18-19/26.11.18 | 122377 | |
| 5 | 12/18-19/19.12.18 | 640740 | |

| | | |
|---|---|---|
| 6 | 15/18-19/27.2.19 | 924800 |
| 7 | 17/18-19/20.3.19 | 9782 |
| ആകെ | | 40,00,000 |
| | | |

കേന്ദ്രവിഷ്കൃത വിഹിതമിനത്തിൽ ലഭിക്കേണ്ടിയിരുന്ന വിഹിതം എത്രയാണെന്നും , ഇതിൽ എത്ര തുക ലഭിച്ചുവെന്നും , എത്ര തുക ലഭിക്കാൻ ബാക്കിയുണ്ടെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിന് നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 /2018-19/ 31.10.2019) എെ.സി.ഡി.എസ്. സൂപ്പർവൈസർ നല്കിയ മറുപടിയിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് പരാമർശിക്കു ന്നത് .

1) പോഷകാഹാര പദ്ധതിയിൽ സംസ്ഥാന – കേന്ദ്ര വിഹിതം 60:40അനുപാതത്തിലാണ്.

2) തൻ വർഷം കേന്ദ്ര വിഹിതമായി താഴെപ്പറയും പ്രകാരം 404363/- രൂപ ലഭിച്ചിട്ടുണ്ട്.
ചെക്ക് നം. 287542/24.3.19 -344245/- ,
ചെക്ക് നം. 287543/24.3.19 - 60118/-

ആകെ - 404363/-

ഓഡിറ്റിന് ലഭ്യമാക്കിയ മേൽ വിവരങ്ങളനുസരിച്ച് ആകെ ചെലവായ തുകയുടെ (4404363) 60% തുകയായ 26,42,618/- സംസ്ഥാനവിഹിതമായി ചെലവഴിക്കേണ്ടത്. എന്നാൽ മേൽപ്പരാമർശിക്കും പ്രകാരം 40 ലക്ഷം രൂപയും പ്ളാൻ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. അതനുസരിച്ച് 1357382/- രൂപ പ്ളാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ഓഡിറ്റിന് നല്കണമെന്ന് ഓഡിറ്റിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും എെ.സി.ഡി.എസ്. സൂപ്പർവൈ സർ മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്ളാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക 1357382/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-47 എെ.സി.ഡി.എസ്. സൂപ്പർവൈസർ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ട്രഷറി ബിൽ നം10/18-19/26.11.18 പ്രകാരം 100,000/- രൂപ ഈ ആവശ്യത്തി നായി ചെലവഴിച്ചിട്ടുണ്ട് . എന്നാൽ ഇവ സ്ഥാപിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.13/18-19/31.10.19)നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ സൗകര്യപ്രദമായ മുറി ലഭിക്കാതിരുന്നതിനാലാണ് ഇവ ഉപയോഗിക്കാൻ കഴിയാതിരുന്നതെന്നും, എത്രയും വേഗം സൗകര്യമൊരുക്കി അവ ഓഫീസ് ആവശ്യത്തിനായി വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവ് തുക 1,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ മറുപടി പ്രതീക്ഷിക്കുന്നു.

## 1-48 അഗതികൾക്കായുള്ള 'തണലോരം' ഹോം നിർമ്മാണം - പദ്ധതി പൂർത്തീകരിട്ടില്ല .

എൻ.യു.എൽ.എം. പദ്ധതിയിൽ നഗരസഭയിലെ തെരുവോരങ്ങളിൽ താമസിക്കുന്ന ഭവന രഹിതനായ അഗതികൾക്ക് ഷെൽട്ടർ പണിയുന്നതിനുള്ള പ്രൊജക്റ്റ്

പൂർത്തീകരിച്ചതായി കാണുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം സെക്രട്ടറി ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം. / തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 51701234/8.2.18 | 50000 | ചെക്ക് നം.027093 /8.2. 18 പ്രകാരം സോയിൽ ടെസ്റ്റിംഗിനായി കോഴിക്കോട് എൻ.എെ.ടി.ക്ക് നല്കി യത്. |
| 2 | 51800029/4.4.18 | 9972 | ചെക്ക് നം.14135 /4.4. 18 പ്രകാരം സോയിൽ ടെസ്റ്റിംഗിനായി കോഴിക്കോട് എൻ.എെ.ടി.ക്ക് ബാക്കി തുക നല്കിയത്. |
| 3 | 51800109/26.4.18 | 112100 | സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതി നായി മാനന്തവാടിയിലെ ഗവ. കോളജിന് നല്കിയ തുക. |
| | ആകെ | 172072 | |

ഇത് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തി 30.11.18 ൽ ടെണ്ടർ നടത്തിയതായി കാണുന്നു. എന്നാൽ പ്രൊജക്ട് ഇപ്പോഴും പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 /2018-19/ 1.11.2019 ) നല്കിയ മറുപടിയിൽ നിലവിൽ കരാറിൽ ഏർപ്പെട്ടു കഴിഞ്ഞെന്നും പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ചെലവ് തുക 172072/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-49 വൈദ്യുതി ചാർജ്ജ് , പൊതു ടാപ്പുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല.

നഗരസഭ 2018-19 വർഷത്തിൽ പ്രതിമാസം 61114 വാട്ട്സ് യൂണിറ്റിനുള്ള തുക വൈദ്യുതി ചാർജ്ജ് ഇനത്തിലും 164 പൊതുടാപ്പിനുള്ള തുക പ്രതിമാസം 107748 രൂപ വെള്ളക്കരം ഇനത്തിലും ഒടുക്കി വരുന്നുണ്ട്. എന്നാൽ ഓരോ ഇനത്തിലും ഉള്ള എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, പൊതുടാപ്പുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നോ ഉള്ള കണക്കുകൾ നഗരസഭയുടെ കൈവശമില്ല. തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഇവ സ്ഥാപിച്ചതിന്റെ സൈറ്റ് പ്ലാൻ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ള കെ.എസ്. ഇ.ബി പോസ്റ്റുകളുടെ വിവരം എന്നിവ നിലവിൽ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്ക്, പൊതുടാപ്പുകൾ എന്നിവയുടെ പരിപാലനത്തിന്റെ ഭാഗമായി പ്രാദേശിക സമിതി രൂപീകരിച്ചിട്ടില്ല. ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 താത്കാലിക അനുമതി ലഭിച്ച സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി കാലാവധി നിശ്ചയിക്കാതെയും മാനദണ്ഡം പാലിക്കാതെയും ദിവസവേതനത്തിന് ആളുകളെ നിയമിച്ച് അധിക തുക നൽകി

സ.ഉ(സാധാ)നം.2096/2017/ത.സ്വ.ഭ.വ തീയതി 21.06.2017 പ്രകാരം മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പകർച്ചപ്പനി തടയുന്നതിനുമായും നഗരസഭയുടെ അധികാര പരിധിയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു

ഡോക്ടറേയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫുകളെയും താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ നിയമിക്കുന്നവർക്ക് എൻ.എച്ച്.എം മാനദണ്ഡങ്ങൾ പ്രകാരമുള്ള വേതന നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ കരാർ നിയമനത്തിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകിയതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-7 കാണുക.

## 1-51 പ്രത്യേക ആവശ്യങ്ങൾക്കായി ഏജൻസികളും വകുപ്പും നൽകുന്ന തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ - CSR- സ്കീമിൽ ഉൾപ്പെടുത്തി 3200000 രൂപ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ ബഹു എക്സൈസ് , തൊഴിൽ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക ലഭിച്ചത്. CSR സ്കീം പ്രകാരമുള്ള പദ്ധതിക്കായി തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ബിവറേജസ് കോർപ്പറേഷൻ തുക നൽകിയ കത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

1.പദ്ധതി തുക ലഭിച്ചിട്ടും പദ്ധതി നാളിതുവരെ നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിക്കാത്തിതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2.ഏതെല്ലാം പദ്ധതി നടപ്പാക്കുന്നതിനായാണ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ തുക നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. വിശദമായ മറുപടിക്കും രേഖകൾ ഹാജരാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി നം. 29തീയതി 4.11.2019 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽപ്പറഞ്ഞത് കൂടാതെ വയനാട് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറുടെ 30/09/2018 തീയതിയിലെ ഉത്തരവ് നമ്പർ ബി.2781/18 പ്രകാരം 2000000 രൂപ , പടപുരം പണിയ കോളനി റോഡ് ടാറിംഗ പ്രവൃത്തി നടത്തുന്നതിനായി അനുവദിക്കുകയും സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ കൽപ്പറ്റ ശാഖയിലുള്ള അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് സംബന്ധിച്ച ഒരു പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല.

വിവിധ പദ്ധതികൾക്കായി ലഭിച്ച തുക പണമായി ലഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും യാതൊരു പദ്ധതികളും തയ്യാറാക്കുകയോ നടപ്പാക്കാതിരിക്കുകയോ ചെയ്യാതിരിക്കുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വിഴ്ചയായി കാണുന്നു.

## 1-52 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയത് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്ക് വിനിയോഗിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് 2.36 കോടി

ഓരോ സാമ്പത്തിക വർഷവും വ്യക്തികളോ സ്ഥാപനങ്ങളോ നഗരസഭാ പരിധിയിലെ റോഡുകളിൽ പ്രവൃത്തി നടത്തുന്നതിന് റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ നഗരസഭ തുക ഈടാക്കുകയും പ്രസ്തുത തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ 2018-19 വരെ റോഡ് കട്ടിംഗ് ചാർജ്ജ് ആയി താഴെപ്പറയുന്ന പ്രകാരം തുക ഈടാക്കിയിട്ടുണ്ട്.

| വർഷം | റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക (RP4 പ്രകാരം) |
|---|---|
| 2010-11 | 2,523,074 |
| | |

| | |
|---|---|
| 2011-12 | 2,761,088 |
| 2012-13 | 2,455,581 |
| 2013-14 | 1,610,102 |
| 2014-15 | 2,307,186 |
| 2015-16 | 6,631,873 |
| 2016-17 | 2,328,375 |
| 2017-18 | 858,989 |
| 2018-19 | 2,189,782 |
| ആകെ | 23,666,050 |

മേൽ തുക തനത് ഫണ്ട് അക്കൗണ്ടിൽ തനത് വരുമാനമെന്ന നിലയിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ എത്ര തുക റോഡ് കട്ടിംഗ് നടത്തിയത് റിസ്റ്റോർ ചെയ്യുന്നതിന് വിനിയോഗിച്ചു എന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. 2010-11 സാമ്പത്തിക വർഷത്തിന് മുൻപ് റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക എത്രയെന്ന് വിവരം ലഭ്യമല്ല.

നഗരസഭയുടെ റോഡുകളിൽ ഭൂരിപക്ഷവും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് പദ്ധതി പണം , മെയിന്റനൻസ് ഗ്രാന്റ് എന്നിവ വിനിയോഗിച്ചാണ്. റോഡ് കട്ടിംഗ് ചാർജ്ജ് ആയി ഈടാക്കുന്ന തുക കട്ട് ചെയ്ത റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് , റോഡ് കട്ടിംഗ് പ്രവൃത്തി പൂർത്തിയാക്കിയ ഉടനെ നടത്തേണ്ടതാണ്. എന്നാൽ ആയത് നടത്തുന്നില്ല എന്ന് മാത്രമല്ല ഈടാക്കിയ തുക തനത് ഫണ്ട് എന്ന നിലയിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. റോഡ് കട്ടിംഗ് ചാർജ്ജ് ആയി ഈടാക്കിയ തുക പൂർണ്ണമായും റോഡ് പ്രവൃത്തികളിൽ വിനിയോഗിച്ച് അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30തീയതി 04.11.2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-53 തനത് ഫണ്ട് വൗച്ചറുകൾ രേഖകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ 2018-19 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് പര്യാപ്തമല്ലാത്ത രീതിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സാംഖ്യ വൗച്ചറുകൾ പ്രിന്റ് എടുത്ത് വൗച്ചറുകളിൽ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തുക നൽകുന്നതിനുള്ള സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് വൗച്ചറുകൾ എന്ന നിലയിൽ ഹാജരാക്കിയിട്ടുള്ളത്

2. തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം സൂക്ഷിക്കാൻ സർക്കാർ നിർദ്ദേശം നിലനിൽക്കെ , കോർപ്പറേഷൻ ബാങ്ക് കൽപ്പറ്റ ശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി അക്കൗണ്ടുകൾ തുടങ്ങുകയും തുക നിക്ഷേപിക്കുകുയും ചെയ്യുന്നു

3.ബാങ്കുകളിൽ നിന്നും കൈപ്പറ്റുന്ന ചെക്ക് ബുക്കുകളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

4. ചെക്ക് ഇഷ്യു രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

5. ഹാജരാക്കിയ വൗച്ചറുകളിൽ ചെക്ക് നമ്പറുകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഏത് ബാങ്ക് അക്കൗണ്ടിൽ നിന്നാണ് തുക നൽകുന്നത് എന്ന് വ്യക്തമാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിക്കുന്നില്ല

6.ചെക്ക് കൗണ്ടർ സ്ലിപ്പുകൾ പൂർത്തിയാക്കാതിരിക്കുകയോ, ഭാഗികമായതോ തെറ്റായതോ ആയ വിവരങ്ങൾ രേഖപ്പെടുത്തുന്നു.

ഉദാ:- ബാങ്ക് ബുക്ക് പ്രകാരം ചെക്ക് നം.263506 ഉപയോഗിച്ച് പിൻവലിച്ച തുക 26994 (പണമായി പിൻവലിച്ച തുക18994+ ഇ.എം.ഡി തിരിച്ച് നൽകിയത് 8000)

എന്നാൽ റിക്കോർഡ് സ്ലിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത് 18994 രൂപ

ചെക്ക് നം. 263520 ഉപയോഗിച്ച് പിൻവലിച്ച തുകയായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 26622 രൂപയാണ്. എന്നാൽ വൗച്ചറുകൾ ഹാജരാക്കിയത് 27622 രൂപയുടേതാണ്.

7.ഏപ്രിൽ /2018 ലെ വൗച്ചർ നം ഒന്നായി രേഖപ്പെടുത്തിരിക്കുന്ന വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ബാങ്ക് ബുക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ചെക്ക് നം | തുക വൗച്ചർ പ്രകാരം | തുക ബാങ്ക് ബുക്ക് പ്രകാരം |
|---|---|---|
| 263472 | 870829 | 32416 |
| 263473 | 29991 | 48915 |
| 263474 | 47736 | 64398 |
| 263475 | 2538 | 2538 |

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

8. ഹാജരാക്കിയ വൗച്ചറുകളിൽ തുക പിൻവലിക്കുന്നതിനുള്ള ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിൻവലിച്ച തുക വിവിധ ആവശ്യങ്ങൾക്ക് ഒടുക്കിയതിന്റെയോ, കൈപ്പറ്റിയതിന്റെ രേഖകളോ ഫയലിൽ സുക്ഷിച്ചിട്ടില്ല.

ഉദാഹരണമായി ചെക്ക് നം 014136 തീയതി 26.04.2018പ്രാകരം ഷെൽട്ടർ ഹോം സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി മാനന്തവാടിയിലെ ഗവ.എഞ്ചിനീയറിംഗ് കോളജിന് , 112100 രൂപ നൽകിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9. വിവിധ ആവശ്യങ്ങൾക്കായി മുൻകൂറുകൾ നൽകുന്നുണ്ടെങ്കിലും ആയവ ക്രമീകരിക്കുന്നില്ല. കൂടാതെ പല മുൻകൂറുകളും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ക്രമീകരിക്കുകയോ ചെയ്യിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.
എ.ചെക്ക് നം 944265 തീയതി 18.08.2018 പരകാരം JHI ബിജുവിന് 15000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ നാളിതുവരെ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കി ക്രമീകരിക്കുകയോ ചെയ്യിട്ടില്ല. തൻവർഷം ഓണം അഡ്വാൻസ് തുക നൽകിയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി.ചെക്ക് നം 263525 തീയതി 24.4.18 പ്രകാരം 16000 രൂപ ശുചീകരണ വിഭാഗത്തിലേക്ക് വാങ്ങി പിക്ക്അപ് വാൻ രജിസ്ട്രേഷനായി ബിജു, ജെ.എച്ച്.ഐക്ക് നൽകിയിട്ടുണ്ട്.

എന്നാൽ തുക ക്രമീകരിച്ചതിന്റെ രേഖകൾ ഇല്ല.

10. ജീവനക്കാരുടെ വിവിധ ശമ്പള റിക്കവറികൾ, (പി.എഫ്, എൻ.പി.എസ്, ആദായ നികുതി എൻ.പി.പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയവ ) രേഖപ്പെടുത്തുന്നതിന് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഇവയുടെ ഒടുക്ക് സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

11.തനത് ഫണ്ടിന് മാത്രമായി അക്കൗണ്ട് സൂക്ഷിക്കണമെന്ന് നിർദ്ദേശമിരിക്കെ തനത് ഫണ്ട് അക്കൗണ്ടിൽ ലൈഫ് മിഷൻ പദ്ധതിക്കായുള്ള തുക തുടങ്ങി വിവിധ പദ്ധതിക്കായുള്ള തുകകൾ നിക്ഷേപിക്കുകുയും ആയതിന്റെ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നു.

12.കൽപ്പറ്റ നഗരസഭ ചെയർപേഴ്സന്റെ അധിക ചുമതല വഹിച്ചതിന് , വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ് ചെക്ക് നം263499 തീയതി 11.4.18 പ്രകാരം 4679 രൂപ നൽകിയിട്ടുണ്ട്. അങ്ങനെ തുക അനുവദിക്കാൻ പാടില്ല.

13. ബാങ്ക് ബുക്ക് പ്രകാരമുള്ള സാംഖ്യ വൗച്ചർ നമ്പറുകളും വൗച്ചറുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വൗച്ചർ നമ്പറുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 1-54 ഹരിത കർമ്മസേനയുടെ പണം പിരിവിലും ഒടുക്കലും ക്രമപ്രകാരമല്ല- പിരിച്ചെടുത്ത 1,99,163/- രൂപ അടവാക്കാൻ ബാക്കി നിൽക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും ഹരിതകർമ്മസേന രൂപീകരണശേഷം ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്നതിനായി ഓരോ ഭവനത്തിലും മാലിന്യ സംസ്ക്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ദർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്ക്കരണ പരിപാടി ആരംഭിക്കാവുന്നതും ഇങ്ങനെയുള്ള സേവനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന യൂസർ ഫീസ് ഈടാക്കാവുന്നതുമാണ്.

കല്പറ്റ നഗരസഭാ പ്രദേശത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ച ഹരിത കർമ്മസേന 15/05/2018 തിയ്യതിയിൽ ബഹു.എം എൽ എ ശ്രീ.സി.കെ.ശശീന്ദ്രൻ ഉൽഘാടനം നിർവ്വഹിച്ചു. ഹരിതകർമ്മസേനയുടെ ബൈലോ 09/07/2018 ലെ കൗൺസിൽ ( 12-ാം നമ്പർ തീരുമാനം) തീരുമാന പ്രകാരം ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്തതിനു ശേഷം അംഗീകരിക്കാനാണ് തീരുമാനിച്ചതെങ്കിലും ഓഡിറ്റ് തിയ്യതിവരെ (30/10/2019 വരെ)

ഹരിതകർമ്മസേനാ ബൈലോ കൗൺസിൽ അംഗീകരിച്ചിട്ടില്ല. എങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 15/05/2018 മുതൽ നഗരസഭയിൽ ഹരിത കർമ്മസേന പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.യൂസർ ഫീസ് ഈടാക്കിക്കൊണ്ട് വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യം ശേഖരിക്കുക, ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശം നൽകുക, പ്രവർത്തന ക്ഷമമല്ലാത്ത മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തുക, മാലിന്യം ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ദ്രവമാലിന്യ സംസ്ക്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, മാലിന്യം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നുണ്ടെങ്കിൽ പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും നഗരസഭയോട് ശുപാർശ ചെയ്യുക എന്നിവയൊക്കെയാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ. ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ്, മാലിന്യത്തിന്റെ സ്വഭാവം, മാലിന്യം ശേഖരിക്കുന്ന സ്ഥലം എന്നിവയനുസരിച്ചുള്ള ഫീസ് ഹരിതകർമ്മസേന ഈടാക്കുന്നുണ്ട്. എന്നാൽ നഗരസഭാ കൗൺസിൽ ബൈലോ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പല സ്ഥാപനങ്ങളിൽ നിന്നും പല തരത്തിലുള്ള യൂസർ ഫീസാണ് ഈടാക്കിയി വരുന്നത്. നഗരസഭാ പരിധിയിലെ സ്ഥിര താമസക്കാരോ കുടുംബശ്രീ അംഗമോ, അംഗത്തിന്റെ കുടുബാംഗമോ ആയ 18 വയസ്സ് പൂർത്തിയായ വ്യക്തികളെ കുടുംബശ്രീ മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനം അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയാണ് ഹരിതകർമ്മസേനയിൽ അംഗത്വം നൽകുന്നത്. ഹരിതകർമ്മസേനയുടെ 4/05/2018 തിയ്യതിയിൽ ചേർന്ന ആദ്യ യോഗത്തിൽ സംഘടനാ സെക്രട്ടറിയായി ശ്രീമതി. ജിഷ. സി എന്നവരേയും പ്രസിഡന്റായി ശ്രീമതി.ഗീതാമണിയെയും തെരഞ്ഞെടുത്തു. ഭാരവാഹികളിൽ നാളിതുവരെ മാറ്റമൊന്നുമുണ്ടായിട്ടില്ല. ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം നിർവ്വഹിക്കാൻ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തുടക്കത്തിൽ 36 അംഗങ്ങളാണ് ഉണ്ടായിരുന്നത്. നിലവിൽ 32 അംഗങ്ങൾ ജോലി ചെയ്യുന്നു. അംഗങ്ങൾ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീസിനത്തിൽ പിരിക്കുന്ന തുക അതത് ദിവസങ്ങളിൽ ഹരിതകർമ്മസേനാ സെക്രട്ടറി സ്വീകരിച്ച് ബാങ്കിൽ അടവാക്കേണ്ടതാണ്.ഇതിനായി നഗരസഭാ സെക്രട്ടറിയുടേയും ഹരിതകർമ്മസേനാ സെക്രട്ടറിയുടേയും പേരിൽ കേരള ഗ്രാമീൺ ബാങ്ക് കല്പറ്റ ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങുന്നതിനായി 4/5/18 തിയ്യതിയിൽ ചേർന്ന ഹരിതകർമ്മ സേനാ യോഗത്തിൽ തീരുമാനിക്കുകയും 23/05/2018 തിയ്യതിയിൽ കേരള ഗ്രാമീൺ ബാങ്ക് കല്പറ്റ ബ്രാഞ്ചിൽ 40205101039133 എന്ന ജോയിന്റ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.യൂസർ ഫീസിനത്തിൽ പിരിച്ചെടുത്ത തുക ഹരിതകർമ്മസേനാ സെക്രട്ടറി പിരിച്ച ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസമോ ബാങ്കിൽ അടവാക്കേണ്ടതാണ്.

സംഘടനയുടെ സുഗമമായ പ്രവർത്തനത്തിന് അംഗങ്ങൾക്ക് യൂണിഫോം, ഗംബൂട്ട്, ഗ്ലൗസ്, റെയിൻ കോട്ട് എന്നിവ വാങ്ങുന്നതിനായി 5,66,753/- രൂപയും (CFC Grant, പ്രൊജക്ട് നം.161/18-19) മാലിന്യം തരം തിരിച്ച് ശേഖരിക്കാൻ ബക്കറ്റ് വാങ്ങുന്നതിനായി 4,19,997(പ്രൊജക്ട് നം.67/18-19, 370,000(General),49,997(CFC Grant))രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ പണം പിരിവ്,ഒടുക്ക്,രസീതികളുടെ ഉപയോഗം, പിരിവ് രജിസ്റ്റർ,മിനിറ്റ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നില്ല-

ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ച് 17 മാസങ്ങൾ പൂർത്തിയാക്കിയെങ്കിലും 7 തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ.ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ

എഴുതി സൂക്ഷിക്കുകയോ ഒരു യോഗത്തിൽ പോലും വരവുചെലവുകണക്കുകൾ ചർച്ചചെയ്യുകയോ, സംഘടനയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല.

2.രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല-

സംഘടനയുടെ വരവ് ചെലവ് കണക്കുകൾ പ്രതിഫലിക്കുന്ന ക്യാഷ് ബുക്ക്, പിരിവ് രജിസ്റ്റർ, രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 29/05/2018 തിയ്യതിയിൽ ജി2-11544/04 ഉത്തരവിലൂടെ നഗരസഭാ സെക്രട്ടറി ഹരിത കർമ്മസേനയുടെ സാമ്പത്തീക വിശകലനം, യൂസേഴ്സ് ഫീസ് സംബന്ധിച്ച ചുമതലകൾ എന്നിവയുടെ ഉത്തരവാദിത്വം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഇക്കാര്യം ശ്രദ്ധിച്ചതായി കാണുന്നില്ല.

3.പണം പിരിവിലെ അപാകതകൾ-

അതത് ദിവസങ്ങളിൽ അംഗങ്ങൾ പിരിച്ചെടുത്ത പണം ഹരിതകർമ്മസേനാ സെക്രട്ടറി കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി എഴുതി ക്ലോസ് ചെയ്ത് ബാങ്ക് അകൗണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ പണം ബാങ്കിൽ അടവാക്കുകയോ ബാങ്കിൽ അടവാക്കിയ പണത്തിന്റെ കൗണ്ടർ ഫോയിൽ ക്രമമായി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.(ബാങ്കിൽ പണം അടവാക്കിയ എല്ലാ പേ ഇൻ സ്ലിപ്പും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല) അതിനാൽ കളക്ഷൻ തുക പൂർണ്ണമായും ബാങ്കിൽ അടവാക്കിയിട്ടുണ്ടോ എന്നും ബാങ്കിൽ അടവാക്കിയ പണം ഹരിതകർമ്മസേനയുടെ യൂസർഫീസ് ഇനത്തിലുള്ള പണം തന്നെയാണോ എന്നും പ്രഥമ ദൃഷ്ട്യാ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഹരിതകർമ്മസേനയുടെ രസീതി ബുക്കുകൾ കൈകാര്യം ചെയ്യാനും പരിശോധിക്കാനുമായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ദൈനംദിന കളക്ഷൻ്റെ വിവരങ്ങളോ തുക ബാങ്കിൽ അടവാക്കിയ വിവരങ്ങളോ സംഘടന ഒരു വർഷം പിന്നിട്ടിട്ടും പരിശോധിച്ചിട്ടില്ല.

നഗരസഭാ സെക്രട്ടറിയുടെ അനുവാദമില്ലാതെ രസീതികൾ അച്ചടിച്ച് പണം പിരിവിനായി ഉപയോഗിച്ചു:-

നാലു തവണകളിലായി 377 രസീതി ബുക്കുകൾ അച്ചടിച്ചിട്ടുണ്ടെങ്കിലും(ആദ്യ തവണ 127 രസീതി ബുക്കുകളും രണ്ടാം തവണ 100 രസീതി ബുക്കുകളും മൂന്നാം തവണ 50 രസീതി ബുക്കുകളും നാലാം തവണ 100 രസീതി ബുക്കുകളും) ഫയൽ പരിശോധയിൽ രശീതി ബുക്ക് അച്ചടിക്കാനുള്ള അനുവാദം സെക്രട്ടറി നൽകിയിട്ടില്ലെന്ന് കണ്ടെത്താൻ സാധിച്ചു. കൂടാതെ ഹരിതകർമ്മസേനയ്ക്ക് രശീതി ബുക്കുകളും രജിസ്റ്ററുകളും അച്ചടിക്കുന്നതിനായി 3 കമ്പനികളുടെ, തിയ്യതി രേഖപ്പെടുത്താത്ത ക്വട്ടേഷൻ, ഫയലിൽ കണ്ടെത്തിയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശക്തിപ്രിന്റേഴ്സിന്റെ ക്വട്ടേഷനിൽ ഒരു രശീതി ബുക്കിന്റെ വില 50/- രൂപയാണ് രേഖപ്പെടുത്തിയതെങ്കിലും ശക്തിപ്രിന്റേഴ്സിന്റെ 6/11/18 തിയ്യതിയിലെ 275-ാം നമ്പർ ബിൽ പ്രകാരം 75/- രൂപാ വീതമാണ് ഒരു രശീതി ബുക്കിന് ഈടാക്കിയിട്ടുള്ളത്. ആദ്യ തവണ അച്ചടിച്ച രസീതി ബുക്കിൽ ബുക്ക് നം.103,104,105,106 എന്നീ രസീതി ബുക്കുകൾ ഉപയോഗിക്കാതെ മാറ്റിവച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മേൽ രസീതി ബുക്കുകൾ ഉപയോഗിക്കാൻ സാധിക്കാതെ പ്രിന്റിംഗ് തെറ്റുകൾ വന്നതാണെങ്കിൽ ബുക്കുകൾ അച്ചടിച്ച പ്രസ്സിനെ അറിയിച്ച് രസീതി ബുക്കുകളുടെ വില തിരികെ ഈടാക്കേണ്ടതായിരുന്നു.രസീതി ബുക്കുകൾ പ്രിന്റ് ചെയ്ത തുകകളുടെ വൗച്ചർ പരിശോധിച്ചതിൽ മേൽ വിവരിച്ച രസീതി ബുക്കുകൾ ശക്തി പ്രിന്റേഴ്സ് കല്പറ്റ എന്ന സ്ഥാപനത്തിൽ നിന്നാണ് അച്ചടിച്ചതെന്ന്

കാണുകയുണ്ടായി. രസീതി ബുക്കുകളുടെ അച്ചടിക്കായി ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് ശക്തി പ്രിന്റേഴ്സ് സമർപ്പിച്ച ക്വട്ടേഷനാണ്(100 രസീതി ലീഫുകൾക്ക് 50/- രൂപ)ലഭിച്ച ക്വട്ടേഷനുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ട്രൂ ഫ്ലക്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ് | 71.6 |
| 2 | മാഗ്നെറ്റ് ഓഫ്സെറ്റ് പ്രിന്റേഴ്സ് | 71 |
| 3 | ശക്തി ഓഫ്സെറ്റ് പ്രിന്റേഴ്സ് | 50 |

മേൽ വിവരിച്ചതിൽ നിന്ന് ശക്തി പ്രിന്റേഴ്സ് കോട്ട്ചെയ്ത നിരക്കാണ് ഏറ്റവും കുറവ് എന്ന് കാണാവുന്നതാണ്.എന്നാൽ ശക്തി പ്രിന്റേഴ്സ് അച്ചടിച്ച രസീതി ബുക്കുകൾക്ക് 50/- രൂപയ്ക്ക് പകരം 75/- രൂപാ നിരക്കിലാണ് അനുവദിച്ചത്. തുക അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ബിൽ നം/ തിയ്യതി | ബുക്കുകളുടെ എണ്ണം | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| 275, 6/11/18 | 100 | 5000 | 7500 | 2500 |
| 884, 20/02/19 | 100 | 5000 | 7500 | 2500 |
| 691 07/09/19 | 50 | 2500 | 4000 | 1500 |

ആദ്യ തവണ 127 രസീതി ബുക്കുകൾ അച്ചടിച്ചതായി(രസീതി ലീഫ് നംമ്പർ 1 മുതൽ 12700 വരെ) രസീതി പരിശോധനയിൽ കണ്ടെത്തിയെങ്കിലും രസീതി അച്ചടിച്ച ശക്തിപ്രിന്റേഴ്സിന്റെ ബിൽ പ്രകാരം 100 രസീതി മാത്രമേ അച്ചടിച്ചിട്ടുള്ളൂ. ബാക്കി 27 രസീതി ബുക്കുകൾ അച്ചടിച്ചത് എവിടെ നിന്നാണ്, പരിശോധനയ്ക്ക് ഹാജരാക്കിയ രസീതി ബുക്കുകൾ കൂടാതെ മറ്റ് രസീതി ബുക്കുകൾ അച്ചടിച്ച് പണം പിരിവ് നടത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങളിൽ അന്വേഷണം ആവശ്യമാണ്.

<u>4.രസീതി ബുക്കുകളുടെ അച്ചടി, രജിസ്റ്റർ സൂക്ഷിപ്പ്, വിതരണം എന്നിവയിലെ അപാകതകൾ-</u>

രസീതി ബുക്കുകളുടെ അച്ചടി, വിതരണം എന്നിവ സംബന്ധിച്ച വിശദമായ വിവരം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ലഭ്യമാക്കിയ രസീതികൾ പരിശോധിച്ചതിൽ ഹരിതകർമ്മസേന താഴെ വിവരിച്ച പ്രകാരം രസീതി ബുക്കുകൾ അച്ചടിച്ച് ഉപയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പരിശോധനയ്ക്ക് ലഭിച്ച രസീതി ബുക്കുകളുടെ എണ്ണം | ഉപയോഗിച്ച കാലയളവ് |
|---|---|---|
| I | 1 മുതൽ 127 വരെ | 23/05/2018മുതൽ 07/03/2019വരെ |
| II | 1 മുതൽ 100 വരെ | 07/03/2019മുതൽ 27/07/2019വരെ |
| III | 1 മുതൽ 50 വരെ | 26/07/2019മുതൽ 12/10/2019വരെ |
| IV | 51 മുതൽ 150 വരെ | 15/10/2019മുതൽ 29/10/2019വരെ |

രസീതി ബുക്കുകൾ അച്ചടിച്ചതിലും വിതരണം ചെയ്തതിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചതിലും ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

<u>സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല:-</u>

രസീതി ബുക്കുകളുടെ വരവ്, വിതരണം, നീക്കിയിരിപ്പ് തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ അച്ചടിച്ച മുഴുവൻ രസീതികളും സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്നും ആയത് മുഴുവനായും പിരിവിന് നൽകിയിട്ടുണ്ടോ എന്നും ഉപയോഗിച്ച രസീതിബുക്കുകളിലെ തുക മുഴുവനും ഒടുക്കിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>രസീതി ബുക്കുകൾ അച്ചടിച്ചതിലെ അപാകതകൾ-</u>

നാലു തവണകളായി 377 രസീതി ബുക്ക് അച്ചടിച്ചു വിതരണം നടത്തിയിട്ടുണ്ട്.ആദ്യ തവണ 127 രസീതി ബുക്കുകളും(ബുക്ക് നം.1 മുതൽ 127 വരെ) രണ്ടാം തവണ 100 രസീതി ബുക്കുകളും(ബുക്ക് നം.1 മുതൽ 100 വരെ) മൂന്നാം തവണ 50 രസീതി ബുക്കുകളും((ബുക്ക് നം.1 മുതൽ 50 വരെ) നാലാം തവണ 100 രസീതി ബുക്കുകളുമാണ്(ബുക്ക് നം.51 മുതൽ 150 വരെ)അച്ചടിച്ചിട്ടുള്ളത്.ഈ രസീതി രസീതിബുക്കുകൾക്കെല്ലാം ഓരോ തവണയും ഒന്നുമുതലുള്ള ക്രമ നംമ്പറാണ് നൽകിയിട്ടുള്ളത്.ഇങ്ങനെ ഒരേ ക്രമ നംമ്പറിലുള്ള രസീതി ബുക്ക് അച്ചടിച്ച് വിതരണം ചെയ്തതിനാൽ ഏത് രസീതി ബുക്കിലാണ് അപാകത വന്നിട്ടുള്ളതെന്ന് പരാമർശിക്കാൻ സാധിക്കുന്നില്ല. ഈ ആശയക്കുഴപ്പം ഒഴിവാക്കുന്നതിനായി രസീതുകൾക്ക് തുടർച്ചയായി നംമ്പർ നൽകേണ്ടതാണ്. (രസീതുകൾ തിരിച്ചറിയുന്നതിനായി ബുക്ക് അച്ചടിച്ച ക്രമത്തിൽ I/ II/ III/ IV എന്നിങ്ങനെ രസീതി ബുക്ക് നംമ്പറിന് മുൻപായി ചേർക്കുന്നു).

രസീതി എഴുതുമ്പോൾ തുക അക്കത്തിലും അക്ഷരത്തിലും എഴുതാത്തതിനാൽ രസീതി വരവിനത്തിലുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. രസീതിയിൽ തുക അക്കത്തിലും അക്ഷരത്തിവും എഴുതേണ്ടതാണ്.

<u>രസീതികളിലെ കാർബൺ കോപ്പിമാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്-</u>

രസീതികളിലെ ഒറിജിനൽ ഗുണഭോക്താവിന് നൽകുകയും കാർബൺ കോപ്പി ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്. പല കാർബൺ കോപ്പികളിലും കാർബൺ

തെളിയാത്തതിനാൽ തുക വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നില്ല.

<u>രസീതി ബുക്കുകൾ ഭാഗീകമായി ഉപയോഗിച്ച് ബാക്കി ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്-</u>

രസീതി ബുക്കുകളിലെ രസീതി ലീഫുകൾ പൂർണ്ണമായും ഉപയോഗിക്കാതെ അടുത്ത ബുക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇത് രസീതികളുടെ ദുരുപയോഗത്തിന് ഇടയാക്കിയേക്കാം.

ഉദാ:-

| രസീതി ബുക്ക് നം. | രസീതി നം. |
|---|---|
| I/64 | 6345മുതൽ 6400 വരെ |
| III/32 | 3157മുതൽ 3200 വരെ |

<u>പല രസീതികളിലും ഒന്നിലധികം തുകകൾ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഏത് തുകയാണ് യൂസർഫീസിനത്തിൽ ഉപഭോക്താവിൽ നിന്ന് ഈടാക്കിയതെന്ന് തിട്ടപ്പെടുത്താൻ ബുദ്ധിമുട്ടാണ്-</u>

ഉദാ:-

| രസീതി ബുക്ക് നം. | രസീതി നം | രേഖപ്പെടുത്തിയ തുകകൾ | കളക്ഷൻ ഇനത്തിൽ പരിഗണിച്ച തുക |
|---|---|---|---|
| I/1 | 68 | 100, 200 | 100 |
| I/2 | 118 | 150, 450, 300 | 450 |
| I/2 | 123 | 100, 50 | 50 |
| I/2 | 130 | 100, 200 | 100 |
| I/2 | 200 | 200, 500 | 200 |
| I/6 | 540 | 100, 300 | 300 |
| I/6 | 544 | 2150, 300 | 150 |

<u>രസീതി ലീഫുകൾ ക്യാൻസൽ ചെയ്യാനുള്ള കാരണം കാണിക്കാതെ ക്യാൻസൽ ചെയ്തിട്ടുണ്ട്.</u>

രസീതിലീഫുകൾ ക്യാൻസൽ ചെയ്യുമ്പോൾ ക്യാൻസൽ ചെയ്യാനുള്ള കാരണം എഴുതി സെക്രട്ടറി അറ്റസ്റ്റ് ചെയ്യേണ്ടതാണ് എന്നാൽ ക്യാൻസൽ ചെയ്യുന്ന രസീതികളിൽ ഒന്നിൽ പോലും അങ്ങനെ ചെയ്തിട്ടില്ല.

<u>രസീതി ലീഫുകളുടെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് കോപ്പി ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്-</u>

രസീതി ലീഫുകളുടെ ഒറിജിനൽ ഹാജരാക്കാത്തതിനാൽ ഈ രസീതി ലീഫുകൾ ഉപയോഗിച്ച് പണം പിരിവ് നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താനായിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീതി ബുക്ക് നം. | രസീതി നം. |
|---|---|
| I/9 | 852 |
| I/9 | 809 |
| I/21 | 2054 |
| I/21 | 2055 |
| I/26 | 2508 |

ഒന്നാം തവണ അച്ചടിച്ച 9- ാം നംമ്പർ രസീതി ബുക്കിൽ 809-ാം നംമ്പർ രസീതിയുടെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല.ഡൂപ്ലിക്കേറ്റ് കോപ്പി ബ്ലാൻക് ആയി ക്യാൻസൽ ചെയ്തിട്ടുണ്ട്.ഒറിജിനൽ രസീതി മുറിച്ചെടുത്തിട്ടുണ്ട് ഒറിജിനൽ മുറിച്ചെടുത്തതിന്റെ ബാക്കി ഭാഗത്ത് ലളിത മഹൽ ഓഡിറ്റോറിയം 2,000/-എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.തുക ബാങ്കിൽ അടവാക്കിയിട്ടില്ല.ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണ്.

2/3/19 ന് കോഴിമാലിന്യം ശേഖരിച്ച വകയിൽ 12,992/- രൂപ പിരിച്ചെടുത്തിട്ടുള്ളതായി രസീതി ബുക്ക് നം.I/110ലെ രസീതി നം.1095ന്റെ കാർബൺ കോപ്പിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് ആയത് ക്യാൻസൽ ചെയ്തിട്ടുണ്ട്. ഒറിജിനൽ രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ രസീതി ഉപയോഗിച്ച് പണം പിരിവ് നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

<u>രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത പണത്തിലും കുറഞ്ഞ തുകയാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്(ചില രസീതികളിൽ). ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.</u>

| രസീതി ബുക്ക് നം/ രസീതി നം. | തിയ്യതി | രസീതി ബുക്ക് പ്രകാരം | കളക്ഷൻ രജിസ്റ്റർ പ്രകാരം | കുറവ് |
|---|---|---|---|---|
| 6/533 | 2/6/18 | 300 | 200 | 100 |
| 8/737 | 28/6/18 | 200 | 100 | 100 |
| 8/799 | 28/6/18 | 200 | 100 | 100 |
| 8/800 | 28/6/18 | 200 | 50 | 150 |

ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6 ൽ കോളം രണ്ടിൽ വരവായി കാണിച്ച തുക യഥാർഥ കളക്ഷൻ തുകയാണ്.

<u>രസീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

മൂന്നാം തവണ അച്ചടിച്ച 7-ാം നംമ്പർ രസീതി ബുക്കിലെ രസീതി ലീഫ് 601 മുതൽ 700 വരെ ഉപയോഗിച്ച് 12/08/19 മുതൽ 17/08/19 വരെയുള്ള തിയ്യതികളിലായി 21,450/-രൂപ പിരിച്ചെടുത്തിട്ടുള്ളതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രസീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽ രസീതി ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത പണത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.(എന്നിരുന്നാലും വരവ് കണക്കാക്കിയപ്പോൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയാണ് പരിഗണിച്ചിട്ടുള്ളത്.)

രസീതി ഉപയോഗിച്ച് പണം പിരിവ് നടത്തിയത് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല-

മൂന്നാം തവണ അച്ചടിച്ച രസീതി ബുക്ക് നമ്പർ 48 ൽ രസീതി നം.4737 മുതൽ 4800 വരെ രസീതികളിലായി 4,650/-രൂപ പിരിച്ചെടുത്തിട്ടുണ്ട് ഈ തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.(ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6 ൽ കോളം രണ്ടിൽ വരവായി കാണിച്ച തുക യഥാർഥ കളക്ഷൻ തുകയാണ്).

രസീതി ബുക്കിൽ രസീതി തുക എഴുതിയിട്ടുണ്ട്. ഒറിജിനലും ഡ്യൂപ്ലിക്കേറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററിൽ ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| രസീതി ബുക്ക് നം. | രസീതി നം. | പിരിച്ചെടുത്ത തുക |
|---|---|---|
| I/10 | 956 | 100 |

(ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 6 ൽ കോളം രണ്ടിൽ വരവായി കാണിച്ച തുക യഥാർഥ കളക്ഷൻ തുകയാണ്).

രസീതി ബുക്കിലെ രസീതി ലീഫിന്റെ ഒറിജിനൽ കോപ്പിയും ഡ്യൂപ്ലിക്കേറ്റ് കോപ്പിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രസീതി ബുക്കിൽ നിന്നും രസീതിയുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും മുറിച്ചു നീക്കിയതിനാൽ ഈ രസീതികൾ ഉപയോഗിച്ച് എത്ര രൂപ പിരിച്ചെടുത്തു എന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.ഇപ്രകാരം ഒറിജിനലും ഡ്യൂപ്ലിക്കേറ്റും മുറിച്ചു നീക്കിയ രസീതികളുടെ വിവരം താഴെ കൊടുക്കുന്നു.

| രസീതി ബുക്ക് നം. | രസീതി നം. |
|---|---|
| I/19 | 1838 |
| I/26 | 2531 |
| I/28 | 2702 |
| I/118 | 11756 |
| II/16 | 1512 |
| II/24 | 2332 |
| III/6 | 8663 |

മേൽ രസീതികൾ ഉപയോഗിച്ച് പണം പിരിവ് നടത്തിയിട്ടില്ല എന്ന് വിശദമായ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

രസീതി ബുക്കിലെ രസീതി ലീഫിന്റെ ഒറിജിനൽ കോപ്പിയും ഡ്യൂപ്ലിക്കേറ്റ് കോപ്പിയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.കളക്ഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ.

| രസീതി ബുക്ക് നം. | രസീതി നം. | കളക്ഷൻ രജിസ്റ്ററിൽ |
|---|---|---|

| | | രേഖപ്പെടുത്തിയ തുക |
|---|---|---|
| II/79 | 7800 | 100 |
| II/87 | 8663 | 100 |

മേൽ രസീതികൾ പ്രകാരം പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക തന്നെയാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

രസീതികളുടെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല, ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ യാതൊന്നും എഴുതാതെ സൂക്ഷിച്ചിട്ടുണ്ട് കളക്ഷൻ രജിസ്റ്ററിൽ ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ.

| രസീതി ബുക്ക് നം. | രസീതി നം. |
|---|---|
| I/10 | 955 |
| I/26 | 2517 |
| I/38 | 3703 |
| I/46 | 4548 |
| I/73 | 7276 |
| I/51 | 5092 |
| I/56 | 5532 |
| I/57 | 5639 |
| I/78 | 7790 |
| I/110 | 10945 |
| I/126 | 12577 |
| II/76 | 7594 |

പണം നഷ്ടപ്പെട്ടിട്ടില്ല എന്നുറപ്പുവരുത്താൻ ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണ്.

രസീതികളുടെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല, ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ യാതൊന്നും എഴുതാതെ സൂക്ഷിച്ചിട്ടുണ്ട് കളക്ഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം തവണ അച്ചടിച്ച രസീതി ബുക്ക് നമ്പർ 32 ൽ 3161-ാം നം രസീതിയുടെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല, ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ യാതൊന്നും എഴുതാതെ സൂക്ഷിച്ചിട്ടുണ്ട് കളക്ഷൻ രജിസ്റ്ററിൽ 50/-രൂപ(9/4/19 തിയ്യതി) കിട്ടിയതായി കാണിച്ചിട്ടുണ്ട്.

ഒറിജിനൽ രസീതി നൽകിയതിനുശേഷം കാർബൺ കോപ്പിയിൽ വെട്ടിത്തിരുത്തി കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

i) 28/07/2018 ന് രസീതി ബുക്ക് നം.I/20-ാംൽ 1982-ാം നമ്പർ രസീതിയുടെ കാർബൺ കോപ്പിയിൽ ഉഡുപ്പി റസ്റ്റോറന്റിൽ നിന്നും 3,000/- പിരിച്ചെടുത്തത് 300/- എന്ന് കാർബൺ ഉപയോഗിക്കാതെ വെട്ടി എഴുതിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും പിരിച്ചെടുത്ത യഥാർത്ഥ തുക എത്രയെന്ന് തിട്ടപ്പെടുത്താനായിട്ടില്ലാത്തതിനാൽ രസീതിയിൽ

രേഖപ്പെടുത്തിയ കുറഞ്ഞ തുക തന്നെയാണ് കളക്ഷൻ ഇനത്തിൽ ഓഡിറ്റ് വരവുവെച്ചിട്ടുള്ളത്.

ii)17/12/18 തിയ്യതിയിൽ ഹാഷീം എന്നയാളിൽ നിന്ന് 8 ബോക്സ് മാർക്കറ്റ് വേയ്സ്റ്റ് ശേഖരിച്ച വകയിൽ 400 രൂപ
(8*50) പിരിച്ചെടുത്തിട്ടുണ്ട്(രസീതി നം.I/110/10959) 400 എന്ന തുക വെട്ടി 350/- എന്നാക്കി മാറ്റിയിട്ടുണ്ട്.

<u>പിരിച്ച തുക ബാങ്കിൽ അടവാക്കാതെ നേരിട്ട് ചെലവഴിച്ചു.</u>

യൂസർ ഫീസിനത്തിൽ പിരിച്ചെടുത്ത തുക ബാങ്കിൽ അടവാക്കാതെ ആ തുകയിൽ നിന്നും ഹരിതകർമ്മസേനാ സെക്രട്ടറി വാഹന റിപ്പയർ,ഇന്ധനച്ചിലവ്,റിഫ്രഷ്മെന്റ് ചാർജ്ജ്, കോട്ട് വാങ്ങിയത്, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങളിലായി ആകെ 1,05,343/- രൂപ നേരിട്ട് ചെലവഴിച്ച് ചെലവു വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്.ഈ വൗച്ചറുകളുടെ കൃത്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടില്ല.

ഹരിതകർമ്മസേനയുടെ പിരിവ് തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അതത്/ തൊട്ടടുത്ത ദിവസം ബാങ്കിൽ ഒടുക്കേണ്ടതായിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. പിരിവ് തുക കൈയ്യിൽ സൂക്ഷിച്ച് പല ചെലവുകളുംനേരിട്ട് നടത്തി മിച്ചം തുക കണക്കാക്കാതെ പലപ്പോഴും ഒരു തുക ബാങ്കിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. പിരിവ് തുകയും ചെലവ് തുകയും ബാങ്കിൽ ഒടുക്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഹരിതകർമ്മസേന രൂപം കൊണ്ട 15/05/2018 തിയ്യതി മുതൽ നാളിതുവരെയുള്ള രസീതി പിരിവ് ഓഡിറ്റിൽ പരിശോധിക്കുകയുണ്ടായി. ഹരിതകർമ്മസേനയുടെ ബാങ്ക് അകൗണ്ട് പരിശോധിച്ചതിൽ പിരിവ് തുകയുടെ ഒരു ഭാഗം മാത്രമേ ബാങ്കിൽ ഒടുക്കിയിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. രസീതി പിരിവ് തുക, ബാങ്കിൽ ഒടുക്ക്, നേരിട്ട് നടത്തിയ ചെലവുകൾ എന്നിവയുടെ പരിശോധനയിൽ രസീതി പിരിവ് ഇനത്തിൽ ലഭിച്ച തുകയിൽ 1,99,163/- രൂപ നാളിതുവരെ ബാങ്കിൽ ഒടുക്കിയിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| മാസം | വരവ് | ബാങ്കിൽ ഒടുക്കിയത് | നേരിട്ട് ചെലവഴിച്ചത് | ഒടുക്ക് ബാക്കി |
|---|---|---|---|---|
| മെയ് 2018 | 78,825 | 73,900 | - | 4,925 |
| ജൂൺ 2018 | 1,53,965 | 1,36,250 | 1,095 | 16,620 |
| ജൂലൈ 2018 | 2,55,313 | 2,51,505 | 2,000 | 1,808 |
| ഓഗസ്റ്റ് 2018 | 1,48,510 | 1,25,800 | 1,522 | 21,188 |
| സെപ്റ്റംബർ 2018 | 2,85,527 | 2,51,075 | 6,611 | 27,841 |
| ഒക്ടോബർ 2018 | 2,82,455 | 2,46,510 | 1,005 | 34,940 |
| നവംബർ 2018 | 2,83,589 | 2,47,540 | 9,375 | 26,674 |
| ഡിസംബർ 2018 | 2,99,220 | 2,54,925 | 1,215 | 43,080 |
| ജനുവരി 2019 | 2,98,865 | 2,94,030 | 5,884 | -1049 |
| ഫെബ്രുവരി | 2,97,366 | 2,07,720 | 19,078 | 70,568 |

| | | | | |
|---|---|---|---|---|
| 2019 | | | | |
| മാർച്ച് 2019 | 3,86,447 | 3,60,300 | 2,780 | 23,367 |
| ഏപ്രിൽ 2019 | 3,49,875 | 2,48,295 | 1,910 | 99,670 |
| മെയ് 2019 | 3,37,665 | 2,84,430 | 6,996 | 46,239 |
| ജൂൺ 2019 | 3,15,841 | 3,02,580 | 27,268 | -14,007 |
| ജൂലൈ 2019 | 3,37,641 | 2,70,555 | 5,257 | 61,829 |
| ഓഗസ്റ്റ് 2019 | 3,03,300 | 3,39,910 | 6,892 | -43,502 |
| സെപ്റ്റംബർ 2019 | 2,95,970 | 4,34,530 | 6,452 | -14,5012 |
| ഒക്ടോബർ 2019 | 3,23,258 | 3,99,274 | - | -76,016 |
| ആകെ | 50,33,632 | 47,25,179 | 1,05,340 | 1,99,163 |

ഓഡിറ്റിന് ലഭ്യമാക്കിയ 283 രസീതി ബുക്കുകളുടേയും(മൂന്നാം തവണ അച്ചടിച്ച 56-ാം നമ്പർ രസീതി ബുക്കിലെ 5544-ാം നമ്പർ രസീതി വരെ) 29/10/2019 തിയ്യതിവരെയുള്ള കേരള ഗ്രാമീൺ ബാങ്ക് കല്പറ്റബ്രാഞ്ചിലെ ഹരിതകർമ്മസേനയുടെ (അകൗണ്ട് നം.40205101039133) അകൗണ്ടിലെ ഇടപാടുകളുടേയും നഗരസഭയിൽ നിന്ന് ഹരിതകർമ്മസേനയുടെ അകൗണ്ടിലേക്ക് കൈമാറിയ തുകകളുടേയും ഹാജരാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഹരിതകർമ്മസേന കല്പറ്റ നഗരസഭ<br>2018 മെയ് മുതൽ 2019 ഒക്ടോബർ 29 വരെയുള്ള വരവ് ചെലവ് പത്രിക | | | |
|---|---|---|---|
| വരവ് | തുക | ചെലവ് | തുക |
| നീക്കിയിരുപ്പ്- | ഇല്ല | ശമ്പളം | 46,19,680 |
| രസീതി പിരിവിലൂടെയുള്ള വരവ് | 50,33,632 | ബോണസ് | 99,000 |
| പലിശയിനത്തിലുള്ള വരവ് | 13,233 | കണ്ടിജൻറ് ചെലവുകൾ | 1,05,340 |
| നഗരസഭയിൽ നിന്നുള്ള ധനസഹായം (2,26,385+1,45,330) | 2,26,385 | നഗരസഭയിൽ നിന്നുള്ള ധനസഹായം തിരികെ നൽകിയത് | 2,26,385 |
| വയബിലിറ്റി ഫണ്ട് | 3,71,715 | ബാങ്ക് ചാർജ്ജസ് | 2,438 |
| | | വെഹിക്കിൾ എക്സ്പെൻസസ് | 1,410 |
| | | പിരിച്ച തുക തിരിച്ചടക്കാത്തത് | 1,99,163 |

| | | | |
|---|---|---|---|
| | | നീക്കിബാക്കി- | |
| | | ബാങ്ക് | 3,91,549 |
| | | പണം | ഇല്ല |
| | 56,44,965 | | 56,44,965 |

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വരവുചെലവു കണക്കിൽ 29/10/2019 തിയ്യതികളിൽ 1,99,163/- രൂപ ഹരിത കർമ്മസേനയുടെ കയ്യിലിരിപ്പ് പണമാണ്. ഈ പണം ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചെലവഴിച്ച തുക നിരാകരിക്കുന്നു.

ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ₹77000/- വൗച്ചർ നം 518000571 തീയതി 29.7.18 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വൗച്ചർ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വൗച്ചർ , ചെക്ക് നമ്പറും തീയതിയും, തുക ആർക്കൊക്കെയാണ് നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ സഹിതം ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്നും വിശദീകരണം ആവശ്യപ്പെട്ട് നം. 40തീയതി 4/11/2019ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഒപ്പ് വെച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ, ഓവർസിയർ എന്നിവരാണ്. തദ്ദേശ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതെന്നിരിക്കെ ഇതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ചെലവഴിച്ച ₹ 77000/- ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 ശുചിമുറി നിർമ്മിക്കാതെ ശുചിമുറിക്ക് വകയിരുത്തിയ തുക അനുവദിച്ചതിനാൽ നഷ്ടം

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 83ഭവനങ്ങളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതായി കണ്ടെത്തിയത്.അവയിൽ 68 വീടുകൾ എഗ്രിമെന്റ് വെച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു.11.10.2017ലെ സ.ഉ.(എം.എസ്)196/2017 ത.സ്വ.ഭ.വ ഖണ്ഡിക.1 പ്രകാരം നിർമ്മാണ-ത്തിന്റെ ഓരോ ഘട്ടത്തിലും റ്റി.പി.റ്റി.എ യും തദ്ദേശ സ്ഥാപന കർമ്മസേന-യുമായും യോജിച്ച് പ്രവർത്തിച്ച് നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു.നഗരസഭയിൽ കർമ്മസമിതിയുടെയും റ്റി.പി.റ്റി.എയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഭവനനിർമ്മാണ പുരോഗതി കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായിരുന്നു. മേൽചുമതല നിർവഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച പറ്റിയിട്ടുണ്ട്.മൂല്യനിർണ്ണയം

നടത്തിയ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച് മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ആയതിനാൽ ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനവദിക്കേണ്ട സാഹചര്യം ഉണ്ടായി.

ഓഡിറ്റിനോടനുബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോടൊപ്പം 04.11.19 ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ എസ്റ്റിമേറ്റിലുൾപ്പെടുത്തിയ പലയിനങ്ങളും പലവീടുകളിലും ശുചിമുറി നിർമ്മിക്കാതെ നിർമ്മിച്ചതായി കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1.കല്യാണി w/o വെള്ളി ,മാങ്ങവയൽ കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | ₹112500 |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 131000/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | 131000/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | 131000 |

തുക നൽകിയതിന്റെ വിവരം

| തുക നൽകിയ തീയതി | തുക |
|---|---|
| 19.05.18 | 100000 |
| 25.01.19 | 31000 |
| ആകെ | ₹131000 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ മേൽക്കൂരയുടെ പ്രവൃത്തി പൂർത്തീകരിച്ചതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് ശുചിമുറി നിർമ്മാണം, പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ, ഫ്ലോറിംഗ്, വാതിലുകളും ജനലുകളും സ്ഥാപിക്കൽ, വൈറ്റ് വാഷിംഗ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും

ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | പ്രവൃത്തി ചെയ്തിട്ടില്ല. |

2.പത്മാവതി ,മാങ്ങവയൽ കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | ₹112500 |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 210000/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | 179072/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗസഭ |
| ഗുണഭോക്താവിന് നൽകിയ തുക | 179072 |

തുക നൽകിയതിന്റെ വിവരം

| തീയതി | തുക |
|---|---|
| 19.05.18 | 100000 |
| 19.12.18 | 60000 |
| 26.03.19 | 19022 |
| ആകെ | ₹179072 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ ലിന്റൽ പ്രവൃത്തി പൂർത്തീകരിച്ചതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് മേൽക്കൂര കോൺക്രീറ്റ്, വാതിൽ കട്ടിളകൾ സ്ഥാപിക്കൽ, ജനൽ

കട്ടിളകൾ സ്ഥാപിക്കൽ, വാതിലുകളും ജനൽ വാതിലുകളും സ്ഥാപിക്കൽ, ഭിത്തി പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, കക്കൂസിന്‍റെ നിർമ്മാണം, എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്‍റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്‍റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല |

3. മീനാക്ഷി,മാങ്ങവയൽ കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | ₹112500 |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 135000/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | 135000/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | 135000 |

തുക നൽകിയതിന്‍റെ വിവരം

| തീയതി | തുക |
|---|---|
| 19.05.18 | 100000 |
| 25.01.19 | 35000 |
| ആകെ | ₹ 135000 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ മേൽക്കൂര പ്രവൃത്തി പൂർത്തീകരിച്ചതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് ശുചിമുറി നിർമ്മാണം, വാതിലുകളും ജനൽ വാതിലുകളും സ്ഥാപിക്കൽ, ഭിത്തി പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വൈറ്റ് വാഷിംഗമ എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല |

4. ശ്യാമള റാട്ടക്കൊല്ലി കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | വിവരം ലഭ്യമല്ല |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 124000/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | 124000/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | 124000 |

തുക നൽകിയതിന്റെ വിവരം

| തീയതി | തുക |
|---|---|
| 19.05.18 | 80000 |
| 25.01.19 | 44000 |
| ആകെ | ₹ 124000 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ മേൽക്കൂര പ്രവൃത്തി പൂർത്തീകരിച്ചതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് വാതിലുകളും ജനൽ വാതിലുകളും സ്ഥാപിക്കൽ, ഭിത്തി പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, കക്കൂസിന്റെ നിർമ്മാണം, വൈറ്റ് വാഷിംഗ് എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല |

5. വാസുദേവൻ, എടപ്പെട്ടി കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | വിവരം ലഭ്യമല്ല |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 309476/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | ₹ 309476/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | ₹ 309476/- |

തുക നൽകിയതിന്റെ വിവരം

| ചെക്ക് നം/തീയതി | തുക |
|---|---|
| 19.5.18 | 100000 |
| 14.09.18 | 100000 |
| | |

| | |
|---|---|
| 29.11.18 | 40000 |
| 04.05.19 | 69476 |
| ആകെ | ₹ 309476 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ നിലവിലെ അവസ്ഥ വിവരങ്ങൾ ലഭ്യമല്ല . ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് ചുമർ നിർമ്മാണം മുതലുള്ള പ്രവൃത്തികളും കക്കൂസിന്റെ നിർമ്മാണം, വൈറ്റ് വാഷിംഗ് എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല. |

6.കല്യാണി, എടപ്പെട്ടി കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | വിവരം ലഭ്യമല്ല |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 311934/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | ₹ 311934/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | ₹ 311934/- |

തുക നൽകിയതിന്റെ വിവരം

| ചെക്ക് നം/തീയതി | തുക |
|---|---|

| | |
|---|---|
| 20.3.18 | 100000 |
| 30.06.18 | 100000 |
| 06.09.18 | 50000 |
| 25.01.19 | 61934 |
| ആകെ | ₹ 311934 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതാണ് . ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് ലിന്റൽ ശേഷമുള്ള പ്രവൃത്തികളും കക്കൂസിന്റെ നിർമ്മാണം, വൈറ്റ് വാഷിംഗ് എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല |

7.ഗോപാലൻ എടപ്പെട്ടി കോളനി,കൽപ്പറ്റ നഗരസഭ.

മറ്റ് വിവരങ്ങൾ

| | |
|---|---|
| ഭവനം അനുവദിച്ച വർഷം,പദ്ധതി, യൂണിറ്റ് കോസ്റ്റ് | 2009-10 ,EMS പദ്ധതി ₹ 125000 |
| മുൻപദ്ധതിപ്രകാരം നൽകിയ ആകെ തുക | ₹87500/- |
| ലൈഫ് എസ്റ്റിമേറ്റ് | ₹ 402741/- |
| എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,<br>കൽപ്പറ്റ നഗരസഭ |
| ലൈഫ് പദ്ധതിയുടെ അളവ് മൂല്യം | ₹ 382050/- |
| അളവ് മൂല്യം കണക്കാക്കിയ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,കൽപ്പറ്റ നഗരസഭ |
| ഗുണഭോക്താവിന് നൽകിയ തുക | ₹ 382050/- |

തുക നൽകിയതിന്റെ വിവരം

| ചെക്ക് നം/തീയതി | തുക |
|---|---|
| 20.03.18 | 100000 |
| 30.06.18 | 100000 |
| 06.09.18 | 100000 |
| 29.11.18 | 20000 |
| 26.03.19 | 62050 |
| ആകെ | ₹ 382050 |

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സമയത്ത് വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം വീടിന്റെ പൂർത്തീകരണത്തിന് ലിന്റൽ നിർമ്മാണത്തിന് ശേഷമുള്ള പ്രവൃത്തികളും കക്കൂസിന്റെ നിർമ്മാണം, വൈറ്റ് വാഷിംഗ് എന്നിവ ഉൾപ്പുടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ തുക ഗുണഭോക്താവിന് നൽകുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഏതെല്ലാം പ്രവൃത്തികൾ എത്ര അളവിൽ നടത്തി എന്ന് വ്യക്തമാക്കാതെയാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയത്.

ചെയ്യാത്ത പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം | എസ്റ്റിമേറ്റ് ഇനം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| | 1 മുതൽ 9 വരെ | ശുചിമുറി നിർമ്മാണ പ്രവൃത്തികൾ | 34991 | ചെയ്തിട്ടില്ല |

സ്ഥലപരിശോധന നടത്തിയ 7 വീടുകളിലും ശുചിമുറി നിർമ്മിക്കാതെ , ശുചിമുറിക്ക് കൂടി വകയിരുത്തിയ തുക അനുവദിച്ചതിനാൽ 244937 രൂപ അധികം നൽകി.ബാക്കി വീടുകളിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടാണോ തുക നൽകിയത് എന്ന് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ,മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. 244937 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി നമ്പർ 42/18-19 .തീയതി 5.11.19 ന് മറുപടി നൽകിയിട്ടില്ല.

## 3-3 ടെണ്ടർ ബിലോ കുറവു ചെയ്തത് കുറവ്.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നം. 101/19, ഗൂഡലായികുന്ന് അംഗൻവാടി മുതൽ കമ്പ്രത്ത് വീട് പരിസരം നടപ്പാത കോൺക്രീറ്റ് പ്രവൃത്തിയുടെ 20.07.2018-ൽ നടത്തിയ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11% കുറവ് നിരക്ക് രേഖപ്പെടുത്തിയ അനൂപ് തോമസ് എന്ന കരാറുകരന്റെ ടെണ്ടർ അംഗീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ തുക നൽകിയപ്പോൾ എസ്റ്റിമേറ്റ് തുകയുടെ 11% കുറവ് ചെയ്യേണ്ടതിന് പകരം 10% -ആണ് കുറവ് ചെയ്തിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ₹3281/- അധികം നൽകിയിട്ടുണ്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | ₹200000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് തുക | ₹180000/- (ട്രഷറി ബിൽ നം. 71/18-19, 19.12.2018) |
| എസ്റ്റിമേറ്റ് തുക | ₹198561/- |
| പി.എ.സി. | ₹176719/- (198561 -ന്റെ 11% കുറവ് തുക ) |

| | |
|---|---|
| അധികം നൽകിയ തുക | ₹3281/-(180000 - 176719) |

4.11.2019 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/2018-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹3281/- നിരാകരിക്കുന്നു. ആയത് വർക്ക് ബിൽ തയ്യാറാക്കി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 നഗരസഭ ഫണ്ടിന്റെ ദുർവിനിയോഗം

കേരള മുനിസിപ്പാലിറ്റി നിയമം 346, 347 എന്നീ വകുപ്പുകൾ അനുസരിച്ച് പൊതു തെരുവുകൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് മുനിസിപ്പൽ ഫണ്ട് വിനിയോഗിക്കാവുന്നത്. എന്നാൽ നഗരസഭ തൻവർഷം നടപ്പാക്കിയ പല കോൺക്രീറ്റ് പ്രവൃത്തികളും 'പൊതു തെരുവുകൾ' നിർമ്മിക്കുന്നതിനുള്ളവയല്ല എന്ന് കണ്ടു. 01.11.2019 -ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ താഴെ പറയുന്ന നടപ്പാത കോൺക്രീറ്റ് പ്രവൃത്തികൾ സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്ക് ആണെന്ന് നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും പേരും | വിശദാംശങ്ങൾ |
|---|---|---|
| 1 | പ്രോജക്ട് നം. 139/19, പരശ്ശേരി വയൽ കൊല്ലൻ കുഞ്ഞാപ്പ വീട്ടിലേക്ക് നടപ്പാത | ഒരു വ്യക്തിയുടെ വീട്ടിലേക്ക് മാത്രമായുള്ള നടപ്പാതയാണ്. റോഡിൽ നിന്നും ഒരു വീടിന്റെ മുറ്റം വരെയാണ് നടപ്പാതയുള്ളത്. പൊതുജനങ്ങൾക്ക് ഈ നടപ്പാത കൊണ്ട് ഉപയോഗമില്ല. അളവ് പുസ്തക പ്രകരം 32.40 മീറ്ററാണ് ആകെ കോൺക്രീറ്റ് ചെയ്ത നടപ്പാതയുടെ നീളം. ചെലവ് തുക : ₹44006/- (ട്രഷറി ബിൽ നം. 125/18-19, 20.03.2019) |
| 2 | പ്രോജക്ട് നം. 155/18, കദീസ കുത്രാടൻ വീട് പരിസരം നടപ്പത | ഒരു വ്യക്തിയുടെ വീട്ടിലേക്ക് മാത്രമായുള്ള നടപ്പാതയാണ്. റോഡിൽ നിന്നും ഒരു വീടിന്റെ മുറ്റം വരെയാണ് നടപ്പാതയുള്ളത്. പൊതുജനങ്ങൾക്ക് ഈ നടപ്പാത കൊണ്ട് ഉപയോഗമില്ല. അളവ് പുസ്തക പ്രകരം 13.20 മീറ്ററാണ് ആകെ കോൺക്രീറ്റ് ചെയ്ത നടപ്പാതയുടെ നീളം. ചെലവ് തുക : ₹19561/- (ട്രഷറി ബിൽ നം. 95/18-19, 18.02.2019) |
| 3 | പ്രോജക്ട് നം. 94/119, പുളിയാർമല സ്കൂളിന് സമീപം ഗിരിജഭവൻ നടപ്പാത | ഒരു വ്യക്തിയുടെ വീട്ടിലേക്ക് മാത്രമായുള്ള നടപ്പാതയാണ്. റോഡിൽ നിന്നും ഒരു വീടിന്റെ മുറ്റം വരെയാണ് നടപ്പാതയുള്ളത്. മറ്റൊരു വീട്ടിൽ നിന്നും ഈ നടപ്പാതയിലേക്ക് പ്രവേശിക്കാൻ കഴിയും. പ്രസ്തുത വീട്ടുകാർക്ക് പ്രധാന റോഡിലേക്ക് പ്രവേശിക്കാൻ വേറെ നടപ്പത ഉണ്ട്. മറ്റ് പൊതുജനങ്ങൾക്ക് ഈ നടപ്പാത കൊണ്ട് ഉപയോഗമില്ല. അളവ് പുസ്തക പ്രകരം 59.69 മീറ്ററാണ് ആകെ കോൺക്രീറ്റ് ചെയ്ത നടപ്പാതയുടെ നീളം. ചെലവ് തുക : ₹100000/- (ട്രഷറി ബിൽ നം. 83/18-19, 18.01.2019) |

മേൽ പറഞ്ഞ പ്രവൃത്തികളിൽ ക്രമ നമ്പർ 1, 2 എന്നീ പ്രവൃത്തികൾക്ക് സംരക്ഷണം ഗ്രാന്റാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രസ്തുത നടപ്പതകൾ നിർമ്മിക്കുന്നതിന് സ്ഥലം നഗരസഭയ്ക്ക് വിട്ടുതന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും, മുനിസിപ്പാലിറ്റി നിയമത്തിന് വിരുദ്ധമായി നഗരസഭ ഫണ്ട് ചെലവഴിച്ചതിനും സംരക്ഷണം ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിനും രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകായറി നം. 36/2018-19/ 04.11.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു വ്യക്തിയുടെ മാത്രം വീട്ടിലേക്കുള്ള നടപ്പാത കോൺക്രീറ്റ് ചെയുന്നതിന് ചെലവഴിച്ച തുകകൾ ക്രമ നം I -₹44006/-, ക്രമ നം II - ₹19561/- നിരാകരിക്കുന്നു. ക്രമ നം III പ്രകാരമുള്ള പ്രവൃത്തിയുടെ ചെലവ് തുക₹100000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ആയത് സംബന്ധിച്ച് പരിശോധന നടത്തി ഒരു വ്യക്തിയുടെ ആവശ്യത്തിന് മാത്രമായി നിർമ്മിച്ച നടപ്പാതയാണെങ്കിൽ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-5 തെരവ് വിളക്ക് പരിപാലനം - വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകുിയതിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി വാർഷിക മെയിന്റനൻസ് കരാർ ടെണ്ടർ ക്ഷണിക്കുകയും പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബേസിൽ മാത്യു എന്നയാളുടെ ടെണ്ടർ സ്ഥിരപ്പെടുത്തുകയും ചെയ്തു.

അംഗീകരിച്ച ടെണ്ടർ പ്രകാരം രേഖപ്പെടുത്തിയ നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| സിംഗിൾ.സി.എഫ്.എൽ | 2270 |
| ഡബിൾ സി.എഫ്.എൽ | 2460 |
| 36/25wസി.എഫ്.എൽ | 2560 |
| 65wസി.എഫ്.എൽ | 2840 |
| സോഡിയം വേപ്പർ | 4400 |
| ലോമാസ്റ്റ് | 46060 |
| ഹൈമാസ്റ്റ് | 68600 |
| എൽ.ഇ.ലൈറ്റ് | 5510 |

മേൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരമാണ് തൻവർഷം തുക കരാറുകാരന് നൽകിയത്.

തെരുവ് വിളക്ക് എ.എം.സി നൽകിയത് പരിശോധിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് തയ്യാറാക്കാതെയാണ് എ.എം.സി ക്ക് ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം, തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥലങ്ങളുടെ സൈറ്റ് പ്ലാൻ, കെ.എസ്.ഇ.ബി പോസ്റ്റുകളുടെ നമ്പർ സഹിതമുള്ള രേഖകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.

2.തെരുവ് വിളക്ക് സ്ഥാപിക്കുമ്പോൾ ആയതിന്റെ മെയിന്റനൻസിന്റെ ഭാഗമായി തകാറുകൾ സംബന്ധിച്ച് നഗരസഭയെ അറിയിക്കുന്നതിനും തെരുവ് വിളക്കുകളുടെ

പ്രവർത്തനം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമായി പ്രാദേശിക സമിതി രൂപീകരിക്കേണ്ടതാണ്. ആയത് രൂപീകരിച്ചിട്ടില്ല.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.9.2011ലെ സർക്കുലർ നം 3055/ഡി.എ3/2011 തസ്വഭവ, കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും വ്യവസ്ഥ (ഇ) പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കലിന്റെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പരാതി സംബന്ധിച്ച വിശദമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇതേ രജിസ്റ്ററുകൾ കെ.എസ്.ഇ.ബി ഓഫീസ്, തദ്ദേശ സ്ഥാപന ഓഫീസ് എന്നിവടങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം പരാതി രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കുന്നതിന് നിരവധി തവണ നേരിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അത്തരം രജിസ്റ്ററോ പകരം രേഖകളോ സൂക്ഷിച്ചിട്ടില്ല.

4.2016-17 സാമ്പത്തിക വർഷത്തിൽ 3389770 രൂപ തെരുവ് വിളക്കുകളുടെ എ.എം.സിക്കായി ചെലവഴിച്ചിട്ടുണ്ട്. തൻവർഷം കരാർ നൽകിയത് മുൻവർഷം കരാറിൽ ഏർപ്പെട്ട കരാറുകാരന് തന്നെയാണ്. ഇത്രയും തുക കരാർ തുക നൽകിയ സാഹചര്യത്തിലും ഇ-ടെണ്ടർ നടത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. 2016-17, 2017-18 വർഷങ്ങളിൽ എ.എം.സി നൽകിയതിന്റെ മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ( ടെണ്ടർ, കരാറുടമ്പടികൾ, തുക നൽകിയതിന്റെ വൗച്ചറുകൾ, പ്രസ്തുത വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന തെരുവ് വിളക്കുകളുടെ എണ്ണം ഉൾപ്പടെയുള്ള വിവരങ്ങൾ രേഖകൾ സഹിതം).

5.എ.എം.സിക്കായി ഓപ്പൺ ടെണ്ടർ ആണ് വിളിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടിസിൽ മാതൃഭൂമി, ദി ഹിന്ദു എന്നീ പത്രങ്ങളിൽ പരസ്യം ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മാതൃഭൂമി പത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തിട്ടുള്ളത്.

6.ടെണ്ടർ ക്ഷണിച്ചത് നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ഉചിതമായില്ല. നിലവിൽ അത്തരത്തിൽ കരാറുകാർക്ക് നഗരസഭ രജിസ്ട്രേഷൻ നൽകുന്നില്ല.

7.തൻവർഷം തെരുവ് വിളക്ക് കത്താത്തതുമായി ലഭിച്ച പരാതികൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതിനും പ്രസ്തുത പരാതികളിൽ തദ്ദേശ സ്ഥാപനത്തിൽ നിന്നും അന്വേഷണം നടത്തിയതിന്റെ രേഖകൾ ആയതിന് ശേഷം കരാറുകാരന് തകരാർ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയതിന്റെ രേഖകൾ, പരാതി പരിഹരിച്ചതിന് ശേഷം തദ്ദേശ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ റിപ്പോർട്ട്, തെരുവ് വിളക്ക് സ്ഥിതി ചെയ്യുന്ന പ്രാദേശിക സമിതികളുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇത്തരം രേഖകൾ സൂക്ഷിക്കുന്നില്ല എന്നാണ് അറിയിച്ചത്.

8. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.9.2011ലെ സർക്കുലർ നം 3055/ഡി.എ3/2011 തസ്വഭവ, സർക്കുലർ നം.ഡി.എ3/2016 ത.സ്വ.ഭ.വ തീയതി 7.11.2017 നിർദ്ദേശങ്ങൾ കരാറുകാരനുമായുള്ള ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

9 മേൽ സർക്കുലർ പ്രകാരം എ.എം.സി തുക 3 മാസത്തിലൊരിക്കൽ ആനുപാതിക മായാണ് നൽകേണ്ടത്. കേടാവുന്ന തെരുവ് വിളക്കുകൾ കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് തെളിയിക്കുന്നതിനാവശ്യമായ നടപടികൾ കരാറുകാരൻ സ്വീകരിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിന് ആവശ്യമായ സ്പെയർപാർട്ട്സ് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കരാറുകാരൻ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാ നത്തിലാണ് തുക നൽകിയത്.

നൽകിയ തുകയുടെ വിവരം

ചെക്ക് നം. 2637009 തീയതി21.08.18 തുക – 1576130

ചെക്ക് നം 2637017 തീയതി 15.11.18 തുക – 1700000

ചെക്ക് നം 2607026 തീയതി 18.6.19 തുക – 888857

തൻവർഷം ആകെ ചെലവഴിച്ച തുക - 4164987 രൂപ

ഇനി നൽകാൻ കാരാറുകാരൻ ആവശ്യപ്പെട്ട്

നഗരസഭ നൽകാൻ തീരുമാനിച്ച ബാക്കി തുക – 277270

ആകെ - 44,42,257/- രൂപ

കരാറുകാരൻ നൽകിയ ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്. ഹാജരാക്കിയ ബില്ലുകളോടൊപ്പം നന്നാക്കിയ തെരുവ് വിളക്കുകളുടെ ലിസ്റ്റ് കരാറുകാരൻ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ആയതിൽ നഗരസഭാ പരിധിയിലെ ചില പ്രദേശങ്ങളിലെ വിവിധ ഗണങ്ങളിൽ പെട്ട ( സി.എഫ്.എൽ, എൽ.ഇ.ഡി തുടങ്ങിയവ) തെരുവ് വിളക്കുകൾ നിശ്ചിത തീയതിയിൽ റിപ്പയർ ചെയ്തിട്ടുണ്ടെന്നും ആയത് തങ്ങൾക്ക് ബോധ്യപ്പെട്ടെന്നും വിവിധ നഗരസഭാ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷപ്പെടുത്തലുകൾ നടത്തിയ പേജിൽ തന്നെയാണ് തെരുവ് വിളക്കുകളുടെ വിവരങ്ങളും ചേർത്തിട്ടുള്ളത്. സാക്ഷ്യപത്രം നൽകിയത് അച്ചടിച്ച നിലയിലും തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് കൈ കൊണ്ട് എഴുതിയ നിലയിലുമാണ്. ഇത് സാക്ഷപത്രം സുതാര്യമല്ല എന്ന സൂചന നൽകുന്നു. മാത്രമല്ല റിപ്പയർ ചെയ്തതായി പറയപ്പെടുന്ന പേരിലുള്ള തെരുവ് വിളക്ക് സംബന്ധമായ യാതൊരു രേഖകളും നഗരസഭയിലില്ല. നഗരസഭാ നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്യേണ്ടതെന്നിരിക്കെ കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരം തുക നൽകിയ നടപടി തെറ്റാണ്. കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരമുള്ള തെരുവ് വിളക്കുകൾ തെളിയുന്നില്ല എന്ന പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മാത്രമല്ല കരാറുകാൻ നൽകിയ ലിസ്റ്റിലെ തെരുവ് വിളക്കുകൾ തെളിയുന്നുണ്ടോ എന്നും ഇവ തകരാറിലാണെന്ന് മുമ്പ് പരാതി വന്നിട്ടുണ്ടോ എന്നും യാതൊരു പരിശോധനയും നടത്തിയിട്ടില്ല. തെളിയാത്ത വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് യാതൊരു പരിശോധനയും നടത്തിയിട്ടില്ല.

മാത്രമല്ല മെയിന്റനൻസ് കരാർ ഒരു വർഷത്തേക്കാണ് കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ളത്. കരാറുകാരന് തുക അനുവദിക്കേണ്ടത് ഓരോ 3 മാസത്തിലൊരിക്കൽ ആനുപാതികമായാണ്. എന്നാൽ ഓരോ ഇനം തെരുവ് വിളക്കിനും എ.എം.സി ആയി നൽകേണ്ട മുഴുവൻ തുകയും കരാറുകാരന്റെ ലിസ്റ്റ് പ്രകാരം ഒന്നിച്ച് നൽകുകയാണ് ചെയ്തത്. പിന്നീട് ഈ തെരുവ് വിളക്കുകൾ തെളിയാതെ വന്നത് കരാറുകാരൻ പരിഹരിക്കാതിരിക്കുകയും ചെയ്തു. നഗരസഭ സെക്രട്ടറി 25.3.2019 ന് മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ കുറിപ്പിൽ നഗരത്തിലെ മെയിൻ റോഡ്, പത്മപ്രഭാ റോഡ്, എമിലി റോഡ് , മുണ്ടേരി റോഡ് തുടങ്ങി നഗരസഭ പരിധിയിലെ ഭൂരിപക്ഷം തെരുവ് വിളക്കുകളും മാസങ്ങളായി തെളിയുന്നില്ല എന്നും വിവിധ ഹൈമാസ്റ്റ് ലൈറ്റുകൾ രണ്ട് മാസമായി തെളിയുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 29.03.2019ന് കരാറ്കാരന് നൽകിയ കത്തിൽ തെരുവ് വിളക്ക് നന്നാക്കുന്നതിന് കരാറ്കാരനോട് നഗരസഭ അസി.എഞ്ചിനീയർ , സെക്രട്ടറി എന്നിവർ നിർദ്ദേശിച്ചിട്ടും കരാറ്കാരൻ നിർദ്ദേശങ്ങൾ അവഗണിക്കുകയാണ് ചെയ്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് കരാർ ലംഘനാമാണെന്നിരിക്കെ കരാറ്കാരനെതിരെ യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല.

10. കരാറുകാരൻ ടെണ്ടറിനോടൊപ്പം ലൈസൻസ്, പ്രവൃത്തി നടത്തുന്ന തൊഴിലാളികളുടെ ലൈസൻസ്, തൊഴിലാളികളുടെ സുരക്ഷക്കായി എടുത്തിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻ പോളിസിയുടെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

11. മുൻവർഷം 33 ലക്ഷം രൂപയിലധികം എ.എം.സി ആയി നൽകിയിരിക്കെ, തൻവർഷം ടെണ്ടർ നൽകുന്നതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മേൽ സർക്കുലറുകൾ പ്രകാരം 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി വാങ്ങേണ്ടതാണ്. നഗരസഭയുടെ ഇ3- 147/18 പ്രകാരം 150000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകുകയും സെക്രട്ടറി , കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 100000 രൂപയായി കുറവ് ചെയ്യുകയും ചെയ്തു.

12. 2018-19 വർഷത്തെ ടെണ്ടർ സംബന്ധിച്ച് ചില കൗൺസിലർമാർ നൽകിയ വിയോജന കുറിപ്പ് നൽകിയിരുന്നു. പ്രസ്തുത വിയോജന കുറിപ്പിൽ ടെണ്ടറിംഗ് പങ്കെടുത്ത വ്യക്തികൾ അച്ഛനും മകനുമാണെന്നും ആയതിനാൽ റീ-ടെണ്ടർ നടത്തണമെന്നും ആവശ്യപ്പെട്ടിരുന്നും എന്നാൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ കൂടാതെ ടെണ്ടർ നടപടികളിൽ സുതാര്യമല്ലാത്ത നടപടികൾ സ്വീകച്ചതിനാൽ 2018-19 വർഷത്തിൽ വൻതുക അധികമായി ചെലവഴിക്കേണ്ടി വന്നു.

2019-20 വർഷത്തേക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് നഗരസഭ ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയും ആയത് പ്രകാരം നൽകേണ്ട തുകയും 2018-19 വർഷത്തിൽ നൽകിയ തുകയും തമ്മിലുള്ള താരതമ്യം താഴെ ചേർക്കുന്നു.

| ഇനം | 2018-19വർഷത്തിൽ അംഗീകരിച്ച നിരക്ക് | 2019-20 വർഷത്തിൽ അംഗീകരിച്ച നിരക്ക് | അധികമായി നൽകേണ്ടി വന്ന തുക |
|---|---|---|---|
| സിംഗിൾ.സി.എഫ്.എൽ | 2270 | 560 | 1710 |
| ഡബിൾ സി.എഫ്.എൽ | 2460 | 560 | 1900 |
| 36/25wസി.എഫ്.എൽ | 2560 | 560 | 2000 |
| 65wസി.എഫ്.എൽ | 2840 | 560 | 2280 |
| സോഡിയം വേപ്പർ | 4400 | - | നിലവിലില്ല |
| ലോമാസ്റ്റ് | 46060 | 31360 | 14700 |
| ഹൈമാസ്റ്റ് | 68600 | 39200 | 29400 |
| എൽ.ഇ.ലൈറ്റ് | 5510 | 2464 | 3046 |

മേൽ പട്ടികയിൽ നിന്ന് തന്നെ 2019-20 വർഷത്തെ അപേക്ഷിച്ച് 2018-19 വർഷത്തിൽ വൻതുക വാർഷിക മെയിന്റനൻസ് കരാർ ഇനത്തിൽ നഷ്ടമായിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ പുതിയതായി ഒരു എൽ.ഇ.ഡി വിളക്ക് സ്ഥാപിക്കുന്നതിന് 6900 രൂപ മാത്രമാണ് ചെലവഴിക്കുന്നത്. ഇത് നഗരസഭ 17/1/2019 തീയതിൽ കെൽട്രോണുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ നിന്ന് വ്യക്തമാണ്. ഇതിന് മൂന്ന് വർഷത്തെ വാറണ്ടിയും ലഭ്യമാകുന്നു. ഈ സാഹചര്യത്തിലും നഗരസഭ ഒരു വർഷത്തെ മെയിന്റനൻസിനായി 2018-19 വർഷത്തിൽ ചെലവഴിക്കുന്നത് 5510 രൂപയാണ്. പുതിയ എൽ.ഇ.ഡി ലൈറ്റ് 3 വർഷ വാറണ്ടിയോടെ മേൽ നിരക്കിൽ സ്ഥാപിക്കുമ്പോൾ ഒരു വർഷം ചെലവാക്കേണ്ടി വരുന്നത് 2300 രൂപ മാത്രമാണ്. നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാർക്ക് മാത്രമായി

2018-19 വർഷത്തിൽ ടെണ്ടർ ക്ഷണിച്ചതിനാലാണ് ഈ തരത്തിൽ തുക ചെലവഴിക്കേണ്ടി വന്നത്. കരാർ ലഭിച്ച ആൾക്ക് തന്നെ ഇത്തരത്തിൽ രജിസ്ട്രേഷൻ ഇല്ല.

മേൽ അപാകങ്ങൾ നില നിൽക്കുന്ന സാഹചര്യത്തിൽ പദ്ധതിക്കായി തുക ചെലവഴിച്ചത് നഗരസഭ ഫണ്ടിന്റെ ദുരുപയോഗമായ കണക്കാക്കുന്നു. തൻവർഷം ചെലവഴിച്ച 4164987 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരാവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ലൈഫ് ഭവനപദ്ധതി -ഭവനപൂർത്തീകരണം-പട്ടികവർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ നഷ്ടം-611421 രൂപ

മുൻ വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി 2018-19,2019-20 എന്നീ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവന പൂർത്തീകരണത്തിന് ഓരോ ഭവനത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗഡുക്കളായി തുക അനുവദിക്കുയുമാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്).196/2017/ത.സ്വ.ഭ.വ തിയ്യതി 11.10.2017ലെ നിർദ്ദേശം പ്രകാരം ഒരു ഗുണഭോക്താവ് നേരിട്ട് നിർമ്മിക്കുമ്പോൾ ലഭ്യമാകുന്ന തുക മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ. ഇതിൽ നിന്നും തന്നെ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ലാഭ വിഹിതം ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമാണ്. ഈ നിർദ്ദേശം പാലിക്കാതെ എസ്റ്റിമേറ്റുകളിൽ കരാറുകാർക്ക് നൽകുന്ന 15% ലാഭ വിഹിതം ഉൾപ്പെടെ കണക്കാക്കി തുക ഗുണഭോക്താക്കൾക്ക് അനുവദിച്ചത് വഴി സർക്കാരിന് അധിക ചെലവ് വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് നഗരസഭ എൽ.എസ്.ജി.ഡി വിഭാഗത്തിലെ ഓവർസീയറും മേലൊപ്പ് വച്ചിരിക്കുന്നത് മുനിസിപ്പൽ എഞ്ചിനീയറുമാണ്.ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ മൂല്യനിർണ്ണയം എസ്റ്റിമേറ്റിനനുസരിച്ച് നടത്തിയിട്ടില്ല.എസ്റ്റിമേറ്റിലെ ഏതൊക്കെ ഇനങ്ങൾ ചെയ്തു/ചെയ്തില്ല എന്നോ എത്ര അളവ് ചെയ്തു എന്നോ കണക്കാക്കാതെയാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.ഒറ്റ വരിയിൽ നൽകിയ മൂല്യനിർണ്ണയം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ മൂല്യനിർണ്ണയംഎങ്ങനെ , ഏതൊക്കെ പ്രവൃത്തികൾ ചെയ്തതിന്റെ അടിസ്ഥാനമാക്കിയാണ് എന്ന് വ്യക്തമല്ല.എത്ര തറവിസ്തീർണ്ണമുള്ള വീടാണ് പൂർത്തീകരിച്ചത് എന്നും വ്യക്തമല്ല.മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത് കൽപ്പറ്റ നഗരസഭ അസി.എഞ്ചിനീയർ ആണ്.പൂർത്തീകരിച്ച വീടുകൾക്ക് നഗരസഭ കെട്ടിട നമ്പർ നൽകേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമായിരുന്നിട്ടുകൂടി ആയതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 68 വീടുകൾ എഗ്രിമെന്റ് വെച്ചതിൽ 21വീടുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.ബാക്കി വീടുകൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടുമില്ല. 22 വീടുകൾക്ക് മൂല്യനിർണ്ണയസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു അനുവദിച്ചിട്ടുണ്ട്.അവസാനഗഡു അനുവദിച്ചതിൽ കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചതിനാൽ അധികം നൽകിയ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ. മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് പ്രകാരം തുക അനുവദിച്ചതിൽ കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചതിനാൽ അധികം നൽകിയ തുകയുടെ വിവരം

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക( 15% ലാഭ | 15% ലാഭ വിഹിതം ഉൾപ്പെടാതെ തയ്യാറാ | എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യ നിർണ്ണയം/ | തുക നൽകിയ വിവരം | അനുവദിക്കാമായിരുന്ന തുക | വ്യത്യാസം | മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|---|---|---|---|---|---|---|

| | | വിഹിതം ഉൾപ്പടെ) | ക്കേണ്ടി യിരുന്ന എസ്റ്റിമേറ്റ് തുക | (അനുവദിച്ച തുക) | | | | |
|---|---|---|---|---|---|---|---|---|
| 1 | കമല.ജി. പുളിയാർമല കോളനി | 291597 | 253562 | 236683 | 70000-20.03.18<br>30000-30.6.18<br>30000-19.12.18<br>106683-26.3.19 | 205811 | 30872 | 21.03.19 |
| 2 | ശാന്ത കോളിമൂല കോളനി | 167141 | 145340 | 139214 | 80000-20.03.18<br>50000-19.12.18<br>9214-26.03.19 | 121055 | 18159 | 21.03.19 |
| 3 | പുലച്ചി എടപ്പെട്ടി കോളനി | 175814 | 152882 | 175814 | 70000-20.03.18<br>70000-30.06.18<br>35814-25.01.19 | 152882 | 22932 | 19.01.19 |
| 4 | ചന്ദ്രൻ എടപ്പെട്ടി കോളനി | 309476 | 269110 | 309476 | 100000-20.03.18<br>100000-18.06.18<br>50000-06.09.18<br>46584-25.01.19<br>12892-20.07.19 | 269110 | 40366 | 27.05.19 |
| 5 | കല്യാണി എടപ്പെട്ടി കോളനി | 311934 | 271247 | 311934 | 100000-20.03.18<br>100000-30.06.18<br>50000-06.09.18<br>61934-25.01.19 | 271247 | 40687 | 19.01.19 |
| 6 | ഗോപാലൻ എടപ്പെട്ടി കോളനി | 402741 | 350210 | 382050 | 100000-20.03.18<br>100000-30.06.18<br>100000-06.09.18<br>20000-29.11.18<br>62050-26.03.19 | 332217 | 49833 | 21.03.19 |
| 7 | ബാബു.ഇ.വി എടപ്പെട്ടി കോളനി | 309475 | 269109 | 309475 | 100000-20.03.18<br>100000-18.06.18<br>50000-03.09.18<br>59475-25.01.19 | 269109 | 40366 | 19.01.19 |
| 8 | വെളുക്കൻ എടപ്പെട്ടി കോളനി | 309476 | 269110 | 253198 | 100000-20.03.18<br>100000-06.09.18<br>47000-29.11.18<br>6198-26.03.19 | 220172 | 33026 | 21.03.19 |
| 9 | വാസുദേവൻ എടപ്പെട്ടി കോളനി | 309476 | 269110 | 309476 | 100000-20.03.18<br>100000-14.09.18<br>40000-29.11.18<br>69476-04.05.19 | 269110 | 40366 | 09.04.19 |
| 10 | മാണി മുണ്ടേരിപൊയിൽ കോളനി | 311779 | 271112 | 311779 | 100000-16.05.18<br>100000-29.11.18<br>111779-20.03.19 | 271112 | 40667 | 19.01.19 |
| 11 | ചാത്തി തണ്ണിക്കുനി കോളനി | 51000 | 44347 | 51000 | 40000-19.05.18<br>11000-25.01.19 | 44347 | 6653 | 19.01.19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | കൊട്ടി<br>നരിക്കുണ്ട് കോളനി | 122000 | 106086 | 122000 | 80000-11.07.19<br>42000-25.01.19 | 106086 | 15914 | 19.01.19 |
| 13 | ശ്യാമള<br>റാട്ടക്കൊല്ലി കോളനി | 124000 | 107826 | 124000 | 80000-19.05.18<br>44000-25.01.19 | 107826 | 16174 | 19.01.19 |
| 14 | കല്യാണി<br>മാങ്ങവയൽ കോളനി | 131000 | 113913 | 131000 | 100000-19.05.18<br>31000-25.01.19 | 113913 | 17087 | 19.01.19 |
| 15 | മീനാക്ഷി<br>മാങ്ങവയൽ കോളനി | 135000 | 117391 | 135000 | 100000-19.05.18<br>35000-25.01.19 | 117391 | 17609 | 19.01.19 |
| 16 | ശാന്ത<br>റാട്ടക്കൊല്ലി കോളനി | 208000 | 180869 | 186675 | 100000-19.05.18<br>65000-19.12.18<br>21675-26.03.19 | 162326 | 24349 | 21.03.19 |
| 17 | പത്മാവതി<br>റാട്ടക്കൊല്ലി കോളനി | 210000 | 182609 | 210000 | 100000-19.05.18<br>60000-19.12.18<br>19072-26.03.19<br>30928- | 182609 | 27391 | 21.03.19 |
| 18 | ചീര<br>റാട്ടക്കൊല്ലി കോളനി | 215000 | 186957 | 183762 | 100000-<br>19.05.18<br>70000-19.12.18<br>13762-26.03.19 | 159793 | 23969 | 21.03.19 |
| 19 | ലീലകൊളുമ്പൻ<br>മാടക്കുന്ന് കോളന | 147000 | 127826 | 147000 | 80000-975830/ 22.0618<br>67000-<br>25.01.19 | 127826 | 19174 | 19.01.19 |
| 20 | ശാന്ത രാജൻ<br>എടപ്പെട്ടി കോളനി | 400100 | 347913 | 400000 | 100000-22.06.18<br>100000-19.09.18<br>50000-21.01.19<br>150000-04.05.19 | 347826 | 52174 | 09.04.19 |
| 21 | ബാബു<br>മഞ്ഞളാംകൊല്ലി | 121000 | 105217 | 121000 | 80000-30.06.18<br>41000-25.01.19 | 105217 | 15783 | 19.01.19 |
| 22 | ചേട്ടൻ<br>കോവക്കുനി കോളനി | 137000 | 119130 | 137000 | 100000-51800220/22.05.18 | 119130 | 17870 | 19.01.19 |
| ആകെ | | | | | | | 611421 | |

എസ്റ്റിമേറ്റിൽ തന്നെ കരാറുകാരന്റെ ലാഭം ഉൾപ്പെടെയുള്ള എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് നൽകിയ വീടുകൾക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചതിനാൽ അധികം നൽകിയ തുകയാണ് മേലെ കാണിച്ചത്.കരാറുകാരന്റെ ലാഭവിഹിതം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-7 താൽക്കാലിക അനുമതി ലഭിച്ച സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി കാലാവധി നിശ്ചയിക്കാതെയും മാനദണ്ഡം

## പാലിക്കാതെയും ദിവസവേതനത്തിന് ആളുകളെ നിയമിച്ച് അധിക തുക നൽകി.

സ.ഉ(സാധാ)നം.2096/2017/ത.സ്വ.ഭ.വ തീയതി 21.06.2017 പ്രകാരം മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പകർച്ചപ്പനി തടയുന്നതിനുമായും നഗരസഭയുടെ അധികാര പരിധിയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫുകളെയും താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ നിയമിക്കുന്നവർക്ക് എൻ.എച്ച്.എം മാനദണ്ഡങ്ങൾ പ്രകാരമുള്ള വേതന നൽകണമെന്നും നിർകർഷിച്ചിട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ 21.07.2017 ലെ 5-ാം നമ്പർ തീരുമാനത്തിലൂടെ ഒരു ഫാർമസിസ്റ്റിനെ നിയമിക്കുന്നതിന് തീരുമാനിച്ചു. ജനറൽ ആശുപതി സൂപ്രണ്ട് നടത്തിയി കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി. ഒക്ടോബർ 2017 മുതൽ നിലവിലും പ്രസ്തുത തസ്തികയിൽ ജോലിയ ചെയ്യുന്ന വ്യക്തിക്ക് വേതനം നൽകുന്നതിനായി തുക ചെലവഴിച്ച് വരുന്നു. എൻ.എച്ച്.എം മാനദണ്ഡങ്ങൾ പ്രകാരം ഫാർമസിസ്റ്റിന് നൽകാവുന്നത് പ്രതിമാസം 14000 രൂപ നിരക്കിലാണ്. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ വേതനം നൽകിയതിനാൽ 10/2017 മുതൽ 7/18 വരെ ആകെ 85150 രൂപ ആകെ അധികം നൽകിയിട്ടുണ്ട്. 10/17, 11/17 എന്നീ മാസങ്ങളിൽ ഫൗസിയപി.വി. എന്നയാളും തുടർന്ന് അനിത പി.വി. എന്നയാളുമാണ് ജോലി ചെയ്ത് വരുന്നത്. ജനറൽ ആശുപത്രി സൂപ്രണ്ട് നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്. ഫൗസിയ പി.വി. എന്നയാൾക്ക് 13100 രൂപയും അനിത പി.വി എന്നയാൾക്ക് 72050 രൂപയും അധികം നൽകിയിട്ടുണ്ട്. താത്കാലികമായി നിയമിച്ചവർക്ക് നിലവിലും തുടർന്ന് ജോലി നൽകുന്ന രീതിയാണ് നിലവിൽ തുടരുന്നത്. സെക്രട്ടറിയുടെ 4.1.2019 ലെ എ3.4579/13 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി അനിത പി.വി. എന്നയാളുടെ തുടർ മാസങ്ങളിലുള്ള ശമ്പളത്തിൽ നിന്നും പ്രതിമാസം 2000 രൂപ വീതം തിരികെ ഇടാക്കാൻ ഉത്തരവായിട്ടുണ്ട്. താത്കാലിക നിയമനം ഇങ്ങനെ 3 വർഷത്തേക്ക് സെക്രട്ടറി നീട്ടി നൽകിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ ശ്രീമതി ഫൗസിയ.പി.വി ക്ക് അധികം നൽകിയ 13100 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക നൽകിയതിന് ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാത്തതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7തീയതി 29/10/2019 ക്ക് നൽകിയ മറുപടിയിൽ, അനിത.പി.വി എന്നയാളിൽ നിന്നും ഇനി 50000 രൂപ മാത്രമാണ് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫൗസിയ.പി.വി ക്ക് അധികം നൽകിയ 13100 രൂപ തിരികെ ഈടാക്കാൻ നടപടി സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. തിരികെ ലഭിക്കാനുള്ള 63100 രൂപ തുക നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.2019 മുതൽ 21.08.2019 വരെ | .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)എം2-651/19 തീയതി -24/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവധ കേന്ദ്രങ്ങളിലേക്ക് പൈപ്പ് ലൈൻ നീക്കൽ | 103/18-19<br>102/18-19<br>105/18-19 | 55,55,535 | - | 55,55,535 |
| കേരള വാട്ടർ അതോറിറ്റി | വിവധ കേന്ദ്രങ്ങളിലേക്ക് പൈപ്പ് ലൈൻ നീക്കൽ | 165/18-19 | 20,00,000 | - | 20,00,000 |
| കേരള വാട്ടർ അതോറിറ്റി | സ്ലോട്ടർ ഹൌസ് വാട്ടർ കണക്ഷൻ | 317566/ 21.01.2019 | 1,50,000 | | 1,50,000 |
| നാഷണൽ ഹൈവേ | ടൌൺ നവീകരണം | 62/18-19<br>100/18-19<br>101/18-19 | 75,00,000<br>10,00,000<br>15,00,000 | | 95,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ

അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം.എസ് ഭവന പദ്ധതി | ജി.ഒ(എം. എസ്) 207/09 dt:7.11.2009 | 19510000 | 7038750 | 2000000 | - | 5038750 |
| കെ.യു.ഡി.ആർ ഡി.എഫ്. സി | കെ.യു.ഡി.ആർ ഡി.എഫ്. സി/യു.എൽ. ബി /358/ 2012 dt:06.3.2013 | 849600 | 509760 | 84960 | - | 424800 |
| എന്റെ ഗൃഹം | സി.ഡി. എസ് /308/09 dt:17.06.2014 | 41630000 | 34545209 | 2531637 | 4124903 | 32013572 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 26 | 1999-2000 | 4-70(എ) | അധികദൂരം കൺവേയൻസ് ചാർജ്ജിനായി കണക്കാക്കിയതിൽ നഷ്ടം | തടസ്സം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 1998-99 | 40 | 1999-2000 | 4-70(ബി) | മിനി സ്റ്റേഡിയം സ്ഥലം വാങ്ങിയതിൽ ക്രമക്കേടുകൾ | തടസ്സം നിലനിൽക്കുന്നു |
| 1998-99 | 42(b) | 1999-2000 | 4-70(സി) | കൃത്രിമമായി ചെലവ് പെരുപ്പിച്ച് കാണിച്ചു | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 37 | 2001-02 | VI-10(ii) | വസ്തുനികുതി പുനർ നിർണ്ണയം - 1997-98 – അപാകതകൾ - നഷ്ടം 5,664 രൂപ | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 37 | 2001-02 | VI-10(ii) | വസ്തുനികുതി നിർണ്ണയം - കുടിശ്ശിക ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടം | തടസ്സം നിലനിൽക്കുന്നു |
| 99-00 | 34, 18(3) | 2004-05 | 3-12(111) (7)(1) | മരാമത്ത് ബില്ലുകളിൽ അധിക ചെലവ് | തടസ്സം നിലനിൽക്കുന്നു |
| 99-00 | 23(4) | 2004-05 | 3-12(111) (7) (2) | ടാറിംഗ് കരാറുകാർ ലാഭകരമായി തീർപ്പാക്കി | തടസ്സം നിലനിൽക്കുന്നു |
| 2000-01 | 3-9 | 2007-08 | 4.12.1 | ലക്ഷം ഭവന പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ | തടസ്സം നിലനിൽക്കുന്നു |
| 2013-14 | - | 2013-14 | 5.2.14 | സെപ്റ്റ് വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീപങ്കാളികൾ | തടസ്സം നിലനിൽക്കുന്നു |
| 2014-15 | - | 2014-15 | അധ്യായം 2 | നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല | തടസ്സം നിലനിൽക്കുന്നു |
| 2015-16 | 3-19 | 2016-17 | 9.1 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവർത്തനക്ഷമമായില്ല | തടസ്സം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 299010737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 300911420 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4983356 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,59,06,946 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 77000 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| 3-2 | | 244937 | 122468.5/- ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി<br>122468.5/- ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 3281 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4(1) | | 44006 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4(2) | | 19561 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 4164987 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| 3-6 | | 611421 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 63100 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| | | 4983356 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,00,00,000 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(1) | 1,00,000 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(2) | 25,00,000 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30(3) | 20,36,255 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 4,17,881 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 1,23,63,736 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 47,23,375 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-39 | 3,42,500 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| | | |

| | | |
|---|---|---|
| 1-40(1) | 90,805 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40(2) | 2,00,000 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 4,19,997 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| 1-43 | 9,82,943 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| 1-46 | 13,57,382 | ശ്രീമതി ഭവ എം.സി ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-47 | 1,00,000 | ശ്രീമതി ഭവ എം.സി ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-48 | 1,72,072 | ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി |
| 3-4(3) | 1,00,000 | ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3,59,06,946 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-31 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അബ്ദുൾ നാസർ , അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | നെസ്റ്റ് ഹൗസ്, പിണങ്ങോട് , കൽപ്പറ്റ- 673121 |
| ശ്രീ കെ.ജി രവീന്ദ്രൻ , സെക്രട്ടറി | സെക്രട്ടറി , പാനൂർ നഗരസഭ | ശിവകൃപ , വിദ്യാനഗർ , കൽപ്പറ്റ -670121 |
| ശ്രീമതി ഭവ എം.സി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൽപ്പറ്റ നഗരസഭ | നീലാംബരി, ആനോത്ത് , പൊഴുതന പി.ഒ -673575 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 1993-94 | എൽ.എഫ്.ഡബ്ല്യു.ഇ2.181/2009 തീയതി.3.3.09 |
| 1994-95 | എൽ.എഫ്.ഡബ്ല്യു.പി1.633/2008 തീയതി.20.3.09 |
| 1995-96 | എൽ.എഫ്.ഡബ്ല്യു.പി 2.724/2008 തീയതി.15.4.09 |
| 1996-97 | എൽ.എഫ്.ഡബ്ല്യു.ഇ2.204/2009 തീയതി.24.1.09 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യു.ഇ4.278/2013 തീയതി 20/05/2013 |
| 1998-99 | എൽ.എഫ്.ഡബ്ല്യു.ഇ4.278/2013 തീയതി.16.5.13 |
| 1999-00 | എൽ.എഫ്.ഡബ്ല്യു.ഇ4.303/2013 തീയതി.8.7.13 |
| 2000-01 | എൽ.എഫ്.ഡബ്ല്യു.ഇ4.302/2013 തീയതി.8.7.13 |
| 2001-02 | എൽ.എഫ്.ഡബ്ല്യു.ഇ4.604/2013/25.8.14 |
| 2002-03 | എൽ.എഫ്.ഡബ്ല്യു.പി7-.463/2007 തീയതി.18.11.08 |
| 2003-04 | എൽ.എഫ്.ഡബ്ല്യു.ഇ2.759/2009 തീയതി.15.1.10 |
| 2004-05 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.2.1.10 |
| 2005-06 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.11.2.10 |
| 2006-07 | എൽ.എഫ്.ഡബ്ല്യു.ഇ4.473/2013 തീയതി.24.7.13 |
| 2007-08 | എൽ.എഫ്.ഡബ്ല്യു.ഇ2.859/2012 തീയതി.21.11.12 |
| 2008-09 | എൽ.എഫ്.ഡബ്ല്യു.ഇ2.97/2010 തീയതി.2.2.12 |
| 2009-10 | എൽ.എഫ്.ഡബ്ല്യു.ഇ2.858/2012 തീയതി.21.1.13 |
| 2010-11 | എൽ.എഫ്.ഡബ്ല്യു.ഇ2.932/2009 തീയതി.12.5.13 |
| 2011-12 | എൽ.എഫ്.ഡബ്ല്യു.ഇ4.1036/2014 തീയതി.24.3.15 |
| 2012-13 | എൽ.എഫ്.ഡബ്ല്യു.എം1-21/2015 തീയതി.3.5.16 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.866/15/23.8.16 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.426/16/03/12/2019 |
| 2015 -16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2-70/1 തിയ്യതി 7.02.2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2 622/17/31.10.05.2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2 931/18 തിയ്യതി 12/11/2019 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല.വൈ.ഡി.) എം2 -1014/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ, പിൻ 673121

തിയ്യതി : 03/02/2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൽപ്പറ്റ നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം-2 വാർഷിക കണക്കിലെ അപാകതകൾ

ന്യൂനതകളുടെ സംഗ്രഹം

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് പുറപ്പെടുവിച്ച കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2/931/19 തിയ്യതി 28.02.19 ൽ പ്രതിപാദിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ മുൻബാക്കിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58(5) അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് രണ്ട് മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭ 30.07.2019 നാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.

3. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58(4) അനുസരിച്ച് വാർഷിക കണക്കിലെ എല്ലാ തുകകളും പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ ചുവടെ പറഞ്ഞിട്ടുള്ള അക്കൗണ്ടിൽ നീക്കിയിരിപ്പ് സംഖ്യ പൂർണ്ണ സംഖ്യയിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-ഓൺ ഫണ്ട് | 6,85,40,894.78 |
| 2 | ഇന്ത്യൻ ഓവർസീസ് ബാങ്ക് (എം.എഫ്) | 0.10 |

4. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ-എന്നിവ വാർഷികക്കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

5. ചുവടെ പറഞ്ഞിട്ടുള്ള ട്രഷറി/പോസ്റ്റ് ഓഫീസ് അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ഇവയുടെ പാസ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നമ്പർ | വാർഷിക ധനകാര്യ പത്രിക പ്രകാരം 31/03/2019 ലെ നീക്കിയിരിപ്പ് |
|---|---|---|
| i) | പോസ്റ്റ് ഓഫീസ് (എസ്.ബി-97912) | ₹ 21,320 |
| ii) | Treasury-A/C No.186 | ₹ 8,724 |
| iii) | Treasury-A/C No. TPA-50 | ₹2,09,754 |
| iv) | Treasury TPA -107 | ₹1,00,000 |
| v) | Treasury-A/C No.108 | ₹40,02,897 |

6. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റ് തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് അക്കൌണ്ടുകളുടെ നീക്കിയിരിപ്പിൽ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റിൽ B-17 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഫണ്ടുകളുടെ തത്തുല്യ തുക ബാധ്യതയായി B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല ( SSA,IWMP,WGDP,PMAY etc.).

8. മുൻകൂർ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

10. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഇനങ്ങളുടെ കുടിശ്ശിക ഡി.സി.ബി രജിസ്റ്റർ , മറ്റ് വരവുകളുടെ രജിസ്റ്റർ എന്നിവ ( വാടക രജിസ്റ്റർ ഒഴികെ) എഴുതിസൂക്ഷിച്ചിട്ടില്ല.

11. വാർഷിക കണക്കിൽ അക്രൂവൽ ആയി രേഖപ്പടുത്താത്ത ഇനങ്ങളുടെ തുകകൾ I&E അക്കൗണ്ടും R&P സ്റ്റേറ്റുമെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | I&E അക്കൗണ്ട് | R&P സ്റ്റേറ്റുമെന്റ് |
|---|---|---|
| 110100200-Professional Tax Employees | ₹ 1,16,00,507 | ₹1,14,38,807 |
| 110110100- Advertisement Tax | 8,038 | 1,860 |
| 130200100-Rent from Staff Quarters | ₹17,550 | ₹8750 |
| 140200300- Fines | 5,52,614 | 5,52,114 |

12. RP-37 ൽ Sundry Debtors (Receivables) എന്ന ഹെഡിൽ ചെലവ്

രേഖപ്പെടുത്തിയിട്ടുള്ള 15,444/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

13. വാടകയിനത്തിൽ ഷോപ്പിങ്ങ് കോപ്ലക്സ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റും കളക്ഷനും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | | | രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 37,61,564 | 34,32,279 | 3,29,285 | 47,57,643 | 41,12,396 | 6,45,247 |

13. ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക വാടകയിനത്തിൽ 6,22,825രൂപ ലഭിക്കാനുണ്ട് (B 15) എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

15. I&E അക്കൗണ്ടിൽ ആസ്തികൾക്കുള്ള തൻവർഷത്തെ ഡിപ്രീസിയേഷൻ (I-17) ഉൾപ്പെടുത്തിയിട്ടില്ല.

16. പെൻഷൻ ഫണ്ട് (റഗുലർ, കണ്ടിജന്റ്) ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടില്ല.

17. തൊഴിൽ നികുതി, വസ്തു നികുതി കുടിശ്ശിക ഡിമാന്റ്/ഡിമാന്റ് രജിസ്റ്ററുകൾ , കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, കൂടാതെ RP-4,RP-5 എന്നിവയിലെ വരവിനങ്ങളുടെ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

18. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

19. 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ എല്ലാ ചെക്കുകളുടെയും തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി വാർഷിക കണക്കിൽ കാണിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ.നം | അക്കൗണ്ട് നം | ചെക്ക് നം/തിയ്യതി | തുക |
|---|---|---|---|
| 1 | കോർപ്പറേഷൻ ബാങ്ക്- 100256667 | 21301757/13.03.14 | 197 |
| 2 | കേരള ഗ്രാമീൺ ബാങ്ക്- 40205100110893 | 21400547/29.8.14 | 32960 |
| 3 | കോർപ്പറേഷൻ ബാങ്ക്- 1000282024 | 21501530/31.03.16 | 50000 |
| 4 | എസ്.ബി.ഐ (ഓൺ ഫണ്ട്) | 11413900088/31.01.15 | 16131 |
| 5 | എസ്.ബി.ഐ (നെറ്റ് ബാങ്കിംഗ്)-672991623278 | 21500968/02.12.15 | 21141 |

| | | | |
|---|---|---|---|
| 6 | പഞ്ചാബ് നാഷനൽ ബാങ്ക്- 4284000400125282 | 21802029/09.04.18 | 11200 |
| 7 | കോർപ്പറേഷൻ ബാങ്ക്- 100256700 | 21400503/14.08.14 | 169 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്

കൽപ്പറ്റ,
03/02/2020

# അനുബന്ധം -3 വാർഷിക കണക്ക് സംക്ഷിപ്തം

KALPETTA MUNCIPALITY

Income & Expenditure Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 35976515 |
| 130000000 | Rental income from Muncipal Properties | I-3 | 4340025 |
| 140000000 | Fee & User Charges | I-4(b) | 8281243 |
| 150000000 | Sale& Hire Chargrs | I-5(b) | 585573 |
| 160000000 | Revnue Grants, Contributions & Subsidies | I-6 | 269543889 |
| 170000000 | Income from Investments | I-7 | 2100 |
| 171000000 | Interest Earned | I-8 | 3063962 |
| 180000000 | Other Income | I-9 | 200 |
| A | Total - Income | | 321793507 |

| | | | |
|---|---|---|---|
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 45933053 |
| 220000000 | Administrative Expenses | I-11(b) | 10710105 |
| 230000000 | Operations & Maintenance | I-12(b) | 8129696 |
| 240000000 | Interest & Finance charges | I-13 | 8375005 |
| 250000000 | Program Expenses | I-14 | 170160858 |
| 251000000 | Decentralised Plan Programme – Service sector | I-14 | 23669764 |
| 252000000 | Decentralised Plan Programme – Infrastructure sector | I-14 | 29560860 |
| 253000000 | Decentralised Plan Programme – Projects not included in sector Division | I-14 | 1559694 |
| 260000000 | Revnue Grants, Contributions & Subsidies | I-15 | 500000 |
| B | Total Expenditure | | 298599035 |
| C= A-B | Gross Surplus/Deficit of Income over Expenditure | | 23194472 |
| 290000000 | Transfer to Reserve Funds | | |
| | Net balance being surplus/defict carried over to balance sheet (Panchayath Fund) | | 23194472 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

KALPETTA MUNCIPALITY

Audited Receipts & Payments Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 1,47,91,171.88 |
| | Cash | RP-40(a) | 13,74,195 |
| Receipt | | | |
| Operating | | | |
| | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 11440667 |
| 130000000 | Rental income from Panchayat Properties | RP-3 | 569661 |
| 140000000 | Fee & User Charges | RP-4 | 6080743 |
| 150000000 | Sale& Hire Chargrs | RP-5 | 585573 |
| 160000000 | Revnue Grants,Contributions & Subsidies | RP-6 | 137883499 |
| 170000000 | Income from Investments | RP-7 | 2100 |
| 171000000 | Interest Earned | RP-8 | 3060962 |
| 4310000000 | Sundry Debtors ( Receivables ) | RP-37 | 30698227 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 2265434 |
| 320000000 | Grants , Contribution for Specific Purpose | RP-24 | 95077809 |
| 340000000 | Deposits Received | RP-27 | 609841 |
| 350000000 | Other Liabilities | RP-29 | 10645919 |
| 460000000 | Loans , advances and Deposits | RP-41 | 87302 |
| | | | |
| Grand Total | | | 442176103.88 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 7480455 |
| 220000000 | Administrative Expenses | RP-11 | 5115180 |
| 230000000 | Operations & Maintenance | RP-12 | 5816863 |
| 240000000 | Interests and Finance Charges | RP - 13 | 5275 |
| 250000000 | Program Expenses | RP-14 | 110624098 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 28397827 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-46 | 20364110 |
| 253000000 | Decentralised Plan Programme – | RP-47 | 1674937 |

| | | | |
|---|---|---|---|
| | Projects not included sector | | |
| 260000000 | Revnue Grants,Contributions & Subsidies | RP-15 | 500000 |
| 350000000 | Other Liabilities | RP-29 | 17150414 |
| 431000000 | Sundry Debtors ( Receivables ) | RP-37 | 15444 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 2028348 |
| 320000000 | Grants , Contribution for Specific Purpose | RP-24 | 115000 |
| 330000000 | Secured Loans | RP-25 | 8741500 |
| 340000000 | Deposits received | RP-27 | 685443 |
| 350000000 | Other Liabilities | RP-29 | 31445493 |
| 410000000 | Fixed Assets | RP-31 | 21437814 |
| 412000000 | Capital Work in Progress | RP-33 | 37876219 |
| 460000000 | Loans, Advances and Deposits | RP-41 | 1437000 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 139525565.88 |
| Grand total | | | 17391188 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

KALPETTA MUNCIPALITY

BALANCE SHEET

As on 31 March 2019

| Code No. | Description of Items | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Muncipal Fund | B-1 | 250903769.09 |
| 311000000 | Earmarked Funds | B-2 | 51959 |
| 312000000 | Reserves | B-3 | 288918635 |
| | Total Reserve & Surplus 539874363.09 | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 65978059.00 |
| | Totoal Grants, Funds & Contributions for Specific Purposes | | 65978059.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 37477122 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 37477122 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 9542064.99 |
| 350000000 | Other Liabilities | B-9 | 14191524 |
| | Total current Liabilities & Provisions | | 23733589 |
| | TOTAL LIABILITIES | | 667063133 |
| | ASSETS | | |
| | | | |
| | FIXED ASSETS | | |
| 410000000 | Fixed Assets | B-11 | 334363778 |
| 411000000 | Accumulated Depreciation | B-11 | (28978748) |
| 412000000 | Capital Work in progress | B-11 | 198978537 |
| | Total Fixed assets | | 504363567 |
| 420000000 | Investments<br>Investments – General Fund | B-12 | 1000000 |
| | Total | | 10,00,000 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets Loans and Advances | | |
| 430000000 | Stock-in-hand | B-14 | 101120 |
| 431000000 | Sundry Debtore (Receivable) | B-15 | 15525860 |
| 450000000 | Cash and bank balance | B-17 | 1412646+83.88 |
| 460000000 | Loans, Advance and Deposits | B-18 | 4807903 |
| | Total Current Assets, Loans and Advances | | 161699566 |
| | TOTAL ASSETS | | 667063133.88 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

KALPETTA MUNCIPALITY

Income & Expenditure Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 35976515 |
| 130000000 | Rental income from Muncipal Properties | I-3 | 4340025 |
| 140000000 | Fee & User Charges | I-4(b) | 8281243 |
| 150000000 | Sale& Hire Chargrs | I-5(b) | 585573 |
| 160000000 | Revnue Grants, Contributions & Subsidies | I-6 | 269543889 |
| 170000000 | Income from Investments | I-7 | 2100 |
| 171000000 | Interest Earned | I-8 | 3063962 |
| 180000000 | Other Income | I-9 | 200 |
| A | Total - Income | | 321793507 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 45933053 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 10710105 |
| 230000000 | Operations & Maintenance | I-12(b) | 8129696 |
| 240000000 | Interest & Finance charges | I-13 | 8375005 |
| 250000000 | Program Expenses | I-14 | 170160858 |
| 251000000 | Decentralised Plan Programme – Service sector | I-14 | 23669764 |
| 252000000 | Decentralised Plan Programme – Infrastructure sector | I-14 | 29560860 |
| 253000000 | Decentralised Plan Programme – Projects not included in sector Division | I-14 | 1559694 |
| 260000000 | Revnue Grants, Contributions & Subsidies | I-15 | 500000 |
| B | Total Expenditure | | 298599035 |
| C= A-B | Gross Surplus/Deficit of Income over Expenditure | | 23194472 |
| 290000000 | Transfer to Reserve Funds | | |
| | Net balance being surplus/defict carried over to balance sheet (Panchayath Fund) | | 23194472 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

KALPETTA MUNCIPALITY

Audited Receipts & Payments Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 1,47,91,171.88<br>13,74,195 |
| Receipt | | | |
| Operating | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 11440667 |
| 130000000 | Rental income from Panchayat Properties | RP-3 | 569661 |
| 140000000 | Fee & User Charges | RP-4 | 6080743 |
| 150000000 | Sale& Hire Chargrs | RP-5 | 585573 |
| 160000000 | Revnue Grants,Contributions & Subsidies | RP-6 | 137883499 |
| 170000000 | Income from Investments | RP-7 | 2100 |
| 171000000 | Interest Earned | RP-8 | 3060962 |
| 4310000000 | Sundry Debtors ( Receivables ) | RP-37 | 30698227 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 2265434 |
| 320000000 | Grants , Contribution for Specific Purpose | RP-24 | 95077809 |
| 340000000 | Deposits Received | RP-27 | 609841 |
| 350000000 | Other Liabilities | RP-29 | 10645919 |
| 460000000 | Loans , advances and Deposits | RP-41 | 87302 |
| | | | |
| Grand Total | | | 442176103.88 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 7480455 |
| 220000000 | Administrative Expenses | RP-11 | 5115180 |
| 230000000 | Operations & Maintenance | RP-12 | 5816863 |
| 240000000 | Interests and Finance Charges | RP - 13 | 5275 |
| 250000000 | Program Expenses | RP-14 | 110624098 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 28397827 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-46 | 20364110 |
| 253000000 | Decentralised Plan Programme – | RP-47 | 1674937 |

| | | | |
|---|---|---|---|
| | Projects not included sector | | |
| 260000000 | Revnue Grants,Contributions & Subsidies | RP-15 | 500000 |
| 350000000 | Other Liabilities | RP-29 | 17150414 |
| 431000000 | Sundry Debtors ( Receivables ) | RP-37 | 15444 |

| | | | |
|---|---|---|---|
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 2028348 |
| 320000000 | Grants , Contribution for Specific Purpose | RP-24 | 115000 |
| 330000000 | Secured Loans | RP-25 | 8741500 |
| 340000000 | Deposits received | RP-27 | 685443 |
| 350000000 | Other Liabilities | RP-29 | 31445493 |
| 410000000 | Fixed Assets | RP-31 | 21437814 |
| 412000000 | Capital Work in Progress | RP-33 | 37876219 |
| 460000000 | Loans, Advances and Deposits | RP-41 | 1437000 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 139525565.88 |
| Grand total | | | 17391188 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

KALPETTA MUNCIPALITY

BALANCE SHEET

As on 31 March 2019

| Code No. | Description of Items | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |
| | | | |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Muncipal Fund | B-1 | 250903769.09 |
| 311000000 | Earmarked Funds | B-2 | 51959 |
| 312000000 | Reserves | B-3 | 288918635 |
| | Total Reserve & Surplus 539874363.09 | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 65978059.00 |
| | Totoal Grants, Funds & Contributions for Specific Purposes | | 65978059.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 37477122 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 37477122 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 9542064.99 |
| 350000000 | Other Liabilities | B-9 | 14191524 |
| | Total current Liabilities & Provisions | | 23733589 |
| | TOTAL LIABILITIES | | 667063133 |
| | ASSETS | | |
| | | | |
| | FIXED ASSETS | | |
| 410000000 | Fixed Assets | B-11 | 334363778 |
| 411000000 | Accumulated Depreciation | B-11 | (28978748) |
| 412000000 | Capital Work in progress | B-11 | 198978537 |
| | Total Fixed assets | | 504363567 |
| 420000000 | Investments<br>Investments – General Fund | B-12 | 1000000 |
| | Total | | 10,00,000 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets Loans and Advances | | |
| 430000000 | Stock-in-hand | B-14 | 101120 |
| 431000000 | Sundry Debtore (Receivable) | B-15 | 15525860 |
| 450000000 | Cash and bank balance | B-17 | 1412646+83.88 |
| 460000000 | Loans, Advance and Deposits | B-18 | 4807903 |
| | Total Current Assets, Loans and Advances | | 161699566 |
| | TOTAL ASSETS | | 667063133.88 |

Senior Deputy Director,
District Audit Office, Wayanad.

Kalpetta,

# അനുബന്ധം-4 തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരുടെ പട്ടിക

| തൊഴിൽ നികുതി(ജീവനക്കാർ) 2018-19 I,II, VOL-I | | | | |
|---|---|---|---|---|
| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഡിമാന്റ് രജിസ്റ്റർ പേജ് നം. | വാർഡ് |
| 1 | പുളിയാർമല എസ്റ്റേറ്റ് മാനേജർ | I,II | 9 | 2 |
| 2 | ന്യൂ ഇന്ത്യൻ കോഫീ ഹൗസ് | I,II | 159 | 6 |
| 3 | എം.ജി.റ്റി ടൂറിസ്റ്റ് ഹോം | I,II | 159 | 6 |
| 4 | വിഷ്ണുമായ ടൂർസ് ആന്റ് ട്രാവൽസ് | I,II | 165 | 6 |
| 5 | മാനേജർ വിവേക് ഏജൻസീസ് | I,II | 166 | 6 |
| 6 | ശ്രീധർ ഗ്രാഫിക്സ് | I,II | 166 | 6 |
| 7 | മാനേജർ ലക്ഷ്മി ടൂറിസ്റ്റ് ഹോം | I,II | 167 | 6 |
| 8 | എം.ജി.റ്റി ലോഡ്ജ് | I,II | 170 | 6 |
| 9 | ടാജ് ഹോട്ടൽ | I,II | 170 | 6 |
| 10 | കപ്സ് ആന്റ് കേക്സ് | I,II | 171 | 6 |
| 11 | ഊട്ടുപുര | I,II | 172 | 6 |
| 12 | ബി.എസ്.എൻ.എൽ സബ്ഡിവിഷൻ എഞ്ചിനീയറിംഗ് | I,II | 173 | 6 |

| | | | | |
|---|---|---|---|---|
| 13 | ജ്വാല | I,II | 174 | 6 |
| 14 | സീ-മാൾ സൂപ്പർമാർക്കറ്റ് | I,II | 191 | 7 |
| 15 | അലാക്സ് ജോർജ്ജ്- ചപ്പാത്തി | I,II | 194 | 8 |
| 16 | സ്മാർടെക് ഓട്ടോമൊബൈൽസ് ബിബിൻ പി കെ | I,II | 194 | 8 |
| 17 | ശിവ ഓട്ടോ ഡിസ്ട്രിബ്യൂട്ടേഴ്സ് | I,II | 195 | 8 |
| 18 | പി.എസ് ഫ്രൂട്ട്സ് | I,II | 196 | 8 |
| 19 | ചന്ദ്രഗിരി ഓഡിറ്റോറിയം | I,II | 196 | 8 |
| തൊഴിൽ നികുതി(ജീവനക്കാർ) 2018-19 I,II, VOL-II | | | | |
| 20 | അൽജണ്ടോൾ ഹോട്ടൽ | I,II | 4 | 8 |
| 21 | ജനം ടി.വി ബ്യൂറോ | I,II | 6 | 8 |
| 22 | ആപ്പിൾ ബിസിനസ് | I,II | 9 | 8 |
| 23 | പുലവർ ഏജൻസീസ് | I,II | 9 | 8 |
| 24 | ബർമ്മ പ്ലൈവുഡ്സ് | I,II | 10 | 8 |
| 25 | വൈറ്റ് ഫസിലിറ്റി മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | I,II | 16 | 8 |
| 26 | വിജയ ഏജൻസീസ് | I,II | 17 | 8 |
| 27 | ആധാരം എഴുത്ത് ഓഫീസ്- ശാന്തകുമാർ | I,II | 18 | 8 |
| 28 | അലുമിനിയം വേൾഡ്- അബ്ദുൾ ഹാരിസ് | I,II | 18 | 8 |
| 29 | വിന്റ് വാലി റിസോർട്ട് | I,II | 28 | 8 |
| 30 | അനിൽ അസോസ്സിയേറ്റ്സ് | I,II | 32 | 8 |
| 31 | വയനാട് ജില്ലാ അധ്യാപക സംഘം | I,II | 32 | 8 |
| 32 | ട്യൂൺസ് മൊബൈൽസ് | I,II | 35 | 8 |
| 33 | കണ്ണൂർ ഡ്രഗ്ഗ് ലൈൻഫാർമസി | I,II | 36 | 8 |
| 34 | ഗവ.ജീവനക്കാരുടെ സർവ്വീസ് കൺസൽട്ടൻസി | I,II | 37 | 8 |
| 35 | മഹീന്ദ്ര സെക്യൂരിറ്റി ആന്റ് സർവ്വീസ് | I,II | 39 | 8 |
| 36 | പുതുമ ടെക്സ്റ്റൈൽസ് | I,II | 41 | 8 |
| 37 | മാരുതി ചിറ്റ്സ് ഹെഡ്സ് ഓഫീസ് | I,II | 42 | 8 |
| 38 | ജ്യോതി ഹോംസയൻസ് | I,II | 43 | 8 |
| 39 | ദീപ്തി വിഷ്വൽസ് | I,II | 43 | 8 |
| 40 | ടെൽനെറ്റ് അക്കാദമി | I,II | 44 | 8 |
| 41 | റോയൽ പ്ലാസ ഗൂഡല്ലായ് | I,II | 54 | 9 |
| 42 | ഹോട്ടൽ ഫ്രണ്ട്സ് | I,II | 55 | 9 |
| 43 | റേഡിയന്റ് ഹോസ്പിറ്റാലിറ്റി പ്രോഡക്ട്സ് | I,II | 55 | 9 |
| 44 | ഫ്ലക്സ് മാർക്കറ്റിംഗ് ജ്യോതി ഗ്യാസ് ഏജൻസി | I,II | 56 | 9 |
| 45 | കൈരളി അപ്പാർട്ട്മെന്റ്സ് | I,II | 57 | 9 |

| | | | | |
|---|---|---|---|---|
| 46 | ശക്തി പ്രിന്റേഴ്സ് | I,II | 57 | 9 |
| 47 | റോയൽ ഫർണ്ണീച്ചർ | I,II | 57 | 9 |
| 48 | ലിവിംഗ് സ്പൈസസ് ബിനോയ് ആന്റണി | I,II | 58 | 9 |
| 49 | ഡി.ഇ.പി.ഒ മാനേജർ | I,II | 58 | 9 |
| 50 | വയനാട് സ്കെയിൽസ് സർവ്വീസ് | I,II | 59 | 9 |
| 51 | കലവറ മാനേജർ | I,II | 59 | 9 |
| 52 | കൃഷ്ണഹാർഡ് വെയർ | I,II | 60 | 9 |
| 53 | രാജശ്രീ ടൈൽ- ശോഭന എം.എസ് | I,II | 60 | 9 |
| 54 | ഇ-കാർട്ട് ഡെലിവറി | I,II | 60 | 9 |
| 55 | പ്രൊപ്രൈറ്റർ നാഷണൽ ബാങ്കേഴ്സ് | I,II | 61 | 10 |
| 56 | റീജണൽ മാനേജർ സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് | I,II | 67 | 10 |
| 57 | വുഡ്സ് ലാന്റ് ഹോട്ടൽ ടൂറിസ്റ്റ് ഹോം | I,II | 77 | 10 |
| 58 | മാനേജർ എൽസ്റ്റൺ എസ്റ്റേറ്റ് | I,II | 77 | 10 |
